# ഗിരിദീപം

വാല്യം 04 ലക്കം 12 വില 10 രൂപ



YEAR OF ST. JOSEPH

ഡിസംബർ 2021




## നവ സന്യാസിനിമാർ



Sr. Priya Baby MSMI



Sr. Manju Baby MSMI



പൗരോഹിത്യ സുവർണ്ണ
ജൂബിലി ആഘോഷങ്ങളിൽ നിന്ന്...












പൗരോഹിത്യ സുവർണ്ണ
ജൂബിലി ആഘോഷങ്ങളിൽ നിന്ന്...





പൗരോഹിത്യ സുവർണ്ണ
ജൂബിലി ആഘോഷങ്ങളിൽ നിന്ന്...











പൗരോഹിത്യ സുവർണ്ണ
ജൂബിലി ആഘോഷങ്ങളിൽ നിന്ന്...



ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 ഡിസംബർ 2021 ലക്കം 12

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം

1. സർക്കുലർ ബൈബിൾ ഞായർ ........ 09
2. കച്ചേരിക്കാര്യം ........ 14
3. സുവർണ്ണജൂബിലി റിപ്പോർട്ട് ........ 18
4. വിശ്വാസപരിശീലനം ........ 21
5. കുടുംബകൂട്ടായ്മ ........ 28
6. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 30
7. ചെറുപുഷ്പ മിഷൻലീഗ് ........ 34
8. തിരുബാലസഖ്യം ........ 40
9. യുവജനശുശ്രൂഷ ........ 45
10. കുടുംബപ്രേഷിതത്വം ........ 56
11. വിമൽജ്യോതി വാർത്തകൾ ........ 63
12. സാൻജോസ് അക്കാഡമി ........ 65
13. എ.കെ.സി.സി. ........ 67
14. നിർമ്മലഗിരി വാർത്തകൾ ........ 68
15. ഇൻഫാം വാർത്തകൾ ........ 72
16. മദ്യവിരുദ്ധ പ്രസ്ഥാനം ........ 73
17. ADAM ........ 75
18. സാമൂഹ്യസേവനവേദി ........ 76
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 81
20. Programme of the Archbishop Mar George Njaralakatt ........ 85
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിമറ്റം പിതാവ്) ........ 87
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 89
23. Programme of the Auxiliary Bishop Mar Joseph Pamplany ........ 94

Ref: 3592/K-5/KCBC/OL/DS 02.11.2021

# 2021 ഡിസംബർ 19 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വചനം മനുഷ്യനായി അവതരിച്ചതിന്റെ ഓർമ ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി കേരള കത്തോലിക്കാ സഭ ആചരിക്കുന്നു. ഇനിയും നമ്മെ പൂർണമായും വിട്ടകന്നിട്ടില്ലാത്ത മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഈ വർഷവും തിരുപ്പിറവി മഹോത്സവം നാം ആഘോഷിക്കുന്നത്. മരണത്തിന്റെ നിഴലിൽ എന്നോണം കഴിയുന്ന ജനത്തിന് ഇരുളിൽ ജ്വലിക്കുന്ന പ്രകാശമായി (യോഹ 1,5), ആശ്വാസത്തിന്റെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ തൂകി ക്രിസ്തുമസ് വീണ്ടും കടന്നുവരുന്നു. മനുഷ്യനായി അവതരിച്ച ദൈവവചനം സകലജനത്തിനുമുള്ള സദ്വാർത്തയാണ്.

### സകല ജനത്തിനുമുള്ള സദ്വാർത്ത

2023 ഒക്ടോബർ മാസത്തിൽ റോമിൽ നടക്കുന്ന മെത്രാൻസിനഡിന്റെ പതിനാറാം പൊതുസമ്മേളനത്തിന് ആമുഖമായി പ്രസിദ്ധീകരിച്ച ഒരുക്കരേഖ സകലർക്കുമുള്ള സദ്വാർത്തയായ യേശുവിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ജനവിഭാഗങ്ങൾക്കിടയിലേക്കും ഇറങ്ങിച്ചെന്ന യേശു, ദൈവകരുണ 'പക്ഷഭേദമില്ലാതെ' (അപ്പ 10,34) പകർന്നുനല്കുന്നതു നാം കാണുന്നുണ്ട്. ചുങ്കക്കാരനായ ലേവിയുടെയും (മർക്കോ 2,13-17) വിജാതീയയായ കാനാൻകാരിയുടെയും (മത്താ 1,21-28) ഏകാകിനിയായ സമരിയാക്കാരിയുടെയും (യോഹ 4,1-42) രോദനങ്ങൾക്കും നെടുവീർപ്പുകൾക്കും ചെവികൊടുത്ത്, യേശു അവരെ രക്ഷയുടെ തീരത്തേക്ക് കൊണ്ടുവരുന്നു. ഏതു സാമൂഹിക ശ്രേണിയിലുള്ളവരുടെയും നേർക്ക് വാതിലുകൾ തുറന്നിട്ടിരിക്കുന്ന അവിടന്ന്, ദൈവത്തിൽനിന്നകന്ന് ആത്മീയാന്ധകാരത്തിൽ കഴിയുന്നവരെയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലുള്ളവരെയും പ്രത്യേകമായി ദൈവരാജ്യത്തിന്റെ സാഹോദര്യത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. നമ്മുടെ വേദനകളിലും തേങ്ങലുകളിലും ആശ്വാസവും പരാജയങ്ങളിലും തകർച്ചകളിലും ആലംബവുമാണ് ദൈവവചനമാകുന്ന യേശു.

## സദ്വാർത്തയ്ക്കായി കാത്തിരിക്കുന്നവർ

യേശുവിനെ പ്രഘോഷിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, യേശുക്രിസ്തുവാകുന്ന സദ്വാർത്തയ്ക്കായി തന്റെ ഹൃദയം തുറന്ന് കാത്തിരിക്കുന്ന വിജാതീയനായ കൊർണേലിയൂസിനെയും യേശുവിനെ പ്രഘോഷിക്കാനായി താൻ നാളിതുവരെ മുറുകെപ്പിടിച്ചിരുന്ന ചില കാഴ്ചപ്പാടുകൾ തിരുത്തി സ്വയം നവീകരിക്കാൻ തയ്യാറാകുന്ന പത്രോസിനെയും (അപ്പ 10) സിനഡിന്റെ ഒരുക്കരേഖ അവതരിപ്പിക്കുന്നു.

ക്രിസ്തുവിനായി തീക്ഷ്ണമായി ദാഹിക്കുന്നവരുടെ പ്രതിനിധിയാണ് കൊർണേലിയൂസ് എന്ന ശതാധിപൻ. റോമൻ അധിനിവേശ സൈന്യത്തിലെ ഒരു പടത്തലവനായിരുന്നെങ്കിലും നിരന്തരം പ്രാർഥിക്കുന്നവനും ജനത്തിന് വളരെയേറെ ദാനധർമങ്ങൾ ചെയ്യുന്നവനുമായിരുന്നു ഈ വിജാതീയനെന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. ഒരു ദൈവദൂതൻ അവന്റെ ഭവനത്തിലേക്ക് കടന്നുചെന്ന്, ദൈവം അവനെ ശ്രവിച്ചിരിക്കുന്നു എന്നു പറയുമ്പോൾ യേശുവാകുന്ന നിറവിൽ എത്തിച്ചേരാനുള്ള കൃപയാണ് അവനു ലഭിക്കുന്നത്. കർത്താവ് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ തയ്യാറായിരിക്കുന്ന (അപ്പ 10,33) കൊർണേലിയൂസും കുടുംബവും പത്രോസ് അപ്പസ്തോലനിലൂടെ 'സദ്വാർത്ത' സ്വീകരിക്കുന്നതും അതുവഴി അവരുടെ ജീവിതത്തിൽ പുതിയ ചക്രവാളങ്ങൾ തുറക്കുന്നതും നാം പിന്നീട് കാണുന്നുണ്ട്. ദൈവവചനം അതിന്റെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നത്, എല്ലാ ജനഹൃദയങ്ങളിലും അതിന് ഇടം ലഭിക്കുമ്പോഴാണ്. വചനത്തിനായി ദാഹിക്കുന്ന അനേകർ നമ്മുടെ ഇടയിലുണ്ടെന്നും അതിർവരമ്പുകളൊന്നും വചനത്തിനു പ്രതിബന്ധമല്ലെന്നുമുള്ള തിരിച്ചറിവാണ് നമുക്കു വേണ്ടത്. യേശുവിനായി കാത്തിരിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സദ്വാർത്ത എത്തിക്കാനുള്ള ആഹ്വാനം ഈ തിരുപ്പിറവിത്തിരുനാൾ നമുക്കു നല്കുന്നു.

## സദ്വാർത്തയും ആത്മനവീകരണവും

സദ്വാർത്ത പ്രഘോഷിക്കാൻ നാം ഒരുങ്ങേണ്ടതുണ്ട് എന്നു വ്യക്തമാക്കുന്നതാണ് പത്രോസിനുണ്ടാകുന്ന ദർശനം (അപ്പ 10,9–16). വചനവിത്തുകൾ സ്വീകരിക്കാൻ വയലുകൾ സജ്ജമാണെങ്കിലും വിത്തു വിതയ്ക്കുന്നവർ അതിനായി തയ്യാറാകേണ്ടതുണ്ട്. കൊർണേലിയൂസിനെ 'സദ്വാർത്ത' അറിയിക്കാനായി പത്രോസിനെ ദൈവം ഒരുക്കുന്നത് സർവജീവജാലങ്ങളെയും കൊന്നുഭക്ഷിക്കാൻ നിർദേശിക്കുന്ന ഒരു ദർശനവിവരണത്തിലൂടെ അപ്പസ്തോലപ്രവർത്തനങ്ങൾ

അവതരിപ്പിക്കുന്നു. പത്രോസ് ഇവിടെ ആദ്യം നല്കുന്ന മറുപടി ശുഭകരമല്ല: "കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല" (അപ്പ 10,14). ആചാരാനുഷ്ഠാനങ്ങളിൽ പടുത്തുയർത്തിയ മതവിശ്വാസവും മറ്റു ജനവിഭാഗങ്ങളിൽനിന്ന് വേർതിരിക്കപ്പെട്ടവരാണ് തങ്ങൾ എന്ന സാമുദായികബോധവും പരമപ്രധാനമായി കരുതിയ ഇസ്രായേൽ പാരമ്പര്യത്തിൽനിന്ന് പുറത്തുകടക്കാനുള്ള പത്രോസിന്റെ വൈമനസ്യമാണ് ഇവിടെ നാം കാണുന്നത്. ദൈവം പ്രത്യേകം തിരഞ്ഞെടുത്തെന്ന കാരണത്താൽ ഈ സമൂഹത്തിനു പുറത്തുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാതെ, തന്റെതന്നെ ലോകത്തിലേക്കു ചുരുങ്ങിപ്പോകുന്ന പത്രോസിന് സുവിശേഷവത്കരണത്തിന്റെ സാധ്യതകളും വെല്ലുവിളികളും ഈ ദർശനത്തിലൂടെ വെളിപ്പെടുന്നു.

തന്റെ ജീവിതകാഴ്ചപ്പാടുകളിൽ മാറ്റം വരുത്താൻ കർത്താവ് ഒരു ദർശനത്തിലൂടെ നിർദേശം നല്കുന്നതുവഴി സുവിശേഷം സർവജനത്തിനും വേണ്ടിയുള്ളതാണെന്നും അത് അവരിലെത്തിക്കാൻ താൻ കടപ്പെട്ടിരിക്കുന്നുവെന്നും പത്രോസ് തിരിച്ചറിയുന്നു. വിജാതീയനായ കൊർണേലിയൂസിന്റെയും കുടുംബത്തിന്റെയും ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹം തയ്യാറാകുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിലെ പുതിയൊരു ചുവടുവയ്പ്പാണ്. ദൈവദൃഷ്ടിയിൽ ഒരു മനുഷ്യവ്യക്തിയും അസ്പർശ്യനോ അയോഗ്യനോ അല്ല (അപ്പ 10,28). മാത്രമല്ല, അവരുടെയും കാതുകളിൽ സദ്വാർത്ത മുഴങ്ങണമെന്നത് ദൈവഹിതവും ദൈവപദ്ധതിയുമാണ്. അതുകൊണ്ടുതന്നെ ഓരോരുത്തർക്കും ലഭിക്കുന്ന ദൈവത്തിന്റെ പ്രത്യേകമായ തിരഞ്ഞെടുപ്പ് മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാനും ലോകമെങ്ങും സാക്ഷ്യം നല്കാനും വേണ്ടിയുള്ളതാണ്. പത്രോസിനു ലഭിക്കുന്ന ഈ പുതിയ വെളിച്ചമാണ് ആദിമസഭയെ പലസ്തീനയുടെ അതിർത്തികൾക്കപ്പുറത്തേക്കു നയിക്കുന്നതിൽ വലിയ പങ്കുവഹിച്ചത്. വചനത്തിനായി ദാഹിക്കുന്ന കൊർണേലിയൂസിനെപ്പോലെയുള്ളവരുടെ ജീവിതത്തിലേക്ക് സദ്വാർത്തയുമായി പത്രോസിനെപ്പോലെ ധൈര്യപൂർവം കടന്നുചെല്ലാൻ യേശു നമ്മെ ക്ഷണിക്കുന്നു. പക്ഷേ, പത്രോസിനെപ്പോലെ നാം സദ്വാർത്തയാൽ ഒരു ആത്മനവീകരണത്തിനു വിധേയരാകേണ്ടതുണ്ട്. ആഗമനകാലദിനങ്ങൾ നമുക്ക് സുവിശേഷപ്രഘോഷണത്തിനായി സ്വയം ഒരുങ്ങാനുള്ള സമയംകൂടിയാണ്. ദൈവവചനത്തോടുള്ള തുറവ് നമ്മുടെ മുന്നിലുള്ള സാധ്യതയാണെങ്കിൽ, വചനപ്രഘോഷണത്തിനായി ആന്തരികനവീകരണത്തിനുള്ള സന്നദ്ധത നമുക്കുള്ള വെല്ലുവിളിയാണ്.

വചനത്തിനു കാതുകൊടുത്താണ് സഭ സ്വർഗീയജറുസലേം ലക്ഷ്യമാക്കി മുന്നേറുന്നത്. 'ആത്മാവ് പറയുന്നതു കേൾക്കുവിൻ' എന്ന് ക്രിസ്തു സഭകളെ ആഹ്വാനംചെയ്യുന്നത് വെളിപാടിലെ സഭകൾക്കുള്ള കത്തുകളിൽ നാം വായിക്കുന്നു (വെളി 2,7.11.17.29; 3,6.13.22). വഴിയും സത്യവും ജീവനുമായ (യോഹ 4,6) യേശുവിനെ പിഞ്ചെല്ലുന്ന തീർഥാടകയായ സഭയിലെ അംഗങ്ങളായ നമ്മുടെ ഓരോ ചുവടുവയ്പിനും മാർഗദർശിയാണ് സജീവവും എന്നും നവീനവുമായ ദൈവവചനം (ഹെബ്രാ 4,12-13).

## കേരളസഭയും വിശുദ്ധഗ്രന്ഥവും

പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ള കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ സാക്ഷ്യമാണ് ബൈബിൾ മേഖലയിലെ പ്രവർത്തനങ്ങൾ. ബൈബിൾ സഭാസമൂഹത്തിന് സംലഭ്യമാക്കുകയെന്നത് വചനശുശ്രൂഷയിൽ ഏറെ പ്രധാന്യമർഹിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽതന്നെ മലയാളഭാഷയിൽ കത്തോലിക്കാവിവർത്തനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടുതുടങ്ങി. ഇതുവരെ പത്ത് വ്യത്യസ്ത കത്തോലിക്കാ ബൈബിൾപരിഭാഷകൾ കേരളത്തിൽ വെളിച്ചം കണ്ടിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആഭിമുഖ്യത്തിൽ പിഒസി സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചിട്ട് നാല്പത് വർഷം തികയുകയാണ്. കെസിബിസിയുടെ നിർദേശപ്രകാരം ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ആദ്യ പിഒസിപരിഭാഷ ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ മൂലഭാഷകളുമായി ഒത്തുനോക്കി പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. പരിഷ്കരിച്ച പുതിയനിയമം പഠനബൈബിളായി 2020-ൽ പ്രസിദ്ധീകരിച്ചു. പഴയനിയമപരിഷ്കരണം അവസാനഘട്ട ഭാഷാസംശോധനയ്ക്കു വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ബൈബിൾ വിവർത്തക സംഘത്തെയും പിഒസി നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കാം. മൂലഭാഷയോട് ഏറ്റവും അടുത്തുനില്ക്കുന്ന ഈ പുതിയ പതിപ്പ് ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശ്വാസികളെ സഹായിക്കുമെന്നതിൽ സംശയമില്ല.

വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ലോഗോസ് ക്വിസ് ഇത്തവണ കൊറോണയുടെ പശ്ചാത്തലത്തിൽ ഡിസംബർമാസം പതിവിലും വ്യത്യസ്തമായി എളിയ രീതിയിലാണ് നടത്തുന്നത്. പ്രവർത്തനസാധ്യതകൾ പരിമിതമായ ഈ സമയത്തും പല രൂപതകളും ഇടവകകളും ബൈബിൾ ആസ്പദമാക്കി

ക്രിയാത്മകങ്ങളായ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന ബൈബിൾ യുട്യൂബ്‌വീഡിയോകൾ ഓൺലൈൻ ആയി ബൈബിൾ പഠിക്കുന്നവർക്കും ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുക്കുന്നവർക്കും സഹായകമാണ്.

നാം ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 19-ാം തീയതി രാത്രി 7 മുതൽ 8 വരെ 'തിരുവചനമണിക്കൂർ' ആയി നമ്മുടെ എല്ലാ ഇടവകസമൂഹങ്ങളും ആചരിക്കണമെന്ന് താല്പ്പര്യപ്പെടുന്നു. ഇടവകയിലെ കുടുംബങ്ങൾക്കായി നിശ്ചയിച്ചുകൊടുക്കുന്ന സമ്പൂർണബൈബിളിലെ ഭാഗങ്ങൾ എല്ലാ ഭവനങ്ങളിലും ഈ ഒരു മണിക്കൂർ തുടർച്ചയായി വായിച്ചാൽ എല്ലാ ഇടവകകളിലും സമ്പൂർണബൈബിൾ പാരായണം ഒരു മണിക്കൂർകൊണ്ട് പൂർത്തിയാക്കാൻ സാധിക്കും. സൗകര്യപ്പെടുന്ന ഇടവകകൾ അഖണ്ഡബൈബിൾ പാരായണം നേരിട്ടോ, ഓൺലൈൻ ആയോ സംഘടിപ്പിക്കുന്നതും നന്നായിരിക്കും.

ബൈബിൾ ഞായറാഴ്ച നിങ്ങൾ നൽകുന്ന സംഭാവന രൂപതകളുടെയും കെസിബിസിയുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. വചനത്തിൽ ആഴപ്പെട്ട് 'സദ്‌വാർത്തയുടെ' പ്രേഷിതരും സമൂഹത്തിൽ ഐക്യത്തിന്റെ കണ്ണികൾ സുദൃഢമാക്കുന്നവരും ആകാൻ ആഹ്വാനം ചെയ്തുകൊണ്ടും മാംസംധരിച്ച വചനമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർത്ഥിച്ചുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

**NB:** 2021 ഡിസംബർ 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




## 1. നവവൈദികർ

ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി പതിനൊന്ന് ശുശ്രൂഷാമാർ തിരുപ്പട്ടം സ്വീകരിക്കുന്നു. കുന്നോത്ത്, ആലുവ, കോട്ടയം, സത്ന എന്നിവിടങ്ങളിലെ മേജർ സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി തിരുപ്പട്ടസ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കാം. തിരുപ്പട്ട സ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ കൊടുക്കുന്നു.

| പേര് | സ്ഥലം | തീയതി | സമയം |
|---|---|---|---|
| 1. ഐക്കരപ്പറമ്പിൽ ജോസഫ് (ലിഖിൽ) | അരീക്കമല | ഡിസം.27 | 9.00 am |
| 2. കളത്തിൽ തോമസ് (ജിതിൻ) | പടുപ്പ് | ഡിസം.28 | 9.00 am |
| 3. പുതുമന ജോസഫ് (ജോബിൻ) | തോമാപുരം | ഡിസം.29 | 8.30 am |
| 4. മറ്റക്കോട്ടിൽ ആന്റണി (റിഖിൽ) | കുന്നുംകൈ | ഡിസം.29 | 9.30 am |
| 5. മരശ്ശേരിൽ തോമസ് (ജെറിൻ) | നിർമ്മലഗിരി | ഡിസം.30 | 9.00 am |
| 6. വട്ടംകോട്ടേൽ (ജിബിൻ) | മണിക്കടവ് | ഡിസം.30 | 9.00 am |
| 7. കടക്കുഴയിൽ ജൂഡ് (ക്രിസ്) | പുല്ലടി | ഡിസം.31 | 9.00 am |
| 8. പരിയാനിക്കൽ മാത്യു (റോബിൻ) | പുഞ്ച | ജനു. 01 | 9.00 am |
| 9. പന്തല്ലൂപറമ്പിൽ കുര്യാക്കോസ് (ജെറിൻ) | വെളിമാനം | ജനു. 03 | 9.15 am |
| 10. മുണ്ടൻകുന്നേൽ ജോർജ് (ജിബിൻ) | എടൂർ | ജനു.03 | 8.45 am |
| 11. മടപ്പാംതോട്ടുകുന്നേൽ ജോസഫ് (എബിൻ) | ആനമഞ്ഞൾ | ജനു.04 | 9.00 am |

## 2. മംഗളവാർത്തക്കാലം

നമ്മുടെ കർത്താവിന്റെ പിറവിത്തിരുന്നാളിനൊരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 24 വരെ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമുണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.

## 3. കൂരിയാ, ട്രൈബ്യൂണൽ അവധി

ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ 22 മുതൽ 27 വരെ അതിരൂപതാ കൂരിയായ്ക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും.

## 4. ബൈബിൾ ഞായർ

ഡിസംബർ 19-ാം തീയതി ഞായറാഴ്ച കേരളസഭ ബൈബിൾ ഞായറായി ആചരിക്കുന്നു. ബൈബിൾ ഞായർ യുക്തമായ വിധത്തിൽ ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 5. ആഗോള മെത്രാൻ സിനഡ്

2023-ൽ നടക്കുന്ന ആഗോള മെത്രാൻ സിനഡിന്റെ ചർച്ചാവിഷയം സിനഡാലിറ്റി (സൂനഹദോസാത്മകത) എന്നതാണ്. 2021 ഒക്ടോബർ മുതൽ 2022 ഏപ്രിൽ വരെയുള്ള കാലയളവ് പ്രാദേശികസഭയിൽ ഈ വിഷയം പഠിക്കാനും ചർച്ച ചെയ്യാനുമായി മാറ്റി വച്ചിരിക്കുകയാണ്. കുടുംബക്കൂട്ടായ്മകൾ മുതൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ വരെയുള്ള എല്ലാ വേദികളിലും സിനഡ് മാർഗ്ഗരേഖയിൽ അവതരിപ്പിച്ചിരിക്കുന്ന സിനഡാലിറ്റി എന്ന ആശയം പഠിക്കുകയും ചർച്ചചെയ്യുകയും വേണം. അതിനുള്ള കർമ്മ പദ്ധതി താമസിയാതെ അറിയിക്കുന്നതാണ്.

## 6. സ്നേഹസ്മൃതി

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

*Venerabili Fratri*

GEORGIO NJARALAKATT

*Archiepiscopo Metropolitae Tellicherriensi*

*aureum ordinationis presbyteralis iubilaeum celebranti, diligentem navitatem pastoralem studiose exercitam gratulamur ac probatam sollicitudinem, qua, Patris corde, populi Dei custos fieri voluit, promptam operam impendens pro Evangelio et bono Ecclesiae ac benignitatis Iesu erga universum gregem praebens exemplum. Cui dum optima quaeque ominamur animi, sanctis Ioseph, sponso Beatae Mariae Virginis, et Thoma, apostolo, intercedentibus, Apostolicam Nostram Benedictionem ei eiusque clero, fidelibus et propinquis libentes impertimur, preces pro Nostro Petrino ministerio expostulantes.*

*Datum Romae, Laterani, die XII mensis Octobris, anno MMXXI.*

---

ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിനെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ അറിയിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ നല്കിയ സന്ദേശം.

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 1188 / 2021 5 November 2021

Dear Archbishops and Bishops,

The organizers of Fiat Mission has written to me expressing their desire to collect the Taksa and the Qurbana text for the faithful which are being used up to now, from the eparchial centres, religious houses and parishes, for the purpose of printing Bible and freely distributing in the mission areas. As you know the Fiat mission is actively involved in this mission since many years and they are doing it excellently well.

Since the revised version of our Qurbana Text will be in use from 28 November this year, the old text could thus be fruitfully converted for a noble cause. Therefore, I request you to donate them to the Fiat Mission when they contact you. It would be great if you could pass this information on to the parish priests and religious communities of your eparchy.

The following is the contact details of Fiat Mission

Email: jmolickam@gmail.com

Phone: 9020353035

Yours cordially in Christ

Cardinal George Alencherry
Major Archbishop of the Syro-Malabar Church

The Syro Malabar Major Archiepiscopal Curia
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi-682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax (0484) 2422727,
E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം റിപ്പോർട്ട്

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലി 2021 ഒക്ടോബർ 30–ന് തലശ്ശേരിയിൽ വച്ച് പ്രൗഢഗംഭീരമായി ആഘോഷിച്ചു. തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബ്ബാനയും സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ ജൂബിലി സമ്മേളനവും നടന്നു.

2021 ഒക്ടോബർ 30 രാവിലെ 8.45ന് കത്തീഡ്രൽ ദൈവാലയത്തിന്റെ മോണ്ടളത്തിൽ വിശുദ്ധ കുർബ്ബാനയ്ക്ക് ഒരുക്കമായുള്ള പ്രദക്ഷിണം ആരംഭിച്ചു. ബൽത്തംഗടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവ് ആമുഖ സന്ദേശം നല്കി. സീറോ–മലബാർ സഭാ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി പിതാവ് വിശുദ്ധ കുർബാനയ്ക്ക് തുടക്കം കുറിച്ചു. തുടർന്ന് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ വി. കുർബ്ബാനയിൽ ആർച്ചുബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, ആർച്ചുബിഷപ്പ് മാർ ജോർജ് വലിയമറ്റം, മാർ ലോറൻസ് മുക്കുഴി, ബിഷപ്പ് വർഗീസ് ചക്കാലയ്ക്കൽ, മാർ ജോസ് പൊരുന്നേടം, മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ, മാർ ജോസഫ് അരുമച്ചാടത്ത്, മാർ ജോസഫ് പണ്ടാരശ്ശേരിൽ, ബിഷപ്പ് അലക്സ് വടക്കുംതല, ബിഷപ്പ് ജോസഫ് മാർ തോമസ് എന്നീ പിതാക്കന്മാരും വിവിധ രൂപതകളിൽ നിന്നുള്ള വികാരിജനറാൾമാരും വൈദികരും സഹകാർമ്മികരായിരുന്നു. വി. കുർബാനമദ്ധ്യേ ആർച്ചുബിഷപ് മാർ ജേക്കബ് തൂങ്കുഴി വചനസന്ദേശം നല്കി.

കൃത്യം 11 മണിക്ക് ജൂബിലി സമ്മേളനം ആരംഭിച്ചു. കത്തീഡ്രൽ ഗായകസംഘം ആലപിച്ച പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭിച്ചു. മാർ ജോസഫ് പാംപ്ലാനി സ്വാഗതം ആശംസിച്ചു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ദീപംകൊളുത്തി യോഗം ഉദ്ഘാടനം ചെയ്തു.

പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന മാർ ജോർജ് ഞറളക്കാട്ട് ഒരേ സമയം ആത്മീയവും ഭൗതികവുമായ

മേഖലകളിൽ നേതൃത്വം നൽകുകയും കർഷകരുടെയും ദുരിതം അനുഭവിക്കുന്നവരുടെയും ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്ത മാതൃകാ വ്യക്തിത്വം ആയിരുന്നെന്ന് ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്ന സമയം ആണിത്. മാർ ഞറളക്കാട്ടിന്റെയും ക്രൈസ്തവ സഭയുടെയും ലക്ഷ്യം കർഷകരുടെ ഉന്നമനം ആണ്. കേരള സർക്കാരിന്റെയും ലക്ഷ്യം ഇതാണ്. കപട പരിസ്ഥിതിവാദം ഉയർത്തുന്ന ഭീഷണികൾ ഒരു ഭാഗത്തുന്നു ണ്ടെന്നതും നാം ജാഗ്രതയോടെ കാണേണ്ടതുണ്ട്. മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

നിഷ്കപടനായ ഒരു യഥാർഥ ക്രിസ്തു ശിഷ്യനാണ് തലശ്ശേരി ആർച്ച് ബിഷപ് മാർ ജോർജ് ഞറളക്കാട്ട് എന്നു സീറോ മലബാർ സഭ അധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. സുവർണ ജൂബിലി ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു മേജർ ആർച്ചുബിഷപ്പ്. കർത്താവ് ഏറ്റവും രൂക്ഷമായി വിമർശിച്ചിരുന്നത് കാപട്യത്തെ ആണ്. കപടത മുഖമുദ്ര ആക്കിയ ഫരിസേയരോടു ഈശോ പറഞ്ഞതു കപട നാട്യക്കാരേ നിങ്ങൾക്കു ദുരിതം എന്നാണ്. യാതൊരു കപടതയും ഇല്ലാതെ നിലപാടുകളോടെ സഭാ സേവനം നടത്താനായ പിതാവാണ് മാർ ഞറളക്കാട്ട്. സഭാ ശുശ്രൂഷകർ പ്രലോഭനങ്ങളെ അതിജീവിക്കാൻ സദാ ജാഗരൂകരാ യിരിക്കണം. സിബിസിഐയുടെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ ഉൾപ്പെടെ സഭാ നേതൃത്വത്തിലും മികവുറ്റ സാന്നിധ്യമായ മാർ ജോർജ് ഞറളക്കാട്ട് അജപാലകർക്ക് ഉത്തമ മാതൃകയാണെന്നും കർദിനാൾ പറഞ്ഞു.

ആഗോള സമാധാനം ഉറപ്പാക്കുന്നതിൽ ഏറ്റവും പ്രധാന പങ്കു വഹിക്കുന്ന കത്തോലിക്ക സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ യുമായി ഇന്ത്യയുടെ പ്രധാന മന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തുന്ന അതേ സമയം തന്നെ ഏവർക്കും മാതൃകയായ മാർ ജോർജ് ഞറളക്കാട്ടിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കാൻ സാധിക്കുന്നതിൽ ചാരിതാർഥ്യം ഉണ്ടെന്നു കേന്ദ്ര വിദേശകാര്യ–പാർലമെന്ററി കാര്യ സഹമന്ത്രി വി. മുരളീധരൻ പറഞ്ഞു. ജൂബിലി സ്മാരക പദ്ധതിയായ എയ്ഞ്ചൽ ഡയാലിസിസ് സഹായ പദ്ധതി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്ന അദ്ദേഹം.

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി സ്മാരക 500–ാമത് ഭവനത്തിന്റെ താക്കോൽദാനം കെ. മുരളീധരൻ എംപി നടത്തി. സെന്റ് ജോസഫ്സ്

ആശുപത്രി രാജ്മോഹൻ ഉണ്ണിത്താൻ എംപിയും ജൂബിലി സ്മാരക സൗജന്യ കണ്ണട വിതരണം - ജൂബിലി ദർശനം പദ്ധതി തലശ്ശേരി ആർച്ച്ബിഷപ് എമിരറ്റസ് മാർ ജോർജ് വലിയമറ്റവും ഉദ്ഘാടനം ചെയ്തു. ജൂബിലി സ്മരണിക കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ പ്രകാശനം ചെയ്തു.

യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് മുനവറലി ശിഹാബ്തങ്ങൾ മുഖ്യാഥിയായി. എംഎൽഎമാരായ എ.എൻ. ഷംസീർ, സണ്ണി ജോസഫ്, സജീവ് ജോസഫ്, വികാരി ജനറൽ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, തലശ്ശേരി നഗരസഭ അധ്യക്ഷ കെ.എം.ജമുനറാണി ടീച്ചർ, എംഎസ്എംഐ സന്യാസിനി സമൂഹം പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ആൻസി മാത്യു, തലശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ എന്നിവർ ആശംസകൾ നേർന്നു. ആർച്ചുബിഷപ് മാർ ജോർജ് ഞറളക്കാട്ട് മറുപടി പ്രസംഗം നടത്തി. വികാരി ജനറൽ മോൺ. അലക്സ് താരാമംഗലം നന്ദി പറഞ്ഞു. കത്തീഡ്രൽ ഗായകസംഘം ആശംസാഗാനം ആലപിച്ചു.

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ-തിരുപ്പിറവിയുടെ ഓർമ്മകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്തുമസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

## 1. മതാധ്യാപകദിനാഘോഷങ്ങൾ

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുന്നാൾ നവംബർ 7 ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും സമുചിതമായി നടത്തി. മതാധ്യാപകദിനത്തിൽ വിശ്വാസ പരിശീലകരെ ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും കുട്ടികൾക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി. അതിരൂപതാ തലത്തിലുള്ള മതാധ്യാപകദിനാഘോഷങ്ങൾ ഡയറക്ടറച്ചൻ രാജമുടി ഇടവകയിലും അസി. ഡയറക്ടറച്ചൻ തയ്യേനി ഇടവകയിലും വച്ചു നടത്തി.

## 2. ക്രിസ്തുമസ് പരീക്ഷ ഡിസംബർ 19

ഈ വർഷത്തെ ക്രിസ്തുമസ് പരീക്ഷ ഡിസംബർ 19 ഞായറാഴ്ച കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സൺഡേ സ്കൂളിൽവെച്ച് നടത്തുന്നതാണ്.

### A. പരീക്ഷയുടെ സമയക്രമവും പഠിക്കേണ്ട പാഠഭാഗങ്ങളും

#### a. പരീക്ഷയുടെ സമയക്രമം

i ക്ലാസ് 1-6: ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെ.

ii ക്ലാസ് 7-12: ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണിവരെ.

#### b. പാഠപുസ്തകം

എല്ലാ ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നുള്ള ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് ഉണ്ടാവുക.

**c. ഉപപാഠം**

| | |
|---|---|
| ക്ലാസ്സ് 1, 2, 3 | 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ്സ് 4, 5, 6, 7 | 1, 2 അദ്ധ്യായങ്ങൾ |
| ക്ലാസ്സ് 8 | 1 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ്സ് 9 | 1, 2 അദ്ധ്യായങ്ങൾ |
| ക്ലാസ്സ് 10 | ഭാഗം 1 – 1 മുതൽ 5 വരെയുള്ള അദ്ധ്യായങ്ങൾ |
| ക്ലാസ്സ് 11 | 1, 2 അദ്ധ്യായങ്ങൾ |
| ക്ലാസ്സ് 12 | 7 മുതൽ 24 വരെയുള്ള പേജുകൾ |

**d. ജനറൽ ചോദ്യങ്ങൾ**

ക്രിസ്തുമസ് പരീക്ഷയ്ക്ക് 5 മാർക്കിന്റെ ജനറൽ ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യങ്ങൾ ഡിസംബർ 6 ഞായറാഴ്ച വാട്സ്ആപ്പ് ഗ്രൂപ്പ് വഴി നൽകുന്നതാണ്.

**e. നമസ്ക്കാരം**

നമസ്ക്കാരങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. സാധ്യതാചോദ്യങ്ങൾ ഡിസംബർ 6 ഞായറാഴ്ച നൽകുന്നതാണ്.

**B. മാർക്ക്‌വിഭജനം**

| പാഠഭാഗം | മാർക്ക് |
|---|---|
| പാഠപുസ്തകം | 50 |
| ഉപപാഠം | 10 |
| നമസ്ക്കാരം | 5 |
| ജനറൽ ചോദ്യങ്ങൾ | 5 |
| അഭ്യന്തര മൂല്യനിർണ്ണയം | 30 |

**C. അഭ്യന്തര മൂല്യനിർണ്ണയം (Internal Assessment)**

i. ദൈവാലയത്തിലോ, ഓൺലൈനിലൂടെയോ ഉള്ള ബലിയർപ്പണത്തിലും ദിവ്യകാരുണ്യ സ്വീകരണത്തിലും കുട്ടിയുടെ പങ്കാളിത്തം (5 മാർക്ക്).

ii. ഓൺലൈൻ (രക്ഷയുടെ പാതയിൽ) വിശ്വാസപരിശീലന ക്ലാസ്സുകളിലും ക്ലാസ്സ്ടീച്ചേഴ്സ് നൽകിയ ക്ലാസ്സുകളിലും (Google Meet, Whats App, Zoom, Teachmint etc.) റഗുലർ ക്ലാസ്സുകളിലും ഗൃഹപാഠങ്ങളിലും കുട്ടിയുടെ പങ്കാളിത്തം (10 മാർക്ക്).

iii. രൂപതയിലെ വിവിധ സംഘടനകളിൽ നിന്നോ ഇടവകാതലത്തിലോ നടത്തിയ വിവിധ ഓൺലൈൻ പ്രോഗ്രാമുകളിൽ കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

**iv**. എട്ടു മുതൽ പന്ത്രണ്ട്വരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കിയ മോഡൽ പരീക്ഷ കളിലും വിവിധ ആക്റ്റിവിറ്റികളിലും കുട്ടികളുടെ ഭാഗഭാഗിത്വം (10 മാർക്ക്).

**NB:** ആവശ്യമെങ്കിൽ സൺഡേസ്കൂൾ തലത്തിൽ ഇന്റേണൽ അസ്സെസ് മെന്റിന് മറ്റു മാനദണ്ഡങ്ങളും സ്വീകരിക്കാവുന്നതാണ്.

## D. പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ

**i**. ഡിസംബർ 19 ഞായറാഴ്ച രാവിലെ 11 മണി മുതൽ 1 മണിവരെയുള്ള സമയത്ത് 1 മുതൽ 6 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണിവരെയുള്ള സമയത്ത് 7 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും പരീക്ഷ നടത്തുന്നതാണ്.

**ii**. വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്ന സമയം എല്ലാ സൺഡേസ്കൂളുകളും നിർബന്ധമായും പാലിക്കേണ്ടതാണ്. പരീക്ഷ നേരത്തെ നടത്തുവാൻ പാടുള്ളതല്ല.

**iii**. ചോദ്യപേപ്പർ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതായിരിക്കും.

**iv**. വിശ്വാസപരിശീലനകേന്ദ്രം ഓരോ അധ്യായം കഴിഞ്ഞപ്പോൾ തയ്യാറാക്കി നൽകിയ മോഡൽ പരീക്ഷയിൽ നിന്നുള്ള ചോദ്യങ്ങളും ബോധ്യം, മനോഭാവം, ശീലം എന്നിവയിൽ നിന്നുള്ള ചോദ്യങ്ങളും പരീക്ഷയ്ക്കുണ്ടായിരിക്കും.

**v**. പരീക്ഷ കഴിഞ്ഞ് രണ്ടാഴ്ചക്കുള്ളിൽ (സാധിക്കുമെങ്കിൽ ഒരാഴ്ചക്കുള്ളിൽ) ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം നടത്തി കുട്ടികളെ അറിയിക്കണം.

**vi**. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് 70 മാർക്കിന്റെ വാചികപരീക്ഷ (Oral Exam) ആയിരിക്കും. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്ന ചോദ്യങ്ങൾ അധ്യാപകർ/മാതാപിതാക്കൾ കുട്ടികളോട് ചോദിക്കുക.

**vii**. രണ്ട്, മൂന്ന് ക്ലാസ്സുകളിലെ കുട്ടികൾക്ക് എഴുത്തുപരീക്ഷയായിരിക്കും. എഴുതുവാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് വാചികപരീക്ഷ (Oral Exam) നടത്താവുന്നതാണ്.

**viii**. ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്ന കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷ നടത്തേണ്ടതാണ്.

**ix**. ക്രിസ്തുമസ്പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ വിശ്വാസപരിശീലകർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ചെയ്യേണ്ടതാണ്.

### 3. ഡിപ്ലോമ പരീക്ഷ (ക്ലാസ് XII)

പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷ 2022 ജനുവരി 26 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 4. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ ഇതുവരെയും എത്തിക്കാത്തവർ **ഡിസംബർ 10-നുള്ളിൽ** എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അസൈൻമെന്റുകൾ പരിഗണിക്കുന്നതല്ല.

### 5. റെഗുലർ സൺഡേ ക്ലാസ്സുകൾ

അതിരൂപതയിലെ 70% സൺഡേസ്കൂളുകളിലും 1 മുതൽ 12വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ റഗുലർ സൺഡേ ക്ലാസ്സുകൾ ആരംഭിച്ചു. ബാക്കിയുള്ള സൺഡേസ്കൂളുകൾ ക്ലാസുകൾ ഡിസംബർ മാസത്തിൽ തന്നെ ആരംഭിക്കുമല്ലോ. ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിശ്വാസപരിശീലന ക്ലാസുകൾ എപ്രകാരം ക്രമീകരിക്കുവാൻ സാധിക്കുമെന്ന് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി തീരുമാനിക്കുമല്ലോ.

### 6. ഡിസംബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ഡിസംബറിലെ ആദ്യത്തെ രണ്ട് ഞായറാഴ്ചകളിൽ (5, 12) ഉപപാഠപുസ്തകത്തിന്റെ ക്ലാസുകളായിരിക്കും യൂട്യൂബ് ചാനൽവഴി നൽകുക. ക്രിസ്തുമസ് പരീക്ഷയ്ക്കുശേഷം പാഠപുസ്തകത്തിന്റെ ക്ലാസുകളുടെ സംപ്രേഷണം പുനരാരംഭിക്കുന്നതാണ്.

### 7. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ഡിസംബർ 12 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ക്രിസ്തുമസ്പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 8. വെബിനാർ - ഫൊറോനകളിൽ

ഫൊറോനകളിൽ എല്ലാ വിശ്വാസപിശീലകരെയും ഉൾപ്പെടുത്തികൊണ്ട് ഒന്നരമണിക്കൂർ ദൈർഘ്യമുള്ള വെബിനാർ സംഘടിപ്പിക്കണം. ആനുകാലിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകൾ വിശ്വാസപരിശീലകർക്ക് നൽകണം. വെബിനാറിന്റെ തീയതിയും സമയവും ബഹു. ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് ഫൊറോന പ്രസിഡന്റും ടീം അംഗങ്ങളും തീരുമാനിക്കേണ്ടതാണ്.

## 9. വെബിനാർ – അഭിനന്ദനങ്ങൾ

നെല്ലിക്കാംപൊയിൽ, മേരിഗിരി, ചെറുപുഴ, തോമാപുരം എന്നീ ഫൊറോനകളിൽ വിശ്വാസപരിശീലകർക്കുവേണ്ടി വെബിനാർ സംഘടിപ്പിച്ചു. വെബിനാറിന് നേതൃത്വം നൽകിയ ബഹു. ഫൊറോന വികാരിമാർക്കും, ഫൊറോന പ്രസിഡണ്ട്, സെക്രട്ടറി, പ്രധാനാധ്യാപകർ എന്നിവർക്കും വെബിനാറിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 10. ദൈവശാസ്ത്രകോഴ്സ്

വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന ദൈവശാസ്ത്രകോഴ്സിന്റെ ആദ്യസെമസ്റ്ററിലെ ക്ലാസ്സുകൾ അവസാനിച്ചു. പരീക്ഷകൾ നടന്നുവരുന്നു. കോഴ്സ് സംബന്ധമായ സംശയനിവാരണത്തിന് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ വിളിക്കേണ്ടതാണ്. (9495947807, 7559897792, 8086312826).

## 11. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകൾക്കും ഓഫീസ് ഉണ്ടായിരിക്കണം. ഓഫീസ് റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കണം.

## 12. ASPCT പരീക്ഷ – ഡിസംബർ 5 ഞായർ

വിശ്വാസപരിശീലകർക്ക് ഈ വർഷം പഠിക്കാനുള്ള "**ആരാണ് നിങ്ങളുടെ ദൈവം**" എന്ന പുസ്തകത്തിന്റെ രണ്ടാമത്തെ അദ്ധ്യായത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ ഡിസംബർ 5 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 30 മുതൽ 49 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡമാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

h. ഒന്നാം അദ്ധ്യാത്തിന്റെ പരീക്ഷ എഴുതാൻ സാധിക്കാതിരുന്നവർക്കും രണ്ടാം അദ്ധ്യായത്തിന്റെ പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

## 13. ASPCT പരീക്ഷ – നന്ദി

"ആരാണ് നിങ്ങളുടെ ദൈവം" എന്ന പുസ്തകത്തിന്റെ ഒന്നാമത്തെ അദ്ധ്യായം ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് നവംബർ 14 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തിയ ഓൺലൈൻ പരീക്ഷയിൽ 2029 വിശ്വാസപരിശീലകർ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 14. അധ്യാപകരുടെ ഓൺലൈൻ മീറ്റിംഗ് – നന്ദി

വിശ്വാസപരിശീലനകേന്ദ്രം ഈ വർഷം തയ്യാറാക്കിയ ഉപപാഠപുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനുവേണ്ടി 1, 2, 3 ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി. പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

## 15. മോഡൽ പരീക്ഷ – നന്ദി

1 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കി കുട്ടികൾക്ക് വിശ്വാസപരിശീലനകേന്ദ്രം മോഡൽ പരീക്ഷ നടത്തി. ചോദ്യപേപ്പർ തയ്യാറാക്കാൻ സഹായിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

## 16. സ്നേഹവീട് – ഭവനപദ്ധതി

താഴെ പേര് നല്കിയിരിക്കുന്ന സൺഡേസ്കൂളുകൾ ഒക്ടോബർ മാസത്തിൽ സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്. സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഇനിയും തുക നല്കാത്തവർ നവംബർ മാസത്തിൽ തന്നെ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ.

**സംഭാവന നൽകിയ സൺഡേ സ്കൂളുകൾ**

| | | | |
|---|---|---|---|
| പനത്തടി | – 13000.00 | കരിക്കോട്ടക്കരി | – 22500.00 |
| ഇരിട്ടി | – 1000.00 | കീഴ്പ്പള്ളി | – 5000.00 |
| എടക്കാനം | – 2000.00 | പാണത്തൂർ | – 2500.00 |
| മാലോം | – 7000.00 | പാടിയോട്ടുചാൽ | – 2000.00 |
| പാലാവയൽ | – 15000.00 | ചട്ടമല | – 3000.00 |

## 17. രാജത്വത്തിരുനാൾ – നന്ദി

മിശിഹായുടെ രാജത്വത്തിരുനാൾ എല്ലാ സൺഡേസ്കൂളുകളിലും വളരെ ആഘോഷപൂർവ്വം നടത്തി. അതിരൂപതാതല ആഘോഷങ്ങൾ പാലത്തിൻകടവ്, ചരൾ എന്നീ ഇടവകകളിൽ വച്ചു നടത്തി.

## 18. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി

നവംബർ 16, 17, 18 തീയതികളിൽ 16 ഫൊറോനകളിലും പ്രധാനധ്യാപകരുടെ മീറ്റിംഗ് ഡയറക്ടറച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഇടവകകളിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

## 19. ഉപപാഠപുസ്തക വിതരണം

നവംബർ 16, 17, 18 തീയതികളിൽ 16 ഫൊറോനകളിലും ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലെ ഉപപാഠ പുസ്തകങ്ങളുടെ വിതരണം നടത്തി. വിതരണത്തിന് സഹകരിച്ച എല്ലാ ബഹു. ഫൊറോന വികാരിയച്ചൻമാർക്കും പ്രധാനധ്യാപകർക്കും നന്ദി.

## 20. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021-22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 21. ഡയറക്ടറച്ചന്മാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ദീപഗിരി, പാലത്തിൻകടവ്, കോളയാട് എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ബിരിക്കുളം, വെള്ളരിയാനം, ചരൾ, ഒറ്റത്തൈ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത
## FAMILY RENEWAL UNITS IN THALASSERY (FRUITS)

അനുഗ്രഹീതമായ ക്രിസ്തുമസിന് ഒരുക്കമായ നോമ്പ് കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. നല്ലൊരു നോമ്പ്കാലം ഏവർക്കും ആശംസിക്കുന്നു.

കോവിഡിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് ലോകവും നമ്മുടെ നാടും മുക്തി പ്രാപിച്ച് സാധാരണ നിലയിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. കോവിഡ് കാലത്ത് സംഭവിച്ച വിശ്വാസ മാന്ദ്യത്തെയും അകൽച്ചയെയും മറികടക്കുവാൻ തീക്ഷ്ണതയേറിയ പ്രവർത്തനങ്ങൾ ആവശ്യമാണ്.

"അതിനാൽ തളർന്ന കൈകളെയും ബലമില്ലാത്ത കാൽമുട്ടുകളെയും ശക്തിപ്പെടുത്തുവിൻ. മുടന്തുള്ള പാദങ്ങൾ സന്ധി വിട്ട് ഇടറിപ്പോകാതെ സുഖപ്പെടാൻ തക്കവിധം അവയ്ക്ക് നേർവഴി ഒരുക്കുവിൻ."
(ഹെബ്രായർ 12:12)

**ചില നല്ല നിർദ്ദേശങ്ങൾ പങ്കുവെയ്ക്കുന്നു**

1. ആദ്യ കാലഘട്ടങ്ങളിലേതുപോലെ കുടുംബ കൂട്ടായ്മകൾ ഡിസംബർ മാസത്തിൽ നടത്തുക. ഒരു ഭവനത്തിൽ (കഴിയുമെങ്കിൽ പ്രസിഡണ്ടിന്റെ) എല്ലാവരും വൈകുന്നേരം ഒന്നിച്ച് ചേരട്ടെ.

   പ്രാർത്ഥന, മീറ്റിംഗ്, റിപ്പോർട്ട് വായന, ഹാജർ എടുക്കൽ, ആശംസകൾ പങ്കുവെയ്ക്കൽ, ചെറിയ കലാപ്രകടനങ്ങൾ, ഒന്നിച്ചുള്ള ഭക്ഷണം എന്നിവ അനുഷ്ഠിക്കുക. ക്രിസ്തുമസ് കാലമായതുകൊണ്ട് ഒരു കേക്ക് മുറിച്ച് ആശംസകൾ നേരുക.
2. കുടുംബങ്ങൾ ഡിസംബർ 1 മുതൽ പരസ്പരം പ്രാർത്ഥിക്കുകയും ക്രിസ്തുമസ് ദിനത്തിൽ ഒരു സമ്മാനം കൈമാറുകയും ചെയ്യാം. (christmas friend)
3. മറ്റ് മതസമൂഹത്തിൽ പെട്ടവരുടെ മുൻപിൽ ക്രിസ്തുസാക്ഷ്യമാകുവാനായി ഡിസംബർ ഒന്നാം തിയ്യതി തന്നെ ഒരു നക്ഷത്രം വീടിന്റെ മുമ്പിൽ ഉയർത്തുക.
4. എല്ലാ ഭവനങ്ങളിലും പുൽക്കൂട് ഉണ്ടാക്കുവാൻ പ്രോത്സാഹിപ്പിക്കുക.

5. ഭവനങ്ങളിലേക്ക് ഉണ്ണീശോയെ സംവഹിച്ച് ദൈവാനുഗ്രഹവും ആശംസകളും നേരുന്ന കരോൾ യൂണിറ്റിലെ എല്ലാ അംഗങ്ങളും ചേർന്നു നടത്തുക.

6. ഒന്നിച്ച് ചേരാനും ഒന്നിച്ചുപ്രവർത്തിക്കാനും കിട്ടുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. ഇതുവഴി പരസ്പര കൂട്ടായ്മയും ഐക്യവും വർധിക്കും. ഈ കാലഘട്ടത്തിൽ ഐക്യത്തിലും സ്നേഹത്തിലും ജീവിക്കേണ്ടത് നമുക്ക് ഏറ്റവും അത്യാവശ്യമാണ് എന്ന സത്യം നമുക്കു തിരിച്ചറിയാം. കുടുംബ കൂട്ടായ്മ ഭാരവാഹികൾ തങ്ങളുടെ യൂണിറ്റിലെ മുഴുവൻ കുടുംബങ്ങളെയും ഫോണിലൂടെ ഓർമ്മപ്പെടുത്തി എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാകുക.

7. ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് ആലോചിച്ച് എല്ലാ ആത്മീയ ശുശ്രൂഷകളും സജീവമാക്കുവാൻ പരിശ്രമിക്കുക.

8. അയൽക്കാരായ മറ്റ് മതസ്ഥർക്ക് സാധിക്കുമെങ്കിൽ ക്രിസ്തുമസ്ദിനത്തിൽ ഒരു കേക്ക് നൽകി യേശുവിന്റെ പിറവിയുടെ സന്തോഷം പങ്ക് വെയ്ക്കുക.

9. കുടുംബ കൂട്ടായ്മകൾ സജീവമാകുമ്പോൾ, ഇടവക ജീവിതവും സഭാജീവിതവും തീക്ഷ്ണതയുള്ളതായി മാറും. സഭാധികാരികളോടും സഭാശുശ്രൂഷകളോടും സ്നേഹവും വിധേയത്വവും പുലർത്തി, സമുദായ ബോധ്യത്തിലും കൂട്ടായ്മയിലും വളരുവാൻ എല്ലാവരും പരിശ്രമിക്കുക.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ആധുനിക കാലത്തെ സഭയുടെ വസന്തം എന്ന് വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും പുരോഗമനപരമായ ദർശനങ്ങളിലൊന്നായിരുന്നു അൽമായർക്കും സമർപ്പിതർക്കും ദൈവശാസ്ത്രവും വി. ഗ്രന്ഥവും പഠിക്കാനുള്ള അവസരമൊരുക്കുക എന്നത്. 2006 മുതൽ കഴിഞ്ഞ 15 വർഷങ്ങളായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് സഭയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് വിശ്വാസത്തിന്റെ തുടർപരിശീലനമാണ്. സൺഡേ സ്കൂൾ ക്ലാസ്സുകൾക്ക്ശേഷം വിശ്വാസരഹസ്യങ്ങളെ വ്യക്തമായി പഠിപ്പിക്കുന്ന ഈ തുടർ വിശ്വാസപരിശീലന പദ്ധതിക്ക് അതിൽത്തന്നെ സമകാലിക സഭയിൽ വലിയ പ്രസക്തിയും പ്രാധാന്യവുമുണ്ട്.

## ബിരുദദാന ചടങ്ങുകൾ

കുളത്തുവയൽ എം.എസ്.എം.ഐ ജനറലേറ്റ്, മണ്ണംപേട്ട സി.എസ്.എം ജനറലേറ്റ്, പാലാ സി.എം.സി പ്രൊവിൻഷ്യൽ ഹൗസ്, എറണാകുളം സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് എന്നീ സ്ഥലങ്ങളിൽവച്ച് നടത്തപ്പെട്ട ബിരുദദാന ചടങ്ങുകളിൽ 200 വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ചു. ബിഷപ് മാർ ജോസഫ് പിതാവ് ബിരുദദാനം നിർവ്വഹിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ട്, എക്സാമിനേഷൻ കൺട്രോളർ ഡോ. ജിസി മരിയ സി.എം.സി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിന്റെ ഭാഗമായി, ഓരോ സെന്ററുകളിൽ വച്ചാണ് ഈ വർഷത്തെ ബിരുദദാന ചടങ്ങുകൾ നടത്തപ്പെടുന്നത്.

## MTh ബിരുദദാന ചടങ്ങുകൾ മിയാമി (USA) സെന്ററിൽ നടത്തപ്പെട്ടു

ആൽഫയുടെ അമേരിക്കയിലുള്ള സെന്ററിൽനിന്നും എം.റ്റി.ച്ച് ബിരുദമെടുത്ത 12 വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഒക്ടോബർ 23 ന് മിയാമിയിൽവച്ച് നടത്തപ്പെട്ടു. ചിക്കാഗോ അതിരൂപതാധ്യക്ഷകൻ മാർ ജേക്കബ് അങ്ങാടിയത്ത് ബിരുദദാനം നിർവ്വഹിച്ചു.

## ആൽഫയുടെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് ഡിസംബർ 4 ന്

2017, 2018 ബാച്ചുകളിലായി ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ MTh, BTh ബിരുദദാനം 2021 ഡിസംബർ 4-ാം തിയ്യതി ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയ

ത്തിൽവച്ച് നടത്തുന്നു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് മാർ ജോസഫ് പാംപ്ലാനി, കേരളാ ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ തുടങ്ങിയ  വിശിഷ്ടാതിഥികളുടെ സാന്നിദ്ധ്യത്തിൽ രാവിലെ കൃത്യം 9.30 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. എല്ലാവിധ കോവിഡ് പ്രോട്ടോക്കോളുകളും അനുസരിച്ചായിരിക്കും ചടങ്ങ് നടക്കുക. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 700 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേണ്ടത്.

## സെമസ്റ്റർ പരീക്ഷൾ

### 1. ല്യൂമെൻ എക്ലേസിയാ പരീക്ഷകൾ

തലശ്ശേരി അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി നടത്തുന്ന ദൈവശാസ്ത്ര പഠന പ്രോഗ്രാമായ ല്യൂമെൻ എക്ലേസിയാ ഒന്നാം സെമസ്റ്ററിലെ ക്ലാസ്സുകൾ പൂർത്തിയായല്ലോ. നവംബർ 24 മുതൽ പരീക്ഷകൾ Survey Heart എന്ന Application വഴി ആരംഭിച്ചു. തന്നിരിക്കുന്ന തീയ്യതികളിൽ രാത്രി 8.30 മണിക്ക് പരീക്ഷ ആരംഭിക്കുന്നത്. 30 മിനുട്ട് ആയിരിക്കും പരീക്ഷാ സമയം. 50 വൺവേർഡ് ചോദ്യങ്ങൾ അടങ്ങിയതാണ് ഓരോ പരീക്ഷയും. പരീക്ഷാ സമയത്തിനുശേഷം ഉത്തരങ്ങൾ Submit ചെയ്യാൻ സാധിക്കുന്നതല്ല.

| | |
|---|---|
| വി. യോഹന്നാന്റെ സുവിശേഷം | - ഡിസംബർ 6 |
| എസ്രാ നെഹെമിയ | - ഡിസംബർ 14 |

### 2. വൈവ പരീക്ഷ

***ബി.റ്റി.എച്ച്***

| | |
|---|---|
| എസ്രാ നെഹെമിയ | - ഡിസംബർ 6,7 |
| ഗ്രീക്ക് | - ഡിസംബർ 13,14,15,16 |
| പരിശുദ്ധ ത്രിത്വം | - ഡിസംബർ 21,22 |

***എം.റ്റി.എച്ച് (ബിബ്ലിക്കൽ തിയോളജി)***

| | |
|---|---|
| പഴയനിയമ ദൈവശാസ്ത്രം | - ഡിസംബർ 1 |
| വി. യോഹന്നാന്റെ സുവിശേഷം | - ഡിസംബർ 10 |
| പൗലോസ് ശ്ലീഹായുടെ | |

| | |
|---|---|
| അജപാലന വീക്ഷണങ്ങൾ | - ഡിസംബർ 15 |
| വി. കുർബ്ബാനയുടെ ദൈവശാസ്ത്രം | - ഡിസംബർ 20 |

***എം.റ്റി.എച്ച് (മോറൽ തിയോളജി)***

| | |
|---|---|
| കുടുംബ ധാർമ്മികത | - ഡിസംബർ 1 |
| വി. യോഹന്നാന്റെ സുവിശേഷം | - ഡിസംബർ 10 |
| പരിസ്ഥിതി ധാർമ്മികത | - ഡിസംബർ 15 |
| വി. കുർബ്ബാനയുടെ ദൈവശാസ്ത്രം | - ഡിസംബർ 20 |

## ലോഗോസ് ബൈബിൾ ക്വിസ്

അതിരൂപതയിലെ എല്ലാ വിഭാഗം ആളുകളും വളരെ താല്പര്യപൂർവ്വം പങ്കെടുത്തിരുന്ന ദൈവവചന പഠന പോഗ്രാമായ ലോഗോസ് ബൈബിൾ ക്വിസ് - 2022 ഫെബ്രുവരി മാസത്തിൽ അതിരൂപതാ തലത്തിൽ നടത്തുന്നു. 2022 ഫെബ്രുവരി 20 ഞായറാഴ്ച 2-4 pm ആയിരിക്കും ലോഗോസ് പരീക്ഷ നടത്തുന്നത്. ബഹു. വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുകയും പരമാവധി ആളുകളെ രജിസ്റ്റർ ചെയ്യിക്കുകയും ചെയ്യണം എന്ന് ഓർമ്മിപ്പിക്കുന്നു.  2020 ലെ പഠന ഭാഗങ്ങളായ നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22, മർക്കോസ് 1-8; 1 കോറി 1-8 എന്നിവ തന്നെയാണ് ഈ പ്രാവശ്യവും പഠിക്കേണ്ടത്. ഈ പഠനഭാഗങ്ങളിലെ മൂവായിരത്തോളം മാതൃകാചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ലോഗോസ് പഠനസഹായി വിതരണത്തിന് തയ്യാറാണ്. ഓർഡർ ചെയ്യുന്നവർക്ക് ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ച് തരുന്നതാണ്. എല്ലാവരുടെയും സഹകരണങ്ങളും സജീവപങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

## പുൽക്കൂട്

2021 ലെ തിരുപ്പിറവിക്കുള്ള ആത്മീയ ഒരുക്കത്തിന്റെ ഭാഗമായി Tell me Creation-ന്റെ സഹകരണത്തോടെ ക്രിസ്തുമസ് കാല ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നു. 25 നോമ്പിലെ എല്ലാ ദിവസവും വൈകിട്ട് 8 മണിക്കാണ് അതിരൂപതയും യുട്യൂബ് ചാനലിലൂടെ വിചിന്തനങ്ങൾ പ്രക്ഷേപണം ചെയ്യുന്നത്. അഭിവന്ദ്യപിതാക്കന്മാരും അതിരൂപതയിലെ പ്രഗത്ഭരായ വചനപ്രഘോഷകരുമാണ് ഈ ക്രിസ്തുമസ് കാല വിചിന്തനങ്ങൾ നടത്തുന്നത്. ഇടവകാ ഗ്രൂപ്പുകൾ പരമാവധി ഷെയർ ചെയ്യാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

## ബൈബിൾ ഞായർ ആചരണം

കെസിബിസി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2021-ലെ ബൈബിൾ ഞായറായി ഡിസംബർ 19 ഞായറാഴ്ചയാണ് ആചരിക്കുന്നത്.

“വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണ്ണത പ്രാപിച്ചിരിക്കുന്നു” (1 യോഹ 2:5) വാക്യമാണ് ഈ വർഷത്തെ ബൈബിൾ ഞായറിന്റെ ആപ്ത വാക്യം. ബൈബിൾ ഞായറാചരണത്തിന്റെ ഭാഗമായി ഡിസംബർ 19 ഞായറാഴ്ച വൈകിട്ട് 7-8 pm തിരുവചന മണിക്കൂറായി ആചരിക്കുന്നു. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും ആ സമയം തിരുവചനം വായിക്കേണ്ടതാണ്. ബഹു വികാരി അച്ചന്മാർ ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. വചനമായ യേശുവിലേക്ക് വളരാൻ ബൈബിൾ ഞായറാചരണവും തിരുവചന മണിക്കൂർ ആചരണവും നമ്മെ സഹായിക്കട്ടെ.

## മാർ ജോർജ് ഞറളക്കാട്ട് ജൂബിലി മെമ്മോറിയൽ പ്രസംഗ മത്സരം

തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് അതിരൂപതയിലെ വൈദികർക്കായി നടത്തിയ സുവിശേഷ പ്രസംഗമത്സരത്തിലെ വിജയിക്കുള്ള അവാർഡ് ദാനം നവംബർ 27 ന് ചെമ്പേരിയിൽ കൂടിയ പ്രസ്ബിറ്റേറിയത്തിൽ വച്ച് നടത്തപ്പെട്ടു. വി. യോഹന്നാൻ സുവിശേഷം 2:13-22 വചനഭാഗമായിരുന്നു പ്രസംഗവിഷയം. വിജയികൾക്ക് അനുമോദനങ്ങൾ

1. റവ. ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടം
2. റവ. ഫാ. മാണി മേൽവട്ടം

പ്രോത്സാഹന സമ്മാനങ്ങൾ

റവ. ഫാ. ജിബിൻ വട്ടുകുളം
റവ. ഫാ. ഏലിയാസ് ഏടൂകുന്നേൽ
റവ. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്തൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

മഞ്ഞണിഞ്ഞ പാതിരാവിൽ ബത്‌ലഹേമിലെ പുൽക്കൂട്ടിൽ ലോകരക്ഷകൻ പിറന്ന പുണ്യദിനത്തിന്റെ ഓർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. താഴ്മയ്ക്ക് കടാക്ഷവും, ദാരിദ്രത്തിന് സമൃദ്ധിയും, വിനയത്തിന് അംഗീകാരവും നൽകുന്ന സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയായ തിരുപ്പിറവി നാം ആഘോഷിക്കുമ്പോൾ ലോകം മുഴുവനും ഈശോയുടെ ശാന്തിയും സമാധാനവും നിറയപ്പെടുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഈശോയുടെ തിരുപ്പിറവി |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം | : ശാഖാസമിതികളുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതം | : 74 പരിശുദ്ധരാജ്ഞി |
| സുകൃതജപം | : കുഞ്ഞുണ്ണീശോയെ കുഞ്ഞുങ്ങളിൽ നിറയണമെ. |
| *സങ്കീർത്തന പാരായണം* | : സങ്കീ: 74 - 87 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : ബാഡ്ജ് |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ബുധൻ | : | 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. |
| 3 വെള്ളി | : | വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം. |
| 8 ബുധൻ | : | അമലോത്ഭവമാതാവിന്റെ തിരുനാൾ |
| 12 ഞായർ | : | ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക |
| 19 ഞായർ | : | ബൈബിൾ ഞായർ. ബൈബിൾ പ്രതിഷ്ഠ, റാലി, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം. |
| 25 ശനി | : | പിറവിത്തിരുനാൾ |
| 26 ഞായർ | : | തിരുകുടുംബത്തിന്റെ തിരുനാൾ |
| 28 ചൊവ്വ | : | കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |
| 31 വെള്ളി | : | വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം. |

## 2. മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, കുടുംബ നാഥൻമാരുടെ സംഗമവും ജോസഫ് നാമധാരികളെ ആദരിക്കലും, ക്രിസ്കാർഡ് മത്സരം മേഖലാതലങ്ങളിൽ, അൾത്താരബാലൻമാരുടെ സെമിനാർ, ടീം ക്വിസ്സ് മത്സരം, കരോൾഗാന മത്സരം, അഗതിമന്ദിരസന്ദർശനം, സംസ്ഥാന സാഹിത്യമത്സരം.

## 3. ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് കഴിഞ്ഞവർഷത്തിൽ നിന്നും വ്യത്യസ്തമായി ഈ വർഷം മേഖലകളിൽ മത്സരം നടത്തി മേഖലയിൽ ഒന്നാം സ്ഥാനം കിട്ടുന്ന കാർഡുകൾ ആണ് അതിരൂപതയിൽ എത്തിക്കേണ്ടത്.

**നിബന്ധനകൾ**

- ആൺ പെൺ വിത്യാസം ഇല്ല
- അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം
- നിർമ്മാണസമയം 2 മണിക്കൂർ
- ചായക്കൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- കാർഡിനൊപ്പം ഒരു സ്ലിപ്പിൽ പേര്, ഇടവക, അംഗത്വ നമ്പർ പഠിക്കുന്ന ക്ലാസ്സ് എന്നിവ ഉണ്ടായിരിക്കണം.
- 15 സെ. മി വീതിയും 21 സെ. മി നീളമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഡിസംബർ 20-ന്.
- കാർഡ് നിർമ്മാണത്തെക്കുറിച്ച് സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുക.

## 4. കൈയ്യെഴുത്ത് മാസിക

മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26-ാം തിയതി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56 കാണുക.

## 5. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2021 ജനുവരി 26 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. നിബന്ധനകൾക്ക് മാർഗ്ഗരേഖ പേജ് 55 കാണുക.

## 6. അതിരൂപതാതല ക്രിസ്മസ് ആഘോഷം

അതിരൂപതാതല ക്രിസ്മസ് ആഘോഷം ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് വായാട്ടുപറമ്പ് - ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് ഡിസംബർ 23 ന് നടത്തുന്നതായിരിക്കും.

## 7. സംസ്ഥാന സാഹിത്യമത്സരം

അതിരൂപതാതലത്തിൽ കവിതാ രചനയിൽ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്നവർ ഡിസംബർ 27-ാം തിയതി നടക്കുന്ന സംസ്ഥാനതല സാഹിത്യമത്സരത്തിൽ പങ്കെടുക്കണം എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

## 8. പുതിയ ശാഖ

സി എം എൽ തലശ്ശേരി അതിരൂപതയിലെ 211-ാമത്തെ ശാഖയായി കാഞ്ഞങ്ങാട് മേഖലയിലെ പെർള ശാഖയെ 20-11 -2021 നു ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവ് അംഗീകരിച്ചു. പെർള ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട ജോസച്ചനും, ചെമ്പോട്ടിക്കലച്ചനും വൈസ്ഡയറക്ടർ, ശാഖാ ഭാരവാഹികൾ, കുഞ്ഞുമിഷനറിമാർ, എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതിയ പ്രവർത്തനവർഷവും വിജയങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

## 9. നക്ഷത്ര ദൂത്

16 മേഖലകളിലെയും പ്രസിഡന്റുമാരുൾപ്പെടെയുള്ള ഭാരവാഹികളുടെ ക്രിസ്മസ് വചനസന്ദേശം ഡിസംബർ ഒന്നുമുതൽ അയക്കുന്നതായിരിക്കും.

## 10. പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ടത്തിന് പേര് രജിസ്റ്റർ ചെയ്തവർ പ്രവർത്തന ഘട്ടങ്ങളുടെ ഫോട്ടോകൾ cmltly01@gmail.com എന്ന ഈ- മെയിൽ അഡ്രസിലേയ്ക്കാണ് ഫോട്ടോകൾ അയയ്ക്കേണ്ടത്.

## 11. ബൈബിൾ ഞായർ

ഡിസംബർ 19-ാം തിയതി ബൈബിൾ ഞായറിനോടനുബന്ധിച്ച് എല്ലാ ശാഖകളിലും ബൈബിൾ ദിനാചരണം നടത്തുമല്ലോ.അന്നേ ദിവസം ബൈബിൾ പ്രതിഷ്ഠ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തുമല്ലോ.

## 12. ഉണ്ണീശോയ്ക്കൊരു കട്ടിൽ

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ് നാളിൽ നമ്മുടെ കൊച്ചുത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം. ഛാന്ദാ രൂപതയിലെ കസൻസൂർ ഇടവക ബോർഡിങ്ങിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കു

വാൻ ഛാന്ദാ രൂപതാധ്യക്ഷൻ സഹായം അപേക്ഷിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഡബിൾ ഡക്കർ ഇരുമ്പ് കട്ടിലാണ് പണിയുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ സാധിക്കുന്ന തുക തരുവാൻ ശ്രദ്ധിക്കുമല്ലോ.

### 13. അഭിവന്ദ്യപിതാക്കൻമാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻ ഗ്രാമങ്ങൾക്കും ക്രിസ്മസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 14. വചനമരം

ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ച വചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വചനമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

### 15. ശാഖാ സന്ദർശനം

2021 - 2022 വർഷത്തെ അതിരൂപതാതല ശാഖാ സന്ദർശനം ഡിസംബർ 5-ാം തിയതി ഞായറാഴ്ച മുതൽ ആരംഭിക്കും എന്നാണ് മാർഗ്ഗരേഖ പേജ് 42 ൽ അറിയിച്ചിരുന്നത്. എന്നാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് 2022 ജനുവരി മാസത്തിൽ ആയിരിക്കും അതിരൂപതയിൽ നിന്നും ശാഖാ സന്ദർശനത്തിനായി ഭാരവാഹികൾ വരുന്നത് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തുന്നതിന് ഒരാഴ്ച മുമ്പേ വരുന്ന കാര്യം വിളിച്ച് അറിയിക്കുന്നതായിരിക്കും. ശാഖയിൽ ഉണ്ടായിരിക്കേണ്ട റെക്കോഡുകൾ, ഫയലുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുമല്ലോ.

**16. കലോത്സവം**

ഈ വർഷത്തെ അതിരൂപതാതല കലോത്സവം ഫെബ്രുവരി മാസത്തിൽ നടത്തപ്പെടുന്നതാണ്. കലോത്സവത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**17. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

മേഖലാ തലത്തിൽ 2020 - 2021 പ്രവർത്തന വർഷത്തെ ഒന്നാമത്തെ പുരസ്ക്കാരമായ ഗോൾഡൻസ്റ്റാർ പുരസ്ക്കാരം നെല്ലിക്കാംപോയിൽ മേഖലയും, മൂന്നാമത്തെ പുരസ്ക്കാരമായ മിഷൻസ്റ്റാർ പുരസ്ക്കാരം തോമാപുരം മേഖലയും കരസ്ഥമാക്കി. അതോടൊപ്പം ശാഖാ തലത്തിൽ രണ്ടാമത്തെ പുരസ്ക്കാരമായ സിൽവർസ്റ്റാർ പുരസ്ക്കാരത്തിന് മണിപ്പാറ, കരുവഞ്ചാൽ ശാഖകളും, മൂന്നാമത്തെ പുരസ്ക്കാരമായ മിഷൻ സ്റ്റാർ പുരസ്ക്കാരം പരിയാരം ശാഖയും കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും , വൈസ്ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**18.രാജത്വത്തിരുനാൾ - അതിരൂപതാതല ആഘോഷം**

നവംബർ 21-ാം തിയതി ഞായറാഴ്ച ചരൾ ശാഖയിൽ വച്ച് രാജത്വത്തിരുനാൾ ആഘോഷിച്ചു. ശാഖാ ഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിൽ രാജത്വത്തിരുനാളിന് നേതൃത്വം നൽകി. ആഘോഷപൂർവ്വകമായ റാലിയും കലാവിരുന്നും അണിയിച്ചൊരുക്കിയ ശാഖാ വൈസ്ഡയറക്ടർ സിസ്റ്ററിനും, വിശ്വാസപരിശീലകർക്കും, സീനിയർ- ജൂനിയർ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**19. മതാദ്ധ്യാപകദിനം - അതിരൂപതാതല ആഘോഷം**

നവംബർ 7-ാം തീയതി ഞായറാഴ്ച ഒറ്റത്തൈ ശാഖയിൽ വച്ച് മിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകൾ സംയുക്തമായി മതാദ്ധ്യാപകരെ ആദരിച്ചു. ശാഖാ ഡയറക്ടർ ഫാ. തോമസ് ചക്കിട്ടമുറിയിൽ മതാധ്യാപക ദിനത്തിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ എല്ലാ മതാധ്യാപകരെയും ഷോൾ അണിയിക്കുകയും പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു.

**20. സംസ്ഥാനതല മിഷൻ ഞായർ ആഘോഷം**

മിഷൻ ഞായർ സംസ്ഥാനതല ആഘോഷം 24-ാം തിയതി ഞായറാഴ്ച വെള്ളരിക്കുണ്ട് ശാഖയിൽ വച്ച് നടന്നു. സംസ്ഥാനതല മിഷൻ ഞായർ ആഘോഷം വളരെ മനോഹരമായി പ്രേഷിത ആവേശത്തോടെ നടത്തിയ ശാഖാ ഡയറക്ടർ റവ. ഡോ. ജോൺസൺ അന്ത്യാംകുളം അച്ചനും, അസി. വികാരി സെറ്റഫിൻ വള്ളിയിലച്ചനും, വൈസ്ഡയറക്ടർ സി. അനിതയ്ക്കും, ശാഖാ സീനിയർ-ജൂനിയർ ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**21. മേഖലാ സന്ദർശനം :** 7.11.21 ഞായറാഴ്ച ഉച്ച കഴിഞ്ഞ് അതിരൂപതാ ടീം ആലക്കോട് മേഖലയിൽ സൗഹൃദ സന്ദർശനം നടത്തി.

**22. ജ്വാല– ട്രെയിനിംഗ് പ്രോഗ്രാം:** മേഖലാ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്കുവേണ്ടി നവംബർ 19, 20 തിയതികളിൽ പരിയാരം മദർഹോമിൽ വച്ച് നടത്തിയ ജ്വാല എന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ 28 പേർ പങ്കെടുത്തു. ശ്രീ. ദിലീപ് തെങ്ങുംപള്ളിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**23. മിഷൻമാസ സമാപനം:** 31.10.21 ന് അതിരൂപതാതല മിഷൻമാസ സമാപനം വാണിയപ്പാറ ശാഖയിൽ വച്ച് നടത്തി. മിഷൻമാസ സമാപനത്തിന് നേതൃത്വം കൊടുത്ത ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് അട്ടേങ്ങാട്ടിൽ അച്ചനും, വൈസ്ഡയറക്ടർ സിസ്റ്ററിനും, വിശ്വാസപരിശീലകർക്കും, ശാഖാ സീനിയർ–ജൂനിയർ ഭാരവാഹികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

### 24. അതിരൂപതാതല മാനേജിംഗ് കമ്മറ്റി

23.10.21 ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് അതിരൂപതാതല മാനേജിംഗ് കമ്മറ്റി ചേർന്നു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗ് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം ഉത്ഘാടനം ചെയ്തു. അതിരൂപതാ ജോ. സെക്രട്ടറി ഏലിക്കുട്ടി എടാട്ട് റിപ്പോർട്ടും, അതിരൂപതാ സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചമാക്കൽ കണക്കും അവതരിപ്പിച്ചു. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് , സംസ്ഥാന പ്രസ്ഡന്റ് ശ്രീ ബേബി പ്ലാശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും, അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ. സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു. 16 ഫൊറോനകളിൽ നിന്നുമായി 64 പേർ പങ്കെടുത്തു.

### 25. സെമിനാറുകൾ, ക്ലാസ്സുകൾ

- 13.11.2021 ന് അരീക്കമല ശാഖയിൽ വച്ച് നടത്തിയ ചെമ്പേരി മേഖലാ എംറ്റി സി ക്ലാസ്സിൽ ഡയറ്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ പങ്കെടുത്തു.
- 14.11.2021 ന് ബിരിക്കുളം ശാഖയിൽ ഡയറക്ടർ ഫാ.ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.

### 26. ആദരാഞ്ജലികൾ

മുൻ അതിരൂപതാ പ്രസിഡന്റ് മാണി കവിയിൽകളപ്പുരയ്ക്കൽ സാറിന്റെ മരണമടഞ്ഞ വത്സല മാതാവ് മോനിക്ക വർക്കിയ്ക്ക് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

മനുഷ്യമക്കൾക്കാകമാനം രക്ഷയുടെ മാർഗ്ഗമായി ഭൂമിയിൽ അവതരിച്ച ദൈവപുത്രനായ മിശിഹായുടെ തിരുപ്പിറവിയുടെ പുണ്യ ദിനത്തിന്റെ ഓർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ കൊച്ചുകൊച്ചു ത്യാഗങ്ങളും സുകൃതങ്ങളും നന്മപ്രവർത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂട് നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാ കൊച്ചു കൂട്ടുകാർക്കും ഒരായിരം ക്രിസ്മസ് മംഗളങ്ങൾ...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഈശോയുടെ തിരുപ്പിറവി |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാ നിയോഗം | : | കുഞ്ഞിപൈതങ്ങൾക്കുവേണ്ടി |
| സുകൃതംജപം | : | ഉണ്ണീശോയെ എന്റെ ഹൃദയത്തിൽവന്ന് പിറക്കണമേ. |
| വചനം | : | പരിശുദ്ധാത്മാവ് നിന്റെ മേൽവരും;അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും ആകയാൽ, ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ,ദൈവപുത്രൻ എന്ന് വിളിക്കപ്പെടും (ലൂക്കാ 1:35) |
| *പ്രവൃത്തി* | : | ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ഒരു സുകൃതജപം വീതം കുട്ടികളെ ചൊല്ലാൻ പഠിപ്പിക്കുക. 25 ദിവസവും വി.കുർബാനയിൽ പങ്കെടുക്കുക. |
| മന:പാഠമാക്കുക | : | മഹിമയുടെ രഹസ്യം പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | കരോൾഗാനമത്സരം |

## 1.ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ബുധൻ | : | 25 നോമ്പ് ആരംഭം. എല്ലാ ദിവസവും വി.കുർബാനയിൽ പങ്കെടുക്കുക. |
| 3 വെള്ളി | : | വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ |
| 8 ബുധൻ | : | അമലോത്ഭവമാതാവിന്റെ തിരുനാൾ |
| 19 ഞായർ | : | ബൈബിൾ ഞായർ. ബൈബിൾ പ്രതിഷ്ഠ, റാലി. |

25 ശനി : പിറവിത്തിരുനാൾ

26 ഞായർ : തിരുകുടുംബത്തിന്റെ തിരുനാൾ

28 ചൊവ്വ : കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

31 വെള്ളി : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

## 2. കരോൾഗാന മത്സരം

ക്രിതുമസ് ആഘോഷഭാഗമായി തിരുബാലസഖ്യം അംഗങ്ങൾക്കായി വ്യക്തിഗത കരോൾ ഗാന മത്സരം നടത്തുന്നു.

**നിബന്ധനകൾ**

- ആൺ പെൺ വിത്യാസം ഇല്ല
- ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം
- പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കണം.
- സംഗീതോപകരണങ്ങൾ, മൈക്ക് എന്നിവ അനുവദനീയമല്ല.
- പാടുന്നതിന് മുമ്പ് പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി പറഞ്ഞിരിക്കണം. അല്ലാത്തവ പരിഗണിക്കുന്നതല്ല.
- പാടുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക..
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഡിസംബർ 15ന് .

## 3. ഉണ്ണീശോയ്ക്കൊരു കട്ടിൽ

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ് നാളിൽ നമ്മുടെ കൊച്ചുത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം.ചാന്ദാ രൂപതയിലെ കസൻസൂർ ഇടവക ബോർഡിങ്ങിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിലും അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാൻ ചാന്ദാ രൂപതാധ്യക്ഷൻ സഹായം അപേക്ഷിച്ചിട്ടുണ്ട്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഡബിൾ ഡക്കർ ഇരുമ്പ് കട്ടിലാണ് പണിയുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ സാധിക്കുന്ന തുക തരുവാൻ ശ്രദ്ധിക്കുമല്ലോ.

### 4. അഭിവന്ദ്യപിതാക്കൻമ്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കൻമാർക്ക് ക്രിസ്മസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 5. രാജത്വത്തിരുനാൾ - അതിരൂപതാതല ആഘോഷം

നവംബർ 21-ാം തിയതി ഞായറാഴ്ച ചരൾ ശാഖയിൽ വച്ച് രാജത്വത്തിരുന്നാൾ ആഘോഷിച്ചു. ശാഖാ ഡയറക്ടർ ഫാ. ജോസഫ് കുരിശുംമൂട്ടിൽ രാജത്വത്തിരുനാളിന് നേതൃത്വം നൽകി. ആഘോഷപൂർവ്വകമായ റാലിയും കലാവിരുന്നും അണിയിച്ചൊരുക്കിയ ശാഖാ വൈസ്ഡയറക്ടർ സിസ്റ്ററിനും, വിശ്വാസപരിശീലകർക്കും, സീനിയർ- ജൂനിയർ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

### 6. മതാദ്ധ്യാപകദിനം - അതിരൂപതാതല ആഘോഷം

നവംബർ 7-ാം തിയതി ഞായറാഴ്ച ഒറ്റത്തൈ ശാഖയിൽവച്ച് മിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകൾ സംയുക്തമായി മതാദ്ധ്യാപകരെ ആദരിച്ചു. ശാഖാ ഡയറക്ടർ ഫാ. തോമസ് ചക്കിട്ടമുറിയിൽ മതാധ്യാപക ദിനത്തിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ എല്ലാ മതാധ്യാപകരെയും ഷോൾ അണിയിക്കുകയും പൂക്കൾ നൽകി ആദരിക്കുകയും

### 7. ബൈബിൾ കഥാപാത്രാനുകരണം - മത്സര വിജയികൾ

| | | | |
|---|---|---|---|
| I[st] | - | അലീന ആനിത്തോട്ടത്തിൽ | - നീലേശ്വരം |
| II[nd] | - | ആൻമേരി വടാന | - അടോട്ടുകയ |
| III[rd] | - | ലിയോ മൈലാടുംപാറ | - പാത്തൻപാറ |
| III[rd] | - | അക്വീനാസ് മഴുവഞ്ചേരി | - ചെമ്പന്തൊട്ടി. |

### 8. എയ്ഞ്ചൽസ് ഫെസ്റ്റ് 2022 (കലോത്സവം)

**പൊതുവായ നിർദ്ദേശങ്ങൾ**

1) മത്സര ഇനങ്ങൾ - പ്രസംഗം, സംഗീതം, കഥ, എന്റെ സങ്കീർത്തനം, ആംഗ്യപ്പാട്ട്, സ്കിറ്റ്.
2) പ്രസംഗം, സംഗീതം, കഥ എന്നീ ഇനങ്ങളിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും മത്സരിക്കാം.
3) എന്റെ സങ്കീർത്തനം എന്ന ഇനം വ്യക്തിഗതമായിരിക്കും. ആൺ പെൺ വിത്യാസം ഇല്ല.
4) മേഖലകളിൽ മത്സരം നടത്തി ഓരോ ഇനങ്ങളിലും, വിഭാഗങ്ങളിലും ഒന്നാം സ്ഥാനം കിട്ടുന്ന വീഡിയോകൾ മാത്രമേ അതിരൂപതയിലേയ്ക്ക് മത്സരത്തിനായി അയക്കാവൂ.

5) ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന മേഖലകൾക്ക് ട്രോഫി നൽകുന്നതായിരിക്കും.
6) അതിരൂപതയിൽ ലഭിക്കേണ്ട അവസാന തിയതി ജനുവരി **20**
7) ടെലഗ്രാമിലൂടെ ഒരുമിച്ച് ഒരേ നമ്പറിൽ നിന്ന് മാത്രമേ അയക്കാവൂ. അയയ്ക്കേണ്ട നമ്പർ **9400062913.**
8) കുട്ടികളുടെ പേര് വീട്ടുപേര്, ഇടവക, മേഖല, ഫോൺ നമ്പർ, അംഗത്വ നമ്പർ, പഠിക്കുന്ന ക്ലാസ്സ് എന്നിവ വീഡിയോയിൽ കൃത്യമായി എഴുതി യിരിക്കണം. മറ്റ് ഒരു തരത്തിലുള്ള എഡിറ്റിങ്ങും അനുവദനീയമല്ല.
9) ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിലും, ഒരു ഗ്രൂപ്പ് ഇനത്തിലും പങ്കെ ടുക്കാവുന്നതാണ്.
10) എന്തെങ്കിലും സംശയം ഉള്ളവർക്ക് അതിരൂപതാ തിരൂബാലസഖ്യം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**പ്രസംഗം**

- ♦ പരമാവധി സമയം 4 മിനുട്ട്
- ♦ വിഷയം - ഉണ്ണീശോയ്ക്ക് കാവൽക്കാരനായ വി.യൗസേപ്പിതാവ്
- ♦ വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത, ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോചിത ശബ്ദനിയന്ത്രണം തുടങ്ങിയവ പരിഗണിക്കന്നതായിരിക്കും.

**സംഗീതം**

- ♦ ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ.
- ♦ പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കന്നു.
- ♦ അവതരണം, താളം, ശ്രുതി, ലയം തുടങ്ങിയവ പ്രത്യേകം പരിഗണി ക്കപ്പെടും.
- ♦ സംഗീതോപകരണങ്ങൾ, മൈക്ക് ഇവ അനുവദനീയമല്ല.

**കഥ**

- ♦ ഏതെങ്കിലും വിശുദ്ധരുടെ അല്ലെങ്കിൽ വാഴ്ത്തപ്പെട്ടവരുടെ ജീവിതത്തെ ആസ്പദമാക്കിയുള്ളതായിരിക്കണം.
- ♦ സമയം - 4 മിനുട്ട്
- ♦ വിഷയാവതരണം, ആംഗ്യം, ഭാവം, മോഡുലേഷൻ, സന്ദേശം തുടങ്ങി യവ പ്രത്യേകം പരിഗണിക്കുന്നതായിരിക്കും.

**എന്റെ സങ്കീർത്തനം**

- ♦ ഇഷ്ടമുള്ള ഒരു സങ്കീർത്തനം വ്യക്തിപരമായി ആലപിക്കുന്നു.

- കാണാതെ പഠിച്ച് ഭാവാഭിനയത്തോടെ അവതരിപ്പിക്കണം. അവതരണത്തിന് മുമ്പ് ആമുഖം നല്ലതായിരിക്കും.
- സമയം - 3 മിനുട്ട്(ആമുഖം പറയുന്നത് ഉൾപ്പെടെ)

**ആംഗ്യപ്പാട്ട്**

- പാട്ട് ബൈബിൾ അധിഷ്ഠിതമായിരിക്കണം, ഉപമ, സംഭവം, അദ്ഭുതം, തുടങ്ങിയവയുടെ ആവിഷ്ക്കാരമോ ആശയ വിപുലീകരണമോ ആകാം.
- മുഴുവൻ സമയവും ലൈനിൽ നിന്ന് കളിക്കണം. ആവശ്യമനുസരിച്ച് മിന്നോട്ടോ, പിറകോട്ടോ, വട്ടം കറങ്ങുകയോ ആകാം, എന്നാൽ ഗ്രൂപ്പ് ഡാൻസ് പോലെ ആകരുത്.
- 7 പേർ അടങ്ങിയ ടീം 4 പേരിൽ കുറയാൻ പാടില്ല. ആൺ കുട്ടികളും പെൺകുട്ടികളും ഉണ്ടായിരിക്കണം (ഒരു കുട്ടിയെങ്കിലും നിർബന്ധമാണ്)
- ആവശ്യത്തിനുള്ള മേക്കപ്പ് പരിഗണിക്കുന്നതാണ്. എന്നാൽ ഇഷ്ടമുള്ള ഡ്രസ്സ് ഉപയോഗിക്കാം.
- സമയം-ഒരുപാട്ടിന്റെ സമയം ( പലപാട്ടുകൾ മാറിമാറി പാടേണ്ടതില്ല)
- പാട്ട്, താളം, ആംഗ്യം, ഒരുമ, ആശയം, അവതരണം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും

**സ്കിറ്റ്**

- ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്ന കാലിക പ്രസക്തിയുള്ള ഒരു വിഷയം ആയിരിക്കണം.
- 10 പേർ അടങ്ങിയ ടീം
- പശ്ചാത്തല സംഗീതം, രംഗസജ്ജീകരണം എന്നിവ അനുവദനീയമാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്. സ്കിറ്റിന് ശബ്ദം റെക്കോഡ് ചെയ്ത് ഇടുകയോ, പുറമെനിന്ന് നൽകുകയോ ചെയ്യാവുന്നതാണ്.
- കഥാപാത്രത്തിന് ചേർന്ന അടിസ്ഥാന മേക്കപ്പ് ആവാം
- അവതരണം, ക്രിസ്തീയ ആശയം, സന്ദേശം, അഭിനയമികവ്, കാലിക പ്രസക്തി തുടങ്ങിയവ പരിഗണിക്കുന്നതാണ്.
- സമയം - 15 മിനുട്ട്

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
ഡയറക്ടർ

# യുവജനശുശ്രൂഷ

ഈശോയിൽ പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്

ഈശോയെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കാനൊരുങ്ങുന്ന ഡിസംബർ മാസത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. 25 ദിനങ്ങൾ നോമ്പിലൂടെയും വി.കുർബാനയിലെ പങ്കാളിത്തത്തിലൂടെയും ഹൃദയവിശുദ്ധീകരണത്തിനൊരുങ്ങാം.

**ചെയ്യാനുള്ള കാര്യങ്ങൾ**

- യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ പുൽക്കൂട് നിർമ്മാണം
- ക്രിസ്തുമസ് സന്ദേശം നല്കികൊണ്ട് ടൗൺ കരോൾ 21 -ാം തിയ്യതി വൈകുന്നേരം നടത്തുന്നു.
- യുവജനങ്ങൾ ഇടവകയിലെ കരോൾ ഭംഗിയായി ക്രമീകരിക്കണം

## പ്രവർത്തനവർഷ ഉദ്ഘാടനവും, കർമ്മപദ്ധതി പ്രകാശനവും

2021-22 പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങൾക്കായി വി.ബലിയർപ്പിച്ചു. തുടർന്നുള്ള സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോയൽ ജോസഫ് അദ്ധ്യക്ഷനായിരുന്ന മീറ്റിംങ്ങ് മാർ ജോസഫ് പാംപ്ലാനി പിതാവ് മീറ്റിംങ്ങ് ഉദ്ഘാടനം ചെയ്ത് കർമ്മപദ്ധതി **'REVIVE'** (ഉണരാം..നവീകരിക്കാം..) പ്രകാശനം ചെയ്തു. 'REVIVE' എന്ന ആശയത്തിൽ നിന്നുകൊണ്ട് യൂണിറ്റ് നവീകരണം, ആത്മീയ നവീകരണം, സാമൂഹ്യ നവീകരണം, നേതൃത്വ നവീകരണം, സംരംഭകത്വം എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ച് ഈ ഒരു വർഷ കാലത്തെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

## സ്നേഹാദരം

2019 - 2020 പ്രവർത്തന വർഷത്തിലെ രൂപതാ സമിതിയെയും വിവിധ തലങ്ങളിൽ കഴിവുകൾ തെളിയിച്ചവരായ ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ **എയ്ഞ്ചൽ ജോസ്,** ആറാം റാങ്ക് നേടിയ **സോന ജോൺ,** കെ എ എസ് പരീക്ഷയിൽ റാങ്ക് ജേതാവ് **അഖില ചാക്കോ,** ലോക കൈയക്ഷരമൽസരത്തിൽ ആർട്ടിസ്റ്റിക് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ **ആൻമരിയ ബിജു** എന്നിവരെ മൊമന്റോ നൽകി അതിരൂപതാ കെസിവൈഎം ന്റെ നേതൃത്വത്തിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് ആദരിച്ചു.

## അടുപ്പു കൂട്ടി സമരം

ദിനംപ്രതി വർദ്ധിച്ചുവരുന്ന പാചകവാതക വിലക്കയറ്റത്തിനെതിരെ കെസിവൈഎം വനിതകളുടെ നേതൃത്വത്തിൽ ശ്രീകണ്ഠാപുരം ടൗണിൽ വച്ച് അടുപ്പുകൂട്ടി സമരം നടത്തി. രൂപതാ വൈസ്പ്രസിഡന്റ് സരിഗ ചാക്കോ കൊന്നക്കൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റി ചെയർപേഴ്സൻ ഡോ. കെ വി ഫിലോമിന ടീച്ചർ പ്രതിഷേധം ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് വാളിപ്ലാക്കൽ മുഖ്യപ്രഭാഷണം നടത്തി. സി. പ്രീതി മരിയ സിഎംസി ആശംസകളറിയിച്ച് സംസാരിച്ചു. ചെമ്പന്തൊട്ടി ഫൊറോന ഡയറക്ടർ ഫാ. പോൾ എടത്തിനകത്ത്, ശ്രീകണ്ഠാപുരം യൂണിറ്റ് വികാരി ഫാ. സേവ്യർ പുത്തൻപുരയിൽ എന്നിവരുടെ അനുഗ്രഹീത സാന്നിധ്യമുണ്ടായിരുന്നു. ചെമ്പന്തൊട്ടി ഫൊറോനയിലെയും യൂണിറ്റിലെയും പ്രസിഡന്റുമാർ, ഭാരവാഹികൾ എന്നിവരുടെ സഹകരണവും യുവജനങ്ങളുടെ പങ്കാളിത്തവുമുണ്ടായിരുന്നു. നീന ബേബി സ്വാഗതവും അൽന ആന്റണി നന്ദിയും പറഞ്ഞു. സഹായ സഹകരണങ്ങൾ തന്ന് കൂടെ നിന്ന ചെമ്പന്തൊട്ടി ഫൊറോനക്കും സഹകരിച്ച എല്ലാവർക്കും നന്ദി.

## പിന്നോട്ട് നടപ്പ് സമരം

മയക്കുമരുന്ന് ഉപയോഗം കുറ്റകരമല്ലെന്ന വിധത്തിൽ 1985 ലെ നാർക്കോട്ടിക് നിയമങ്ങൾ ഭേദഗതി വരുത്തുന്നതിനെതിരെ അതിരൂപതാ കെസിവൈഎം ന്റെ നേതൃത്വത്തിൽ പിന്നോട്ട് നടന്ന് പ്രതിഷേധിച്ചു. പ്രതിഷേധ പരിപാടി മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഭാരവാഹികൾ, ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, പ്രസിഡന്റുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

## നിവേദനം നൽകി

കുന്നോത്ത് ഫൊറോനയിലെ പെരിങ്കരിയിൽ വച്ചുണ്ടായ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട ജസ്റ്റിന്റെ ഭാര്യ അൽഫോൻസ അലോഷ്യസ്സിന് സർക്കാർ ജോലി നൽകുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും, കേന്ദ്ര വിദേശകാര്യ പാർലമെന്ററി കാര്യ സഹമന്ത്രി ശ്രീ. വി മുരളീധരനും നേരിട്ട് നിവേദനം സമർപ്പിച്ചു.

## സംയുക്ത സിൻഡിക്കേറ്റ്

2021-22 സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് തളിപ്പറമ്പിൽ വച്ച് ചേരുകയുണ്ടായി. 16 ഫൊറോനയിലെയും ഡയറക്ടർമാർ, പ്രസിഡന്റുമാർ, ആനിമേറ്റേഴ്സ് തുടങ്ങിയവർ പങ്കെടുത്തു. മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. ജോയൽ ജോസഫ് അദ്ധ്യക്ഷനായിരുന്നു. 2021-22 സമിതിയുടെ നേതൃത്വത്തിൽ നടത്താനാഗ്രഹിക്കുന്ന പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി

BLOOMS (Bring the Leaders for our Missions) നടത്താൻ തീരുമാനിച്ചു. 2021–22 വർഷത്തെ പ്രവർത്തനങ്ങൾ 16 ഫൊറോനകളിലുമായി നടത്താൻ ഓരോ ഫൊറോനയും ഏറ്റെടുത്ത പരിപാടികൾ താഴെ കൊടുക്കുന്നു.
നെല്ലിക്കാംപൊയിൽ – ബോൺ നത്താലെ, വായാട്ടുപറമ്പ് – കരോൾ ഗാന മത്സരം ചെമ്പന്തൊട്ടി – BLOOMS ഉദ്ഘാടനം, വെള്ളരിക്കുണ്ട് – നേതൃത്വ പരിശീലന ക്യാമ്പ് എടൂർ – വനിതാ ദിനം, കുന്നോത്ത് – പ്രകൃതി സഹ വാസ ക്യാമ്പ് പേരാവൂർ – അർദ്ധ വാർഷിക സെനറ്റ്, തളിപ്പറമ്പ് – തീരം ക്യാമ്പ് ചെമ്പേരി – സ്പോർട്സ് ഡെ, പൈസക്കരി – നേതൃത്വ പരിശീലന ക്യാമ്പ് തോമാപുരം – നഴ്സസ്സ് ഡെ, ചെറുപുഴ – കുരിശുമല തീർത്ഥാ ടനം മേരിഗിരി – യുവജനദിനം, പനത്തടി – അഗതി ദിനാചരണം ആല ക്കോട് – BLOOMS സമാപനം, കാഞ്ഞങ്ങാട് – എക്സ്പ്ലോറ

## മോൺ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അവാർഡ് സമരിറ്റൻ ട്രസ്റ്റിന്

കെസിവൈഎം തലശ്ശേരി അതിരൂപതാ മുൻ ഡയറക്ടർ മോൺ.കുര്യാക്കോസ് മുണ്ടപ്ലാക്കലിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ സാമൂഹിക സേവന അവാർഡ് 2021 ന് സമരിറ്റൻ ഹോം അർഹമായി. സാമൂഹ്യ സേവന മേഖലകളിൽ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച് ആകസ്മികമായി വേർപിരിഞ്ഞ് പോയ മുണ്ടപ്ലാക്കലച്ചന്റെ സ്മരണ നിലനിർത്തുന്നതിനാണ് അവാർഡ് ക്രമീകരിച്ചിരിക്കുന്നത്. കോവിഡ് കാലത്ത് സാമൂഹ്യ മേഖലയിലും, കോവിഡ് പ്രതിരോധ മേഖലയിലും നടത്തിയ മികച്ച പ്രവർത്തനങ്ങൾ വഴിയാണ് പുരസ്ക്കാരത്തിന് അർഹത നേടിയത്. അവാർഡും, 10001 രൂപയുമാണ് ചടങ്ങിൽ വച്ച് അഭിവന്ദ്യ പാംപ്ലാനി പിതാവ് ട്രസ്റ്റ് അംഗങ്ങൾക്ക് നല്കി ആദരിച്ചത്.

## സ്റ്റാറ്റസ് വീഡിയോ ഉദ്ഘാടനം

കേരളത്തിലെ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന നല്ല പാരമ്പര്യം "ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ" എന്ന് പരസ്പരം കാണുമ്പോഴുണ്ടായിരുന്ന അഭിസംബോധന ഈ കാലഘട്ടത്തിൽ നഷ്ടപ്പെട്ട് പോകാതിരിക്കുവാൻ യുവജനങ്ങൾ പരസ്പരം കാണുമ്പോഴും, സദസ്സിനെ അഭിസംബോധന ചെയ്യുമ്പോഴുമെല്ലാം ഈ നല്ല പാരമ്പര്യം തുടരുവാൻ തീരുമാനിച്ചുകൊണ്ട് സ്റ്റാറ്റസ് വീഡിയോ പുറത്തിറക്കി.

## റൊസാരിയും 2k21

ജപമാല മാസത്തോടനുബന്ധിച്ച് രൂപതയിലെ മുഴുവൻ യൂണിറ്റിലും ഒരേ ദിവസം എക്സിക്യുട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥ്യംതേടി പ്രാർത്ഥിച്ചു.

**RISPETTO :** മരിച്ച വിശ്വാസികളുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് നമ്മുടെ പൂർവ്വികരെ അനുസ്മരിച്ചുകൊണ്ട് RISPETTO എന്ന പേരിൽ എല്ലാ യൂണി

റ്റുകളിലും സിമിത്തേരി വൃത്തിയാക്കുകയും മരിച്ച വിശ്വാസികൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

### അമ്മയോടൊപ്പം

ജപമാല മാസത്തോടനുബന്ധിച്ച് "അമ്മടോടൊപ്പം ഒരു ജപമാല" എന്ന പേരിൽ പത്ത് ഫൊറോനകളിലെ പത്ത് ദേവാലയങ്ങളിലൂടെ ജപമാല തീർത്ഥാടനം നടത്തി. കിളിയന്തറ, മാങ്ങോട്, നെല്ലിക്കാംപൊയിൽ, കരുവഞ്ചാൽ, ആലക്കോട്, ചട്ടമല, ചെറുപുഴ, നെടുവാലൂർ, കണിച്ചാർ, തളിപ്പറമ്പ് എന്നീ ദേവാലയങ്ങളിൽ വച്ച് ദിവ്യകാരുണ്യ ആരാധനയും ജപമാലയും നടത്തി. അമ്പതിലധികം യുവജനങ്ങൾ **U CaN :** പൈസക്കരി ഫൊറോനയുടെ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി U CaN എന്ന പരിപാടി പൈസക്കരി യൂണിറ്റിൽ യുവജനങ്ങൾക്കായി ക്ലാസ്സുകളും, കലാപരിപാടികളും, മത്സരങ്ങളും ഉൾപ്പെടുത്തി പ്രോഗ്രാം ക്രമീകരിച്ച് ജപമാലയിലും ആരാധനയിലും പങ്കുചേരുകയും നേതൃത്വം നല്കുകയും ചെയ്തു. You tube, Aj net, Face book പേജ് എന്നിവയിലൂടെ ലൈവ് സംപ്രേഷണം ഉണ്ടായിരുന്നു.

### ജോൺസൺ ജെ ഓടക്കൽ അനുസ്മരണം

കെസിവൈഎം തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റായിരുന്ന ജോൺസൺ ജെ ഓടക്കൽ ഓർമ്മ ദിനം ആചരിച്ചു. ചുണ്ടപ്പറമ്പ് സ്മൃതി മണ്ഡപത്തിൽ ഒപ്പീസും പ്രാർത്ഥനയും, പുഷ്പാർച്ചനയും നടത്തി. പൈസക്കരി ഫൊറോന ഡയറക്ടർ ഫാ. ജയ്സൺ കോലക്കുന്നേൽ, ഫാ. മാത്യു പരപരാഗത്ത്, രൂപതാ പ്രസിഡന്റ് ജോയൽ ജോസഫ്, ഫൊറോന പ്രസിഡന്റ് നിഥിൻ എന്നിവർ പങ്കെടുത്തു.

### ചുണ്ടപ്പറമ്പ് യൂണിറ്റ് സന്ദർശനം

യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുണ്ടപ്പറമ്പ് യൂണിറ്റിൽ അതിരൂപതാ ഡയറക്ടറും, ആനിമേറ്ററും സന്ദർശനം നടത്തി. യുവജനങ്ങൾക്കായി ജിൻസച്ചൻ വി. ബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നടന്ന മീറ്റിംങ്ങിൽ ക്ലാസുകളും 2021–22 പ്രവർത്തന വർഷത്തിലെ എക്സിക്യൂട്ടിവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ ക്രമീകരണങ്ങളും ചെയ്ത ബഹു. മാത്യു പരപരാഗത്തച്ചനെയും മതാദ്ധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു.

### ഡിക്കേയ്റ്റ് പ്രതിനിധികൾ

2021 –22 സമിതിയുടെ പ്രവർത്തന വർഷത്തെ സിൻഡിക്കേയ്റ്റ് പ്രതിനിധികളെ തിരഞ്ഞെടുത്തു. ഡയറക്ടർമാരുടെ പ്രതിനിധിയായി ഫാ. റിനോയി എടത്തിനകത്ത്, വൈസ് ഡയറക്ടേഴ്സ് പ്രതിനിധിയായി സി. ഹെലൻ എഫ്സിസി, ലേ ആനിമേറ്റേഴ്സ് പ്രതിനിധിയായി സന്തോഷ് വട്ടപറമ്പിൽ എന്നിവരെ തിരഞ്ഞെടുത്തു. ഏവർക്കും പ്രാർത്ഥനാശംസകൾ.

## നന്ദിയോടെ...

2019, 2020 വർഷങ്ങളിൽ പ്രതിനിധികളായിരുന്ന ഫാ. ജോബി ചെരുവിൽ, സി. റ്റീനാ സിഎംസി, ജോമോൻ കരിനാട്ട് എന്നിവർക്ക് തലശ്ശേരി യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി..

## ഞാനും എന്റെ അമ്മയും

ഒക്ടോബർ മാസത്തിൽ 16 ഫൊറോനകളിലെയും യുവജനങ്ങളുടെ നേതൃത്വത്തിൽ 2 മിനിറ്റ് മരിയൻ അനുഭവം "ഞാനും എന്റെ അമ്മയും" എന്ന പേരിൽ നടത്തുകയുണ്ടായി. സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

## VISITA - 21 ഉദ്ഘാടനം (ചെമ്പേരി ഫൊറോന)

അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഫൊറോനകളിലുമായി നടത്തപ്പെടുന്ന സന്ദർശനം വിസിറ്റ-21 ചെമ്പേരി ഫൊറോനയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. 2021-22 സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനും, അഭിപ്രായങ്ങൾ തേടുന്നതിനും, ഫൊറോന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമാണ് ഇപ്രകാരം സന്ദർശനം ക്രമീകരിച്ചിരിക്കുന്നത്.

പുലിക്കുരുമ്പ പള്ളിയിൽ വച്ച് നടന്ന സമ്മേളനത്തിൽ അതിരൂപതാ പ്രസിഡന്റ് ജോയൽ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ആനിമേറ്റേഴ്സ്, രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. നോബിൾ ഓണംകുളം, പ്രസിഡന്റ് ജോയൽ, അൽമായ ആനിമേറ്റർ ജോമോൻ കരിനാട്ട്, ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ലോക കൈയ്യക്ഷര മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ ആൻമരിയ ബിജുവിനെ മീറ്റിങ്ങിൽ വച്ച് ആദരിച്ചു.

## VISITA - 21 (പൈസക്കരി ഫൊറോന)

പൈസക്കരി ഫൊറോന സന്ദർശനം പയ്യാവൂർ പള്ളിയിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ, രൂപതാ പ്രസിഡന്റ് മറ്റ് രൂപതാ ഭാരവാഹികൾ എന്നിവർ സന്ദർശനത്തിൽ പങ്കെടുത്തു. ഫൊറോന ഡയറക്ടർ ഫാ. ജയ്സൺ കോലക്കുന്നേൽ, പ്രസിഡന്റ് ജിതിൻ, മറ്റ് ഫൊറോന ഭാരവാഹികൾ ചേർന്ന് നേതൃത്വം നൽകി. ഫൊറോനയിലെ വിവിധ പ്രവർത്തനങ്ങളെ കുറിച്ച് സംസാരിച്ചു.

## VISITA - 21 (നെല്ലിക്കാംപൊയിൽ ഫൊറോന)

മണിപ്പാറ യൂണിറ്റിൽ വച്ച് നെല്ലിക്കാംപൊയിൽ ഫൊറോന സന്ദർശനം നടത്തപ്പെട്ടു. ഫൊറോന ഡയറക്ടർ ഫാ. അലക്സ്, പ്രസിഡന്റ് മെൽബിൻ, മറ്റ് ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ഇടവക വികാരി ഫാ. ബോബൻ റാത്തപ്പള്ളി ആശംസകളറിയിച്ച് സംസാരിച്ചു. ഫൊറോനയിലെ

വിവിധ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ചകൾ നടത്തി. അതിരൂപതാ ഡയറക്ടർ, അതിരൂപത പ്രസിഡന്റ്, മറ്റ് ഭാരവഹികൾ സന്ദർശനത്തിൽ പങ്കെടുത്തു.

## VISITA - 21 (വായാട്ടുപറമ്പ് ഫൊറോന)

ഫൊറോന സന്ദർശനം വായാട്ടുപറമ്പ് യൂണിറ്റിൽ വച്ച് ചേർന്നു. അതിരൂപത പ്രസിഡന്റ്, ഡയറക്ടർ, സമിതിയഗംങ്ങൾ എന്നിവർ സന്ദർശനത്തിൽ പങ്ക് ചേർന്നു. ഫൊറോന വികാരി ജോസ് കളരിക്കൽ സന്ദർശനത്തിന് ആശംസകളറിയിച്ച് സംസാരിച്ചു. ഫൊറോന ഡയറക്ടർ ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, പ്രസിഡന്റ് നിതിൻ മറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## VISITA - 21 (ആലക്കോട് ഫൊറോന)

സന്ദർശനം ആലക്കോട് ഇടവകയിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ്, ഡയറക്ടർ, സമിതിയഗംങ്ങൾ എന്നിവർ സന്ദർശനത്തിൽ പങ്ക് ചേർന്നു. ഫൊറോന ഡയറക്ടർ ഫാ. റിമൽ ചെമ്പനാനിക്കൽ, പ്രസിഡന്റ് അഖിൽ മറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**U CaN :** പൈസക്കരി ഫൊറോനയുടെ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി U CaN എന്ന പരിപാടി പൈസക്കരി യൂണിറ്റിൽ യുവജനങ്ങൾക്കായി ക്ലാസ്സുകളും, കലാപരിപാടികളും, മത്സരങ്ങളും ഉൾപ്പെടുത്തിയാണ് പ്രോഗ്രാം ക്രമീകരിക്കുകയും ചെയ്തു.

## റൊസാരിയം 2K21

പൈസക്കരി ഫൊറോനയിലെ മുഴുവൻ ഇടവകയിലും റൊസാരിയം 2K21 ഭാഗമായി യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ലോക പോലീസ് ഡേയുടെ ഭാഗമായി പൈസക്കരി ഫൊറോനയുടെ നേതൃത്വത്തിൽ രപതാ സമിതിയോടൊപ്പം പയ്യാവൂർ പോലീസിനെ ആദരിച്ചുകൊണ്ട് രൂപതാതല ഉദ്ഘാടനം നടത്തി.

രൂപതാ സമിതിയുടെ നിർദ്ദേശ പ്രകാരം പൈസക്കരി ഫൊറോനയുടെ എല്ലാ യൂണിറ്റുകളിലും **RISPETTO** എന്ന പേരിൽ സിമിത്തേരി വൃത്തിയാക്കുകയും മരിച്ച വിശ്വസികൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

തലശ്ശേരി അതിരൂപത പ്രഥമ പ്രസിഡന്റായിരുന്ന ജോൺസൺ ജെ ഓടക്കൽ അനുസ്മരണവും, ഒപ്പീസും പുഷ്പാർച്ചനയും നടത്തി.
പൈസക്കരി ഫൊറോനയുടെ നേതൃത്വത്തിൽ ശിശുദിനം ആഘോഷിക്കുകയും കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകുകയും ചെയ്തു.

യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി പൈസക്കരി ഫൊറോനയിൽ U CaN എന്ന പരിപാടി പൈസക്കരി യൂണിറ്റിൽ അതിവിപുലമായി ആഘോഷിച്ചു. രൂപതാ ഡയറക്ടർ ജിൻസച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

**ZIYARET (into the flocks) :** എന്ന പേരിൽ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി എടൂർ ഫൊറോന ആരംഭിച്ച യൂണിറ്റ് സന്ദർശനം ഭംഗിയായി തുടരുന്നു.

**SALUTE THE HEROES**

ലോക പോലീസ് ദിനത്തോടനുബന്ധിച്ച് രൂപതാ സമിതിയുടെ ആഹ്വാനപ്രകാരം എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ ആറളം, കരിക്കോട്ടക്കരി പോലീസ് സ്റ്റേഷനുകൾ സന്ദർശിച്ച് അവിടുത്തെ ഉദ്യോഗസ്ഥരെ ആദരിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## അമ്മയോടൊപ്പം ഒരു ജപമാല

രൂപതയിലെ പത്ത് ഇടവകയിലൂടെ പത്ത് ദിനങ്ങളിലായി നടത്തിയ ജപമാല എടൂർ ഫെറോനയിലെ മാങ്ങോട് യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. 60 ഓളം യുവജനങ്ങൾ ജപമാലയിൽ പങ്കെടുത്തു. പത്ത് ദേവാലയങ്ങളിലായി നടത്തിയ ജപമാല ക്രമീകരണങ്ങളിൽ ഏറ്റവും മികച്ച യൂണിറ്റായി മാങ്ങോട് തെരഞ്ഞെടുക്കപ്പെട്ടു.

## ശിശുദിനം

എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ ശിശുദിനത്തിന്റെ ഭാഗമായി വിമൺ വിങ്ങിന്റെ നേതൃത്വത്തിൽ സ്നേഹ ഭവൻ സന്ദർശിക്കുകയും സ്നേഹ സമ്മാനങ്ങൾ കൈമാറുകയും, മധുരപലഹാരങ്ങൾ നൽകുകയും അവരൊടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.

## Decommission mullaperiyardam

മുല്ലപ്പെരിയാർ ഡാമിന്റെ ശോചനീയാവസ്ഥ ചൂണ്ടികാണിച്ച് അധികാരികളുടെ കണ്ണ് തുറക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ചെമ്പന്തൊട്ടി ഫൊറോനയും എടൂർ ഫൊറോനയും ചേർന്ന് സംയുക്തമായി സാമൂഹിക അവബോധ വീഡിയോ പുറത്തിറക്കി.

## പ്രതിഷേധാർഹം

ന്യൂനപക്ഷ സ്കോളർഷിപ്പിൽ അപ്പീൽ നൽകിയ സർക്കാർ നടപടി തീർത്തും പ്രതിഷോധാർഹമെന്ന് അറിയിച്ചുകൊണ്ട് ന്യൂനപക്ഷ ക്ഷേമമാണ് ലക്ഷ്യമെങ്കിൽ എല്ലാ ന്യൂനപക്ഷങ്ങളെയും ഒരുപോലെ കരുതണം എന്ന് ഓർമ്മപ്പെടുത്തികൊണ്ട് സ്റ്റാറ്റസ് വീഡിയോ പുറത്തിറക്കി.

## ഹൃദയ സേ (from the heart)

ജപമാല മാസത്തോടും വയോധിക ദിനത്തോടും അനുബന്ധിച്ച് എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച

അവശ്യ വസ്തുക്കളും ഭക്ഷണ സാധനങ്ങളും രണ്ട് ഘട്ടങ്ങളിലായി മൈത്രി ഭവൻ, സ്നേഹഭവൻ, മേരിലാക് ഭവൻ എന്നിവിടങ്ങളിൽ നൽകുകയും അവരോടൊപ്പം യുവജനങ്ങൾ സമയം പങ്കിടുകയും ചെയ്തു.
മതാദ്ധ്യാപക ദിനത്തോടനുബന്ധിച്ച് എടൂർ ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലും മതാദ്ധ്യാപകരെ ആദരിക്കുകയും അവർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**INFANT PROTECTION DAY :** ഈ ദിനത്തിന്റെ പ്രാധാന്യം അറിയിച്ചുകൊണ്ട് എടൂർ ഫൊറോനയുടെ വുമൺ വിങ്ങ് ആയ FEMINA യുടെ നതൃത്വത്തിൽ യുവജനങ്ങൾക്കായി അവബോധ ക്ലാസ്സ് സംഘടിപ്പിച്ചു.

ലോക വിദ്യാർത്ഥി ദിനമായ ഒക്ടോബർ 15 ന് വിദ്യാർത്ഥികൾക്ക് ആശംസകൾ അറിയിച്ചുകൊണ്ട് വീഡിയോ തയ്യാറാക്കുകയും സോഷ്യൽ മീഡിയായിലൂടെ കുട്ടികളെ അനുമോദിക്കുകയും ചെയ്തു.

ലോക പോലീസ് ദിനത്തോടനുബന്ധിച്ച് ഫൊറോന സമിതി അംഗങ്ങൾ ഇരിട്ടി പോലീസ് സ്റ്റേഷൻ സന്ദർശിക്കുകയും ആദരവ് അർപ്പിക്കുകയും ചെയ്തു.

കാലഘട്ടത്തിനനുസരിച്ച് തിരുസഭയെ നയിച്ച ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ഓർമ്മ ദിനമായ ഒക്ടോബർ 22 ന് കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ അനുസ്മരണ യോഗം ചേർന്നു.

**റൊസാരിയും 2k21 :** ജപമാല മാസത്തോടനുബന്ധിച്ച് രൂപതാ സമിതിയുടെ നിർദ്ദേശ പ്രകാരം കുന്നോത്ത് ഫൊറോനയിലെ മുഴുവൻ യൂണിറ്റിലും യുവജനങ്ങളുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**യൂണിറ്റ് ശാക്തീകരണം:** കുന്നോത്ത് ഫൊറോനയുടെ യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി പെരിങ്കിരി ഇടവകയിൽ വിസിറ്റ് ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ വി. കുർബാന, ജപമാല എന്നിവയിൽ ഭക്തിപൂർവ്വം പങ്കുചേർന്നു. അതിനുശേഷം മീറ്റിംഗ് സംഘടിപ്പിച്ചു.
**ജാഗ്രതാ നോട്ടീസ് :** പേരട്ടയിൽ ആനയിറങ്ങിയ സാഹചര്യത്തിൽ ജാഗ്രതാ നോട്ടീസ് തയ്യാറാക്കുകയും ജനങ്ങളിൽ എത്തിക്കുകയും ചെയ്തു.

**RISPETTO -** മരിച്ച വിശ്വാസികളുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് നമ്മുടെ പൂർവ്വികരെ അനുസ്മരിച്ചുകൊണ്ട് രൂപതാ സമിതിയുടെ ആഹ്വാന പ്രകാരം RISPETTO എന്ന പേരിൽ വിവിധ യൂണിറ്റുകൾ സിമിത്തേരി വൃത്തിയാക്കുകയും പൂർവ്വീകരെ അനുസ്മരിച്ചുകൊണ്ട് പോസ്റ്റർ തയ്യാറാക്കുകയും ചെയ്തു.

മതാദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കുന്നോത്ത് ഫൊറോനയിലെ പാലത്തുംകടവ് യൂണിറ്റിലെ മതാദ്ധ്യാപകരെ ആദരിച്ചു.

ശിശുദിനത്തിൽ ചെമ്പന്തൊട്ടി ഫൊറോന സമിതിയുടെ നേതൃത്വത്തിൽ ഫൊറോനയിലെ തിരുബാല സഖ്യ കുട്ടികൾക്ക് ഫലവൃക്ഷ തൈ നൽകുന്ന **PiAntA (Plant Your Dreams) :** എന്ന പ്രോഗ്രമിന് തുടക്കം കുറിച്ചു. നടുന്ന മരങ്ങൾ ഫലങ്ങൾ നൽകുന്നതുപോലെ സ്വർഗ്ഗരാജ്യത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ചെയ്തു.

**Hair Donation :** ചെമ്പന്തൊട്ടി ഫൊറോനയുടെ കേശദാന ക്യാമ്പ് നെടുവാലൂർ യൂണിറ്റിൽ വച്ച് ഉദ്ഘാടനം ചെയ്തു. തങ്ങൾ കരുതലോടെ വളർത്തിയ മുടി 9 സഹോദരങ്ങൾ ക്യാൻസർ രോഗികൾക്കായി മുറിച്ച് നൽകി മാതൃകയായി.

**Recharge - Youth Meet 2k21 :** പനത്തടി ഫൊറോന യൂണിറ്റ് ശാക്തീകരണം ലക്ഷ്യം വച്ച് Recharge എന്ന പേര് നല്കികൊണ്ട് യൂണിറ്റ് സന്ദർശനം ആരംഭിച്ചു.

മേരിഗിരി ഫൊറോനയുടെ നേതൃത്വത്തിൽ തങ്ങളുടെ സേവനത്തിനിടയിൽ മരണമടഞ്ഞ പോലീസ് ഉദ്യോഗസ്ഥരെ അനുസ്മരിക്കുന്ന ദിനം ആചരിച്ചു. പ്രതികൂലമായ ഈ സാഹചര്യത്തിലും സേവനമനുഷ്ഠിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ പരിയാരം പോലീസ് സ്റ്റേഷനിൽ വച്ച് അദരിച്ചു.

**യൂണിറ്റ് ശാക്തീകരണം :** മേരിഗിരി ഫൊറോനയിലെ യൂണിറ്റുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി യൂണിറ്റ് സന്ദർശനം ഫൊറോന സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ചു.

സ്വപ്ന വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മേരിഗിരി ഫൊറോനയുടെ ഡയറക്ടർ ഷെറിനച്ചന്റെ നേതൃത്വത്തിൽ എട്ടോളം യുവജനങ്ങൾ വീടിന് വൈറ്റ് സിമന്റ് അടിക്കുകയും, വിവിധ ഇടവകയിൽ നിന്നും ശേഖരിച്ച 10000 രൂപ നിർമ്മാണ പ്രവർത്തനത്തിനായി നൽകുകയും ചെയ്തു. ഒരു ദിവസം മുഴുവനും സ്വപ്നവീടിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇവർ പങ്കുചേർന്നു.

ജപമാല മാസത്തോടനുബന്ധിച്ച് മേരിഗിരി ഫൊറോന സമിതി ഒന്നിച്ച് കൂടുകയും ജപമാല ചൊല്ലി മാതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും ചെയ്തു.

സകല മരിച്ചവരുടെയും തിരുനാൾ ദിനത്തോടനുബന്ധിച്ച് മേരിഗിരി ഫൊറോനയിലെ എല്ലാ യൂണിറ്റിലും യുവജനങ്ങളുടെ നേതൃത്വത്തിൽ സിമിത്തേരിയും പരിസരങ്ങളും വൃത്തിയാക്കി.

## EYES മീഡിയ വിംഗ് ഉദ്ഘാടനവും മീഡിയ വർക്ക് ഷോപ്പും

കാഞ്ഞങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ ആരംഭിച്ച മീഡിയ വിംഗ് EYES ( Energetic Youth for Energetic Society) ഇന്ത്യൻ കായിക ബഹുമ

തിയായ അർജ്ജുന അവാർഡ് 2014 ൽ സ്വന്തമാക്കിയ ഡോ. ടോം ജോസഫ് ഉദ്ഘാടനം ചെയ്തു.

## അമ്മയ്ക്കരികെ

ജപമാല മാസത്തോടനുബന്ധിച്ച് ഇടവകയിൽ തുടർന്നു വരുന്ന ജപമാല സമർപ്പണങ്ങൾക്ക് സമാപനം കുറിച്ചുകൊണ്ട് അമ്മയ്ക്കരികെ എല്ലാ യൂണിറ്റുകളിലും നടത്തി. ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങളെയും പ്രത്യേകിച്ച് വനിതാ വിംഗിന്റെ പ്രവർത്തനങ്ങളെ പരിശുദ്ധ അമ്മയുടെ കൈകളിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു.

## Media Workshop

EyEs അംഗങ്ങൾ സോഷ്യൽ മീഡിയ ആപ്പുകളുടെ പേരു സ്വീകരിച്ച് പല ടീമുകളായി തിരിഞ്ഞ് മാധ്യമലോകത്തെ ക്രൈസ്തവ ഇടപെടലിനെ പറ്റി സംവാദം നടത്തി. ഒപ്പം മാധ്യമവും എന്റെ സംഘടനയും എന്ന വിഷയത്തിൽ ഗ്രൂപ്പ് ലീഡർമാർ പ്രഭാഷണം നടത്തുകയും ചെയ്തു.

## സെമിനാർ

നവമാധ്യമ മദ്ധ്യസ്ഥനായ വാഴ്ത്തപ്പെട്ട കാർലോയുടെ ജീവിതം ആസ്പദമാക്കി ഏഷ്യൻ യുവജനപ്രസ്ഥാനത്തിന്റെ അമരക്കാരൻ ശ്രീ. സിജോ അമ്പാട്ട് ക്ലാസ് നയിച്ചു. ഒപ്പം കോർ കമ്മറ്റി രൂപീകരണവും കാഞ്ഞ ങ്ങാട് ഫൊറോനയുടെ Face book, insta,You Tube അക്കൗണ്ടുകൾ പരിചയപ്പെടുത്തുകയും ചെയ്തു.

## SMASH 21

തളിപ്പറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ SMASH 21 എന്ന പേരിൽ ബാഡ്മിന്റൺ ടൂർണമെന്റ് നടത്തി.

RISPITTO മരിച്ചവരുടെ ഓർമ്മദിനത്തോടനുബന്ധിച്ച് വായാട്ടുപറമ്പ് ഫൊറോനയിലെ എല്ലാ യൂണിറ്റുകളിലും സിമിത്തേരി വൃത്തിയാക്കി.
ജപമാല മാസത്തോടനുബന്ധിച്ച് വായാട്ടുപറമ്പ് ഫൊറോനയിലെ ഭാരവാഹികൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

## മാർ ജോർജ് ഞറളക്കാട്ട് ജൂബിലിയാഘോഷം

പേരാവൂർ ഫൊറോനയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു.

## യൂണിറ്റ് സന്ദർശനം

യൂണിറ്റുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പേരാവൂർ ഫൊറോന സമിതി യൂണിറ്റ് സന്ദർശനം ആരംഭിച്ച് നാല് യൂണിറ്റുകൾ പൂർത്തിയാക്കി.

## അമ്മയോടൊപ്പം യുവജനങ്ങൾ

ജപമാല മാസത്തോടനുബന്ധിച്ച് ചെമ്പേരി ഫൊറോന യുവജനങ്ങളുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിച്ചു.

ചെമ്പേരി ഫൊറോന അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ എല്ലാ ഫൊറോനകളിലുമായി നടത്തപ്പെടുന്ന സന്ദർശനം വിസിറ്റ–21 ചെമ്പേരി ഫൊറോനയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ മീറ്റിങ്ങിൽ വച്ച് ലോക കൈയ്യക്ഷര മൽസരത്തിൽ ആർട്ടിറ്റിസ്റ്റിക് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ആൻമരിയ ബിജുവിനെ മീറ്റിങ്ങിൽ വച്ച് ചെമ്പേരി ഫൊറോന ആദരിച്ചു.

ലോക പോലീസ് ദിനത്തോടനുബന്ധിച്ച് ചെറുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ സന്ദർശിക്കുകയും ഉദ്യോഗസ്ഥരെ ആദരിക്കുകയും ചെയ്തു.

## ആശംസകൾ

തലശ്ശേരി അതിരൂപതാ കെസിവൈഎം, എസ്എംവൈഎം ജോയിന്റ് സെക്രട്ടറി അമയ തോമസിനും വരൻ അബിനും അതിരൂപാ യുവജനകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

893 എം.പി.സി ഓൺലൈൻ കോഴ്സ് നവംബർ 12-13 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 303 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

**2. Online MPC Live Classes**

**MPC 2021**

| | |
|---|---|
| December | 17 -18 (Friday, Saturday) |
| January | 14 - 15 (Friday, Saturday) |
| February | 18 - 19 (Friday, Saturday) |

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.
7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ : - www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**
**Free - 15 Days**
**Till You Marry - 9999 (1 Year)**
**Diamond Package - 4999 (1 Year)**
**Golden Package - 3999 (1 Year)**
**Silver Package - 2999 (6 monts)**

## III. മാതൃവേദി

**1. തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് അബോർഷൻ വഴി മരിക്കുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം - ഏലീശ്വാ സന്ദർശനം നടത്തുക

### 3. മരിയൻ സംഗീതം - ഗ്രൂപ്പ് സോങ്ങ്

തലശ്ശേരി അതിരൂപത മാതൃവേദി മരിയൻ സംഗീതം എന്ന പേരിൽ ഒരു ഗ്രൂപ്പ് സോങ്ങ് മത്സരം നടത്തി. അമ്മമാർ സ്വന്തമായി എഴുതി ട്യൂൺ ചെയ്ത പാട്ടുകളായിരുന്നു മത്സരത്തിനായി നിർദ്ദേശിച്ചിരുന്നത്. 14 മേഖലകളിൽ നിന്നും സംഘഗാനം രൂപതയിലേക്ക് മൂല്യ നിർണ്ണയത്തിനായി ലഭിച്ചു. അതിൽ ഒന്ന്. രണ്ട്, മൂന്ന് സ്ഥാനക്കാരെ തിരഞ്ഞെടുക്കുകയും ബാക്കിയുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നിർണ്ണയിച്ചു.

**വിജയികൾ**

ഒന്നാം സ്ഥാനം : പൈസക്കരി (പൈസക്കരി മേഖല)
രണ്ടാം സ്ഥാനം : എടൂർ (എടൂർ മേഖല)
മൂന്നാം സ്ഥാനം : കോളയാട് (പേരാവൂർ മേഖല)

**പ്രോത്സാഹന സമ്മാനങ്ങൾ**

കച്ചേരിക്കടവ് (കുന്നോത്ത് മേഖല), വിമലശ്ശേരി (മേരിഗിരി മേഖല), കരുവഞ്ചാൽ (വായാട്ടുപറമ്പ് മേഖല), ഉളിക്കൽ (നെല്ലിക്കാംപൊയിൽ മേഖല), ചെമ്പേരി (ചെമ്പേരി മേഖല), പയ്യന്നൂർ (തളിപ്പറമ്പ് മേഖല), മണ്ടളം (ചെമ്പന്തൊട്ടി മേഖല), കടുമേനി (തോമാപുരം മേഖല), ആലക്കോട് (ആലക്കോട് മേഖല), മാലോം (വെള്ളരിക്കുണ്ട് മേഖല), പെരിയ (കാഞ്ഞങ്ങാട് മേഖല) മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.....

## 4. നാടോടിനൃത്ത മത്സരം - ഓൺലൈൻ

തലശ്ശേരി അതിരൂപതാ മാതൃവേദി നാടോടിനൃത്ത മത്സരം ഓൺലൈനായി സംഘടിപ്പിച്ചു. മേഖലയിൽ നിന്നും മികച്ച 2 നാടോടിനൃത്തങ്ങൾ രൂപതയിലേക്ക് അയക്കുകയും അതിൽ നിന്ന് വിജയികളെ കണ്ടെത്തുകയും ചെയ്തു. 15 മേഖലകളിൽ നിന്നും 22 നാടോടിനൃത്തങ്ങൾ ലഭിച്ചതിൽ 1,2,3 സ്ഥാനക്കാരെ തിരഞ്ഞെടുക്കുകയും 6 പേർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകി.

**വിജയികൾ**

ഒന്നാം സ്ഥാനം : കൊച്ചുത്രേസ്യ കാവനാൽ - പടിയൂർ (നെല്ലിക്കാംപൊയിൽ മേഖല)

രണ്ടാം സ്ഥാനം : ഷിമി മുന്തിരിങ്ങാട്ടുകുന്നേൽ - പൂളക്കുറ്റി (പേരാവൂർ മേഖല)

മൂന്നാം സ്ഥാനം : ദീപിസ തേക്കുംമല - എടൂർ (എടൂർ മേഖല)

: വിദി അരുൺ ചന്ദ്രക്കുന്നേൽ - പടന്നക്കാട് (കാഞ്ഞങ്ങാട് മേഖല)

**പ്രോത്സാഹന സമ്മാനങ്ങൾ**

ജോജി തുണ്ടുപറമ്പിൽ - എണ്ണപ്പാറ (കാഞ്ഞങ്ങാട് മേഖല)
ഷിബി വാണിയകിഴക്കേൽ - ചെറുപുഴ (ചെറുപുഴ മേഖല)
അൽഫോൻസ വട്ടപ്പറമ്പിൽ - കോളയാട് (പേരാവൂർ മേഖല)
ഹണി മണക്കാട്ട് - പയ്യന്നൂർ (തളിപ്പറമ്പ് മേഖല)
ദീപ മേച്ചേരിയിൽ - തോമാപുരം (തോമാപുരം മേഖല)
ജിൻസി മുല്ലമംഗലം - കള്ളാർ (പനത്തടി മേഖല)
മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.....

## 5. തലശ്ശേരി അതിരൂപതാ മാതൃവേദി - മേഖലാ സന്ദർശനം

തലശ്ശേരി അതിരൂപതയിൽ നിന്നും ഓരോ മേഖലയിലേക്കും രൂപതാ ടീം സന്ദർശനം നടത്തുകയും ഭാരവാഹികളുമായി മീറ്റിംഗ് നടത്തി വിശകലനം ചെയ്യുകയും ചെയ്തു. ഒക്ടോബർ 25-ാം തീയ്യതി രാവിലെ എടൂർ മേഖലയും ഉച്ചകഴിഞ്ഞ് പേരാവൂർ മേഖലയും സന്ദർശനം നടത്തി. ഒക്ടോബർ 26-ാം തീയ്യതി രാവിലെ നെല്ലിക്കാംപൊയിൽ മേഖലയും, ഉച്ചകഴിഞ്ഞ്

കുന്നോത്ത് മേഖലയും സന്ദർശിച്ചു. ഒക്ടോബർ 27 ന് രാവിലെ ആല ക്കോട് മേഖലയും ഉച്ചകഴിഞ്ഞ് വായാട്ടുപറമ്പ് മേഖലയും സന്ദർശനം നട ത്തി. നവംബർ 8-ാം തീയ്യതി രാവിലെ മേരിഗിരി മേഖലയും ഉച്ചകഴിഞ്ഞ് ചെറുപുഴ മേഖലയും സന്ദർശിച്ചു. നവംബർ 9-ാം തീയ്യതി രാവിലെ തോമാ പുരം മേഖലയും ഉച്ചകഴിഞ്ഞ് വെള്ളരിക്കുണ്ട് മേഖലയും സന്ദർശനം നട ത്തി. നവംബർ 10 ന് രാവിലെ പനത്തടിയും ഉച്ചകഴിഞ്ഞ് കാഞ്ഞങ്ങാട് മേഖലയിലും സന്ദർശനം നടത്തി. നവംബർ 14 ന് തളിപ്പറമ്പിലും നവം ബർ 16 ന് രാവിലെ പൈസക്കരിയിലും ഉച്ചകഴിഞ്ഞ് ചെമ്പന്തൊട്ടിയിലും സന്ദർശനം നടത്തി. മേഖലാ സന്ദർശനവുമായി ബന്ധപ്പെട്ട മീറ്റിംഗ് സംഘ ടിപ്പിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്ത മേഖലാ ഡയ റക്ടർമാർക്കും, ആനിമേറ്റേഴ്സിനും, ഭാരവാഹികൾക്കും മീറ്റിംഗിൽ പങ്കെ ടുത്തവർക്കും പ്രത്യേകം നന്ദിയർപ്പിക്കുന്നു.

### 6. സെന്റ് ജോസഫ് ലേഖന മത്സരം

അന്തർദേശീയ മാതൃവേദി സംഘടിപ്പിച്ച് സെന്റ് ജോസഫ് ലേഖന മത്സ രത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നും മത്സരിച്ച് ശ്രീമതി ലിസ്സി ഷാജി പാറയ്ക്കൽ (മഞ്ഞളാംപുറം ഇടവക) പ്രോത്സാഹന സമ്മാനം കരസ്ഥമാ ക്കിയിരിക്കുന്നു. ലിസ്സി ക്ക് രൂപതാ മാതൃവേദിയുടെ പ്രത്യേക അഭിനന്ദനങ്ങൾ.

### 7. മാതൃവേദി പ്രവർത്തന പദ്ധതി - ഡിസംബർ 2021

| | | | |
|---|---|---|---|
| ഡിസംബർ | 8 | - | മാതാവിന്റെ അമലോത്ഭവ തിരുനാൾ |
| | 11 | - | അതിരൂപതാ ജനറൽ ബോഡി - തളിപ്പറമ്പ് (10am) |
| | 21 | - | ജീവോത്സവം - തളിപ്പറമ്പ് |
| | 22 | - | ജീവോത്സവം - പടന്നക്കാട് |
| | 25 | - | ക്രിസ്തുമസ്സ് |
| | 26 | - | തിരുക്കുടുംബ തിരുനാൾ |
| | 27 | - | വി. യോഹന്നാൻ ശ്ലീഹ |
| | 28 | - | കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |

### 8. അതിരൂപതാ മാതൃവേദി ജനറൽബോഡി മീറ്റിംഗ്

തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ ജനറൽബോഡി മീറ്റിംഗ് ഡിസം ബർ 11 ന് രാവിലെ 10 മണിക്ക് തളിപ്പറമ്പി സെന്റ് മേരീസ് പള്ളി ഓഡിറ്റോ റിയത്തിൽ വച്ച് നടത്തപ്പെടുന്നു. മേഖലാ, രൂപതാ എക്സിക്യൂട്ടീവ് അംഗ ങ്ങൾ, യൂണിറ്റ് പ്രസിഡണ്ടുമാർ എന്നിവർ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാ ണ്. രജിസ്ട്രേഷൻ ഫീസ് 80 രൂപ ആയിരിക്കും.

## 9. സ്വാഗതം

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് അടുത്ത ആറ് മാസക്കാലത്തെ റീജൻസിക്കായി കടന്നുവരുന്ന ബ്രദർ ആൽബർട്ട് മാപ്പിളപ്പറമ്പിലിന് ഓഫീസിലേക്ക് ഹൃദ്യമായ സ്വാഗതം.

## 10. യാത്രാമംഗളങ്ങൾ

കഴിഞ്ഞ ആറു മാസക്കാലം തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ റീജൻസി സേവനമനുഷ്ഠിച്ച് കുന്നോത്ത് എസ്റ്റേറ്റിലേക്ക് സ്ഥലം മാറി പോകുന്ന ബ്രദർ അരുൺ അയിലൂക്കന്നേലിന് ഹൃദയപൂർവ്വമായ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു. പുതിയ പ്രവർത്തന മേഖലയിൽ ബ്രദറിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## 11. അറിയിപ്പുകൾ

- ജീവോത്സവം 2021 ൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ഡിസംബർ 5 നകം അതിരൂപതാ ഓഫീസിൽ അറിയിക്കുക.
- അതിരൂപതാ ജനറൽബോഡി മീറ്റിംഗിൽ പങ്കെടുക്കേണ്ടവർ മേഖലാ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂണിറ്റ് പ്രസിഡണ്ടുമാർ
- സ്ഥലം : സെന്റ് മേരീസ് ചർച്ച്, തളിപ്പറമ്പ്, സമയം : 10 am, രജി.ഫീസ് : 80 രൂപ
- മേഖലകൾ അടുത്ത 6 മാസം നടത്താനുള്ള പദ്ധതികൾ തയ്യാറാക്കി മേഖലാ സെക്രട്ടറിമാർ 3 മിനിറ്റിനുള്ളിൽ ജനറൽ ബോഡി മീറ്റിംഗിൽ അവതരിപ്പിക്കേണ്ടതാണ്.
- അഭിവന്ദ്യ മാർ.ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ ജൂബിലി ആചരണത്തിന്റെ ഭാഗമായി അതിരൂപതാ മാതൃവേദി ഏറ്റെടുക്കുന്ന ഭവനപദ്ധതിക്ക് നൽകാനുള്ള ആദ്യഘഡു തുക ജനറൽബോഡി യോഗത്തിൽ നൽകുന്നതാണ്. അപ്രകാരം നൽകാൻ ആഗ്രഹിക്കുന്നവർ അത് ശേഖരിച്ച് കൊണ്ടുവരേണ്ടതാണ്.
- യൂണിറ്റുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർ എത്രയും പെട്ടെന്ന് അത് ചെയ്യുക. യൂണിറ്റ് പ്രസിഡണ്ടുമാർ വെബ് സൈറ്റ് പാസ്സ വേഡ് മേഖലാ ആനിമേറ്ററുടെ പക്കൽ നിന്ന് വാങ്ങിക്കുക.
- ജനറൽബോഡി യോഗത്തിൽ വച്ച് പ്രകാശനം ചെയ്യുന്ന മാതൃദീപ്തിയിൽ മെയ് മാസം വരെയുള്ള പ്രവർത്തന പദ്ധതികൾ കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മേഖലാ - യൂണിറ്റ് തലങ്ങളിൽ മാർഗ്ഗരേഖ തയ്യാറാക്കുക. യൂണിറ്റ് ഭാരവാഹികൾ മറ്റ് അംഗങ്ങൾക്ക് മാതൃദീപ്തി വായിക്കാനായി ഷെയർ ചെയ്യുക.

- മാതൃവേദി വാർഷികം 2021, ഡിസംബർ 5 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് ഓൺലൈനായി നടത്തുന്നതാണ്. കലാസംഗമത്തോടെ നടത്തുന്ന ഈ വാർഷികത്തിന്റെ യൂട്യൂബ് ലിങ്ക് പരമാവധി ഷെയർ ചെയ്യുകയും അംഗങ്ങളെല്ലാവരും തത്സമയം പരിപാടിയിൽ പങ്കെടുക്കുകയും ചെയ്യുക.
- ഹരിതം - അടുക്കളത്തോട്ട മത്സരത്തിന്റെ അതിരൂപതാതല വിലയിരുത്തലിന് അവസാന തീയ്യതി 2022 ഫെബ്രുവരി 25 ലേക്ക് നീട്ടിവച്ചിരിക്കുന്നു.
- അതിരൂപതാതല യൂണിറ്റ് വിഹിതം കഴിഞ്ഞവർഷത്തെ തുക തന്നെ ജനുവരി മാസത്തിനകം എല്ലാ യൂണിറ്റുകളിൽ നിന്നും ശേഖരിച്ച് അയക്കുവാൻ മേഖലാ പ്രസിഡണ്ടുമാർ ശ്രദ്ധിക്കുക.
- നല്ലയമ്മ അവാർഡ് പ്രോഗ്രാം പ്രായോഗിക ബുദ്ധിമുട്ടുകളാൽ നടത്തുന്നതല്ല എന്ന് അറിയിക്കുന്നു.

• ബിബ്ലിയ ഫാമീലിയ അവസാനത്തെ എപ്പിസോഡുകൾ ഡിസംബർ മാസത്തോടെ ലഭിക്കുന്നതാണ്. ജനുവരി മാസത്തിൽ ആദ്യത്തെ രണ്ടാഴ്ചകളിൽ (ജനുവരി 1, ജനുവരി 8) ഏതെങ്കിലും പരീക്ഷ മിസ്സ് ആയവർക്കു വേണ്ടി എക്സ്ട്രാ പരീക്ഷ നടത്തപ്പെടുന്നു. ഇതിൽ പങ്കെടുത്ത് 12 പരീക്ഷകൾ പൂർത്തിയാക്കാവുന്നതാണ്. ജനുവരി 1 ന് നടത്തപ്പെടുന്ന ആദ്യ പരീക്ഷയ്ക്ക് എപ്പിസോഡുകൾ 1–5 വരെയും ജനുവരി 8 ന് ന ട ത്ത ു ന്ന പരീക്ഷയ്ക്ക് എപ്പിസോഡുകൾ 6 – 10 വരെയുമുള്ള ചോദ്യങ്ങളാണ് ഉണ്ടായിരിക്കുക. 90 ശതമാനം മാർക്ക് ലഭിക്കുന്ന എല്ലാവർക്കും ഫൊറോനതലത്തിൽ നടത്തുന്ന എഴുത്ത് പരീക്ഷയിൽ പങ്കെടുക്കാം. കുടുംബാംഗങ്ങൾ ആരെങ്കിലും 2 പേർ എഴുത്ത് പരീക്ഷയിൽ പങ്കെടുക്കണം. അതിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 6 ടീമുകൾക്ക് മെഗാക്വിസ്സ് മത്സരത്തിലേക്ക് സെലക്ഷൻ ലഭിക്കുന്നതാണ്. പരീക്ഷാ തീയ്യതികൾ പിന്നീട് അറിയിക്കുന്നതാണ്. 60 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ 12 പരീക്ഷകൾ എഴുതിയവർക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർട്ടിഫിക്കറ്റിന് അർഹതയുണ്ട്. സർട്ടിഫിക്കറ്റ് വേണ്ടുന്നവർ 100 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് തങ്ങളുടെ ഇടവക മാതൃവേദി പ്രസിഡണ്ടുമാരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മെഗാക്വിസ്സ് മത്സരം നടക്കുന്ന ദിവസം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്.

## IV. അമല പ്രോലൈഫ്

എല്ലാ ആഴ്ചയിലും എക്സിക്യൂട്ടീവ് കൂടുകയും ഒക്ടോബർ 29 ന് പ്രോലൈഫ് സെൻട്രൽ മീറ്റിംഗ് കൂടുകയും ചെയ്തു. ജപമാല മാസമായ ഒക്ടോബർ മാസത്തിൽ വർത്തമാനകാലത്തിൽ വളരെ ശക്തമായി വ്യാപി

ച്ചുകൊണ്ടിരിക്കുന്ന സാമൂഹിക വിപത്തായ ലൗ ജിഹാദ്, നാർക്കോട്ടിക് ജിഹാദ് എന്നീ തിന്മകളിൽ അകപ്പെട്ട് ജീവിതവും ദൈവചൈതന്യവും നഷ്ട പ്പെടുത്തിയ നമ്മുടെ സഹോദരങ്ങളുടെ രക്ഷയ്ക്കുവേണ്ടി പ്രോലൈഫ് നേതൃത്വത്തിൽ രൂപതയിലെ എല്ലാ ഇടവകയിലെ അംഗങ്ങളും ഈ തിന്മ യ്ക്കെതിരെ നിയോഗം വച്ച് 1,45,000 നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി കാഴ്ച വച്ചു.

**1) സെറാഫിനസ് - ഓൺലൈൻ നഴ്സസ് സംഗമം**

അമലപ്രോലൈഫിന്റെ നേതൃത്വത്തിൽ ഭൂമിയിലെ ദൈവത്തിന്റെ കര ങ്ങളായി പ്രവർത്തിക്കുന്ന നഴ്സുമാരുടെ ഒരു ആത്മീയ കൂട്ടായ്മ രൂപീകരി ക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒക്ടോബർ 31 ന് സെറാഫിനസ് വെബി നാർ സംഘടിപ്പിക്കുകയും തൊണ്ണൂറോളം നഴ്സുമാർ സംഗമത്തിൽ പങ്കെ ടുക്കുകയും ചെയ്തു. തലശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ.ജോ സഫ് പാംപ്ലാനി വെബിനാർ ഉദ്ഘാടനം ചെയ്യുകയും, ഡോ. രജു വർഗ്ഗീസ് ക്ലാസ് നയിക്കുകയും ചെയ്തു നഴ്സുമാരുടെ ആത്മീയ ഉന്നമനത്തിനും ഒത്തുചേരലിനും വേണ്ടി കൂട്ടായ്മ രൂപീകരിക്കുകയും എല്ലാ മാസവും പ്രാർത്ഥനായോഗം നടത്തുവാനും തീരുമാനിക്കപ്പെട്ടു.

**2) റാഫ :** എം.എസ്.എം.ഐ കാവൽ പ്രോലൈഫും അമലപ്രോ ലൈഫും സിയോൺ ധ്യാന കേന്ദ്രവും സംയുക്തമായി കിടപ്പുരോഗികൾക്ക് വേണ്ടി ഓൺലൈൻ ധ്യാനം ഒക്ടോബർ 25 മുതൽ 28 വരെ നടത്തുകയു ണ്ടായി.

**3) കരുതൽ :** നവജാത ശിശുക്കളുടെ അമ്മമാർക്കായി പ്രോലൈഫിന്റെ നേതൃത്വത്തിൽ ഒക്ടോബർ 29 ന് കരുതൽ എന്ന പേരിൽ വെബിനാർ നടത്തി. ഡോ. ജോണറ്റ് മരിയ എം.എസ്.എം.ഐ ക്ലാസ് നയിച്ചു.

**4) ജീവോത്സവം :** ഡിസംബർ മാസത്തിൽ ജീവോത്സവം 2021 (വലിയ കുടുംബങ്ങളെ ആദരിക്കുന്ന ചടങ്ങ്) ഡിസംബർ മാസം 21 ന് തളി പ്പറമ്പ് വച്ചും, 22 ന് പടന്നക്കാട് വച്ചും 2 റീജിയണുകളിലായി നടത്താൻ തീരുമാനിച്ചു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

ചെമ്പേരി വിമൽ ജ്യോതിയിൽ ഈ വർഷത്തെ (2021-22) B.Tech, M.Tech, MBA അഡ്മിഷൻ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലായിരിക്കുകയാണ്. ഈ വർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിദ്യാർത്ഥികൾ നമ്മുടെ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് പിന്നിൽ സഹകരിച്ച എല്ലാവരെയും ഏറെ സ്നേഹത്തോടെ നന്ദിയോടെ അനുസ്മരിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും മതാദ്ധ്യാപകരെയും മറ്റ് അഭ്യുദയകാംക്ഷികളെയും പ്രത്യേകിച്ച് വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂഷൻ സ്റ്റാഫ് അംഗങ്ങളെയും. ഈ ദിവസങ്ങളിൽ അഡ്മിഷൻ സംബന്ധമായ എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ കോളേജുമായി ബന്ധപ്പെടേണ്ടതാണ്. അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷനുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ബി.ടെക് വിഭാഗത്തിലും എം.ബി.എ വിഭാഗത്തിലെയും എല്ലാ ബാച്ചുകളുടെയും ക്ലാസ്സുകൾ നവംബർ 15-ന് ആരംഭിച്ചു.

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ ഐ.ടി. കമ്പനിയായ TCS കാമ്പസ് റിക്രൂട്ട്മെന്റിലൂടെ വിമൽ ജ്യോതിയിൽനിന്നും 24 കുട്ടികളെ തിരഞ്ഞെടുത്തു. പ്രതിമാസം 30,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്രശസ്ത ഐ.ടി. കമ്പനിയായ WIPRO 2022 വർഷത്തിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 6 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- ECE, EEE, AEI വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന കോർ കമ്പനിയായ DIGITAL CORE TECHNOLOGIES നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റ് വർക്ഷോപ്പിൽ പങ്കെടുത്ത 3 വിദ്യാർത്ഥികളെ ഇന്റേൺഷിപ്പിനായി തിരഞ്ഞെടുത്തു. 2022 ഫെബ്രുവരിയിൽ ഒരാഴ്ച്ച ഇന്റേൺഷിപ്പ് നൽകിയ ശേഷം കുട്ടികളുടെ പ്രവർത്തനം വിലയിരുത്തി ജോലി ഓഫർ നൽകും.
- സോഫ്റ്റ്വെയർ പ്രൊഡക്ട് ഡെവലപ്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ ഐ.ടി കമ്പനിയായ QUEST GLOBAL വിമൽ ജ്യോതിയിൽ നിന്നും 3 കുട്ടികളെ തിരഞ്ഞെടുത്തു. പ്രതിമാസം 25,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- മൾട്ടിനാഷണൽ കമ്പനിയായ HITACHI SOLUTIONS നവംബർ 10-ാം തീയതി വിമൽജ്യോതിയിലെ കുട്ടികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ്

സംഘടിപ്പിച്ചു. സെലക്ഷൻ പ്രൊസസ് അടുത്തമാസം പകുതിയോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന CRONT SYSTEMS, ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന REVATURE എന്നീ കമ്പനികൾ അവസാനവർഷ വിദ്യാർത്ഥികൾക്കായി കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. ഡിസംബർ അവസാനത്തോടെ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

- വിമൽ ജ്യോതി എം.ബി.എ കോളേജിലെ 2019-21 ബാച്ചിലെ 4 കുട്ടികൾക്ക് ESAF Bank -ൽ പ്ലേസ്മെന്റ് ലഭിച്ചു. എക്സിക്യൂട്ടീവ് ട്രെയിനി ഗ്രേഡ് - ബി 1 ആയിട്ടാണ് ലഭിച്ചിരിക്കുന്നത്.
- പൂനെ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ഇൻഷുറൻസ് കമ്പനിയായ SREERAM INSURANCE നമ്മുടെ 2020-21 ബാച്ചിലെ 12 കുട്ടികളെ ഇന്റേൺഷിപ്പിനായി തിരഞ്ഞെടുത്തു.
- കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജി കൗൺസിൽ (K-DISC) വിമൽ ജ്യോതി എം.ബി.എ കോളേജിനെ അവരുടെ പാർട്ടണർ ഇൻസ്റ്റിറ്റ്യൂട്ട് ആയി തിരഞ്ഞെടുത്തിരിക്കുന്നു. കണ്ണൂർ ജില്ലയിൽ ഗവ. എൻജിനീയറിംഗ് കോളേജ് കണ്ണൂരിനും, വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിനും മാത്രമാണ് ഈ അവസരം ലഭിച്ചിരിക്കുന്നത്.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1, A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് ഡിസംബർ 1 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് പഠനസംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

## 3. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പേര് KCYM - MYSTEP എന്നാണ്. ഇതിനാവ

ശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

## 4. സാൻജോസ് പ്ലസ് വൺ / പ്ലസ് ടു (SAVE +2)

പ്ലസ് വൺ, പ്ലസ്ടുവിൽ പഠിക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, വിവിധ എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ അക്കാഡമിയിൽ 2021 നവംബർ 1 മുതൽ ആരംഭിച്ചു. ഇന്ത്യയിലെ വിവിധ കലാലയങ്ങളിലേയ്ക്ക് പ്ലസ്ടുവിന് ശേഷം നടക്കാനിരിക്കുന്ന എൻട്രൻസ് പരീക്ഷകൾക്കുവേണ്ടിയുള്ള ഒരുക്കങ്ങളാണിത്. ഇന്ത്യയിലെ പ്രധാന പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരെ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള പരിശീലനമാണിത്. കേരളത്തിലെതന്നെ ഈ രംഗത്ത് പ്രഗത്ഭരായ അക്കാഡമികളോട് കിടപിടിക്കത്തക്ക ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ബോർഡ് പരീക്ഷയിൽ ഉയർന്ന മാർക്കും കൂടാതെ NEET, JEE, KEAM, CUSAT, NDA തുടങ്ങിയ മത്സര പരീക്ഷകളിലേക്കുമുള്ള പരിശീലനങ്ങളാണ് നൽകുന്നത്. ലൈവ് ഇന്ററാക്ടീവ് ക്ലാസ്സുകളാണ് നൽകുന്നത്. Daily / Weekly / Monthly പരീക്ഷകളും റെമഡിയൽ ക്ലാസ്സുകളും നൽകുന്നതാണ്. മികച്ച സ്റ്റഡി മെറ്റീരിയലുകളും പരീക്ഷകൾക്കാവശ്യമായ ഷോർട്ട് നോട്ടുകളും ലഭ്യമാണ്. സാൻജോസ് അക്കാഡമിയുടെ പ്രത്യേക ആപ്പിലൂടെയാണ് പരിശീലനങ്ങൾ നടത്തപ്പെടുന്നത്.

## +1 Tuition + Entrance Coaching

ഈ വർഷം പ്ലസ് വൺ സയൻസ് വിഷയങ്ങൾ എടുത്ത് പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഓൺലൈനായിട്ടാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനില്ക്കുന്ന ഈ പരിശീലനമാണിത്. ആഴ്ച്ചയിൽ 15 മണിക്കൂറുകളും 350 ആകെ മണിക്കൂറുകളും നൽകുന്ന പരിശീലനമാണിത്. കോഴ്സ് ഫീസ് 7600/- രൂപ.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

മതന്യൂനപക്ഷങ്ങളുടെ ആനുകൂല്യങ്ങൾ 20:80 അനുപാതത്തിൽ നൽകുന്ന കേരള ഗവൺമെന്റിന്റെ തീരുമാനം തെറ്റാണെന്ന ഹൈക്കോടതി വീധിക്കെതിരെ കേരള ഗവണ്മെന്റ് അപ്പീൽ നൽകുന്നതിനെതിരെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നവംബർ 7ന് വഞ്ചന ദിനമായി ആചരിച്ചു. 9-10-21ന് അതിരൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ ചേർന്നു.

**ഹാർട്ട് ലിങ്ക്സ്** (നല്ല ഹൃദയങ്ങളുടെ കൂട്ടായ്മ)

നമ്മുടെ സമുദായത്തിൽ പരസ്നേഹം ആഴപ്പെടുത്തണം എന്ന ഉദ്ദേശത്തോടെയും, സമുദായ അംഗങ്ങളുടെ ആവശ്യങ്ങൾ സമുദായം തന്നെ പരിഹരിക്കണം എന്ന താൽപര്യത്തോടെയും കത്തോലിക്കാ കോൺഗ്രസിന്റെ ഒരു പുതിയ പദ്ധതി HEART LINKS എന്ന പേരിൽ ഗ്ലോബൽ തലത്തിൽ ആവിഷ്കരിക്കുകയുണ്ടായി. ആദരണീയനായ ജസ്റ്റിസ് കുര്യൻ ജോസഫാണ് ഈ പദ്ധതിയുടെ രക്ഷാധികാരി.

ഒരോ ഇടവകയിലും നല്ല ഹൃദയങ്ങളുടെ കൂട്ടായ്മ രൂപീകരിച്ച് ആ ഇടവകയിലെ സമുദായ അംഗങ്ങളെ അത്യാഹിത സന്ദർഭങ്ങളിൽ സഹായിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഒരു കുടുംബത്തിന് ഒരു ആപത്തു വന്നാൽ കത്തോലിക്കാ സമുദായം കൈത്താങ്ങായി കൂടെ ഉണ്ട് എന്ന ആത്മവിശ്വാസം പകർന്നു നൽകി സമുദായ ശാക്തീകരണം നേടിയെടുക്കുവാൻ സാധിക്കും. ഈ പുതിയ പദ്ധതിയുടെ അതിരൂപതാതല ഉദ്ഘാടനം തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് 9-11-21ന് നിർവഹിച്ചു. അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ആമുഖ പ്രഭാഷണം നടത്തി. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ട് പ്രൊഫസ്സർ ജോസുകുട്ടി ഒഴുകയിൽ മുഖ്യപ്രഭാഷണം നടത്തി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രഹാം പോണാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി.

ഹാർട്ട് ലിങ്ക്സ് അതിരൂപത കോഡിനേറ്റർമാരായ ജോർജ് വടകര സ്വാഗത പ്രഭാഷണവും ഐ സി മേരി നന്ദിയും പറഞ്ഞു. ചാക്കോച്ചൻ കരാമയിൽ, ബെന്നി പുതിയപുറം, അഡ്വക്കേറ്റ് ഷീജ സെബാസ്റ്റ്യൻ, അഡ്വക്കേറ്റ് കെ. ടി. മാർട്ടിൻ എന്നിവർ പ്രസംഗിച്ചു.

HEART LINKS തളിപ്പറമ്പ് ഫൊറോന കമ്മിറ്റി രൂപീകരണം 21-11-21ന് കണ്ണൂർ മേലെ ചൊവ്വ സെന്റ് ഫ്രാൻസിസ് പള്ളിയിൽ വച്ച് അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ നിർവഹിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

നിർമ്മലഗിരി കോളജിൽ കോളേജ് രക്ഷാധികാരിയും തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പുമായ മാർ ജോർജ് ഞറളക്കാടിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം നടത്തിയതാണ് ഈ മാസത്തെ പ്രധാന വാർത്ത. പിതാവിന്റെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ ചടങ്ങിൽ സഹജീവികളോട് സമഭാവനയോടെ പെരുമാറേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചു പിതാവ് പ്രഭാഷണം നടത്തി.

നിർമ്മലഗിരി കോളേജ് ചരിത്ര വിഭാഗം കേരളപ്പിറവിയോടനുബന്ധിച്ച് കേരള 2 K 21 എന്ന പരിപാടി നവംബർ ഒന്ന് 1.30 pm ന് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ 'കേരളചരിത്രത്തിലൂടെ' എന്ന വീഡിയോ പ്രദർശനവും തുടർന്ന് കേരള ചരിത്രത്തെ ആസ്പദമാക്കി ക്വിസ് മത്സരവും നടത്തി. സ്വാതി ബാലകൃഷ്ണൻ, ആനന്ദ് പി.ടി. & അനുശ്രീ, അമിതാലക്ഷ്മി എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. ഡിപ്പാർട്ട്മെൻറ് ഹെഡ് സി. സുജ മോൾ ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ.സിസ്റ്റർ മഞ്ജു ഒ. എസ്. സ്വാഗതവും മിസ്സിസ് രേഷ്മ ടോം ആശംസയും വിദ്യാർത്ഥി പ്രതിനിധി അമൽ മാത്യു നന്ദിയും അറിയിച്ചു. തുടർന്ന് സമ്മാനദാനവും നടത്തി.

നവംബർ 1-നു നിർമ്മലഗിരി കോളേജ് ഐക്യുഎസിയുടെ നേതൃത്വത്തിൽ ഒന്നാം വർഷ ബിരുദവിദ്യാർത്ഥികൾക്കായി നടത്തുന്ന എൻറിച്ച്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് സോഫ്റ്റ് സ്കിൽസ് എന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഉദ്ഘാടനം കണ്ണൂർ യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസിലർ ഡോ. സാബു എ നിർവഹിച്ചു. പ്രിൻസിപ്പാൾ ഡോ. കെ.വി. ഔസേപ്പച്ചൻ അധ്യക്ഷനായ ചടങ്ങിൽ കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി ആശംസയർപ്പിച്ച് സംസാരിച്ചു. ഐക്യു എസി കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ സ്വാഗതവും അസി. പ്രൊഫസർ പ്രഫുൽ വർക്കിച്ചൻ നന്ദിയും പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തിനു ശേഷം ഗ്രേറ്റ് പ്രൊഫഷണലിസം ത്രൂ ഇഫക്ടീവ് കമ്മ്യൂണിക്കേഷൻ സ്കിൽസ് എന്ന വിഷയത്തിൽ കേന്ദ്രസർവകലാശാല കാസറഗോഡ് ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസർ ഡോ. ഇഫ്ത്തിക്കർ അഹമ്മദ് ബി. ക്ലാസെടുത്തു.

നവംബർ 3 നു ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഭാഗമായി പ്രിപ്പയറിങ് ഫോർ കരീർ എൻട്രി : സ്കിൽസ് ആൻഡ് സ്ട്രാറ്റർജീസ് എന്ന വിഷയത്തിൽ ഫിസിക്സ് വിഭാഗം

അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ദീപു ജോസഫും ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച് ഓപ്പർച്യൂണിറ്റിസ് : ഇൻ ഇന്ത്യ ആൻഡ് അബ്രോഡ് എന്ന വിഷയത്തിൽ കെമിസ്ട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. നൈജിൽ തോമസും ക്ളാസുകൾ കൈകാര്യം ചെയ്തു.

നവംബർ നാലാം തിയതി നിർമലഗിരി കോളേജ് എൻ എസ് എസും മലയാളവിഭാഗവും സംയുക്തമായി മലയാളഭാഷാ വാരാചരണത്തിന്റെ ഭാഗമായി 'ഭാഷയും ജീവിതവും'എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. പ്രശസ്ത ചെറുകഥാകൃത്ത് ശിഹാബുദീൻ പൊയ്ത്തുംകടവ് വിഷയാവതരണം നടത്തി. കഥകൾ എല്ലാരുടെയും ജീവിതത്തെ തൊട്ടുനിൽക്കുന്നവയാണെന്നും വെറുപ്പിനെ സ്നേഹിക്കാതെ സ്നേഹത്തെ സ്നേഹിക്കണമെന്നും വിദ്യാർത്ഥികളോട് അദ്ദേഹം പറഞ്ഞു.പ്രോഗ്രാം ഓഫീസറും മലയാളവിഭാഗം അസി. പ്രൊഫസറുമായ ഡോ. ദീപാ മോൾ മാത്യു ചടങ്ങിൽ അധ്യക്ഷയായി. പ്രോഗ്രാം ഓഫീസർ ഡോ. ജെയ്സൺ ജോസഫ് ആശംസയർപ്പിച്ചു സംസാരിച്ചു. വോളന്റീഴ്സ് ആയ അൽഫോൻസ, റിമി ചെറിയാൻ, സ്വാതി ബാലകൃഷ്ണൻ, മിലു ഷാജി, റോസ് ജോ, കലാമയി, ശാലു ആൻ ജോർജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

അന്നേ ദിവസം തന്നെ നിർമ്മലഗിരി കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പാലത്തുവയൽ ഗവ. യു പി സ്കൂളിൽ വച്ച് കണ്ണവം പെരുവയിലെ വിദ്യാർത്ഥികൾക്കായി നവീനമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് സ്പോക്കൺ ഇംഗ്ലീഷ് ക്യാമ്പ് നടത്തി. തേവര കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഫാ. സാബു തോമസ് ക്ലാസുകൾ നയിച്ചു. സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. സത്യൻ, വാർഡ് മെമ്പർ ശ്രീ. റോയ് പൗലോസ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ സുനിൽ കുമാർ എന്നിവർ സംസാരിച്ചു. നിർമ്മലഗിരി കോളേജ് ഇംഗ്ലീഷ് വിഭാഗം അധ്യക്ഷ സിസ്റ്റർ സോണിയ, മെന്റ്റർ മോഹനൻ, കോ ഓർഡിനേറ്റർ അസി. പ്രൊഫസർ ഡോ. ദീപു തോമസ്, സ്കൂൾ പി.ടി.എ എക്സിക്യൂട്ടിവ് ശ്രീ. രാമചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.

നവംബർ 5 -ന് എൻ എസ് എസിന്റെ ആഭിമുഖ്യത്തിൽ ഫയർ & സേഫ്റ്റി പരിശീലന പരിപാടി സംഘടിപ്പിച്ചു. കൂത്തുപറമ്പ് ഫയർ & റെസ്ക്യുടീം മാനേജർ പി. ഷനിത്ത് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. എൻ.എസ് എസ്. പ്രോഗ്രാം ഓഫീസർ ഡോ. ദീപാമോൾ മാത്യു സ്വാഗതവും വോളന്റിയർ ശ്രേയ ബി. നന്ദിയും പറഞ്ഞു.

നവംബർ 8 നു വോയിസ് കൾച്ചർ; പവർഫുൾ വോയിസ് ഫോർ എഫക്ടീവ് കമ്മ്യൂണിക്കേഷൻ എന്ന വിഷയത്തിൽ പ്രൊഫ. വർഗ്ഗീസ്

പുളിക്കൽ, ഡിപ്പാർട്ടമെന്റ് ഓഫ് ജേർണലിസം, കുവെംപു യൂണിവേഴ്സിറ്റി, ഷിമോഗ, കർണാടക വിദ്യാർത്ഥികൾക്കായി ക്ലാസെടുത്തു.

നവംബർ 10 നു നിർമ്മലഗിരി എൻ എസ് എസിന്റെ ആഭിമുഖ്യത്തിൽ ക്യാൻസർ ബോധവൽക്കരണ ദിനത്തോടനുബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൽ വെബിനാർ ഉദ്ഘാടനം ചെയ്തു. മാറുന്ന ജീവിത ശൈലിയും ക്യാൻസർ രോഗവും എന്ന വിഷയത്തിൽ മലബാർ ക്യാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ലക്ചറർ ഡോ. നീതു എ. പി. സംസാരിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു അധ്യക്ഷത വഹിച്ചു. വോളന്റിയറായ സേതു ലക്ഷ്മി സ്വാഗതവും അലീന ഉലഹന്നാൻ നന്ദിയും പറഞ്ഞു. ആൽഫിൻ ബിനു അനാമികാ പ്രകാശ് എന്നിവർ പ്രസംഗിച്ചു.

12 ന് നിർമലഗിരി പൂർവ വിദ്യാർത്ഥി സംഘടനയായ എവർഗ്രീൻ സംഘടിപ്പിച്ച ഗുരു സമക്ഷം പരിപാടി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. നിർമ്മലഗിരി കോളേജ് മുൻ അധ്യാപകർ പ്രൊഫ ഡോ. ജോസഫിനെയും, പ്രൊഫ. ലൂസി ഫ്രാൻസി സിനേയും ആദരിക്കുന്ന ചടങ്ങിൽ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

നവംബർ 17 നു നിർമ്മലഗിരി കോളജിൽ കോളേജ് രക്ഷാധികാരിയും തലശ്ശേരി അതിരൂപതാ ആർച്ചുബിഷപ്പുമായ മാർ ജോർജ് ഞറളക്കാടിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം നടത്തി. സഹജീവികളോട് സമഭാവനയോടെയും സമചിത്തതയോടെയും പെരുമാറേണ്ടതിന്റെ ആവശ്യകത വളരെ വലുതാണെന്ന് അദ്ദേഹം പറഞ്ഞു. ജീവിതത്തിൽ എപ്പോഴും കൃഷിയെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. നിത്യജീവിതത്തിൽ അനുവർത്തിക്കേണ്ട പല നല്ല ശീലങ്ങളെക്കുറിച്ചും അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു. തദവസരത്തിൽ കോളേജിന്റെ നവീകരിച്ച ലൈബ്രറിയുടെ വെഞ്ചിരിപ്പു കർമ്മവും ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവഹിച്ചു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ബർസാർ ഫാ. ഷാജി തെക്കേമുറി, സ്റ്റാഫ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. സുജാ മറിയാമ്മ ജോഷ , അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അസോസിയേഷൻ പ്രസിസ ണ്ട് ശ്രി.തോമസ് എം.ജെ എന്നിവർ ആശംസകളറിയിച്ച് സംസാരിച്ചു. ജൂബിലി സ്മാരക ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിനുവേണ്ടി അധ്യാപകരും അനധ്യാപകരും സമാഹരിച്ച തുക മാർ ജോർജ് ഞറളക്കാട്ടിന് പ്രിൻസിപ്പാൽ കൈമാറി. കോളേജ് വിദ്യാർത്ഥികൾ ജൂബിലി ഗാനം ആലപിച്ചു.

കോളേജ് വൈസ് പ്രിൻസിപ്പാൾ റവ. ഡോ. ജോബി ജേക്കബ് സ്വാഗതവും. അസി. പ്രൊഫ. ശ്രീ. ജോൺസൺ ജോർജ് നന്ദിയും പറഞ്ഞു.

നവംബർ 20 നു മിനി ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ഓറിയെന്റേഷൻ പ്രോഗ്രാമിൽ ഡോ. ടി.സി. തങ്കച്ചൻ, സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, പാലാ, അധ്യാപകർക്കായി ക്ലാസെടുത്തു. പ്രിൻസിപ്പാൾ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷം വഹിച്ച യോഗത്തിൽ ഐ.ക്യൂ. എ.സി. കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, ഡോ. സെബാസ്റ്റ്യൻ ടി.കെ. എന്നിവർ സംസാരിച്ചു.

നവംബർ 22 നു നിർമ്മലഗിരി കോളജ് ഫിസിക്സ് വിഭാഗം മുൻ തലവൻ പ്രൊഫ. ജോർജ്കുട്ടി പി. കുര്യാക്കോസ് വികസിപ്പിച്ചെടുത്ത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തെ പരിചയപ്പെടുത്തുന്ന ഡെമോൺസ്ട്രേഷൻ ക്ലാസ് മിനി ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ടു. പ്രസ്തുത പരിപാടിയിൽ കോളജ് പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേഫച്ചൻ, ഐ. ക്യൂ. എ.സി. കോഓർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, എക്കണോമിക്സ് വിഭാഗം തലവൻ ഡോ.ടി. കെ. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

നവംബർ 23 നു ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കപ്പെട്ട ഓറിയെന്റേഷൻ പ്രോഗ്രാമിൽ ബിൽഡിംഗ് കോൺഫിഡൻസ് എന്ന വിഷയത്തിൽ നിർമ്മലഗിരി കോളജ് മുൻ പ്രിൻസിപ്പാൾ ഫാ. ജിയോ പുളിക്കൽ പ്രഭാഷണം നടത്തി.

**പി ആർ ഒ**

നിർമ്മലഗിരി കോളേജ്

# ഇൻഫാം വാർത്തകൾ

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ അനുദിനം വർദ്ധിക്കുകയാണ് ഉപഭോഗ വസ്തുക്കളുടെ രൂക്ഷമായ വിലക്കയറ്റം, തൊഴിലാളികളുടെ വേതന വർദ്ധന, രാസവളങ്ങളുടെ വിലക്കയറ്റവും ലഭ്യതക്കുറവും, അനുദിനമുള്ള ഡീസൽ - പെട്രോൾ വില വർദ്ധന, ഉയരുന്ന നികുതിഭാരം, സാധാരണക്കാരന്റെ നിലനില്പ് തന്നെ ചോദ്യം ചെയ്യുന്ന ജീവിത സാഹചര്യമാണുള്ളത്. നാണ്യവിളകളുടെ വിലയില്ലായ്മയും, വന്യമൃഗശല്യങ്ങളും, ബഫർ സോൺ വിഷയങ്ങളും കർഷക പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടുകയാണ്. ഈ സാഹചര്യത്തിൽ കക്ഷിരാഷ്ട്രീയത്തിനും, ജാതി മത ചിന്താഗതികൾക്കും അതീതമായി കർഷകർ സംഘടിക്കേണ്ടിയിരിക്കുന്നു. വീണ്ടും ഒരു കർഷക ശാക്തീകരണം ഇൻഫാമിന്റെ നേതൃത്വത്തിൽ ഇന്ന് ആവശ്യമായിരിക്കുന്നു. അതിനായി സംഘടനാ തലത്തിൽ എല്ലാ ഇടവകകളിലും യൂണിറ്റുകൾ ആരംഭിക്കണം. ഇനിയും ഫൊറോന കമ്മറ്റി രൂപീകരിക്കാത്തവർ എത്രയും വേഗത്തിൽ അത് ചെയ്യുമല്ലോ.

## ഇൻഫാം കാസർഗോഡ് ജില്ല നേതൃത്വ സംഗമം നടത്തി

വെള്ളരിക്കുണ്ട് വച്ച് കാസർഗോഡ് ജില്ലാ നേതൃ സംഗമം 19-11-2021 വെള്ളിയാഴ്ച, തോമാപുരം, വെള്ളരിക്കുണ്ട്, പനത്തടി, കാഞ്ഞങ്ങാട് ഫൊറോനയിലെ ഇൻഫാം യൂണിറ്റ് പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുക്കുകയും ഫൊറോന ഭാരവാഹികളെയും കാസർഗോഡ് ജില്ലാ ഭാരവാഹികളെയും തിരഞ്ഞെടുത്തു.

## ജില്ലാ ഭാരവാഹികൾ

കാസർഗോഡ് ജില്ലാ ഭാരവാഹികൾ പ്രസിഡന്റ്- ഗിരി മാത്യു തിരിതാളിൽ, വൈസ് പ്രസിഡന്റ്-അജി പൂന്തോട്ടം, സെക്രട്ടറി-ആന്റണി അത്താഴപ്പാടം, ജോയിന്റ് സെക്രട്ടറി-മാത്യു താമരശ്ശേരി, ട്രഷറർ-അപ്പച്ചൻ പുല്ലാട്ട് എന്നിവരെ തിരഞ്ഞെടുത്തു.

## കാസർഗോഡ് ജില്ലാ സമ്മേളനം

ഇൻഫാം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ജില്ലാ സമ്മേളനം അഭിവന്ദ്യ മാർ.ജോർജ്ജ് ഞരളക്കാട്ട് ഉത്ഘാടനം ചെയ്തു. ഇൻഫാം ദേശീയ ചെയർമാൻ മോൺ.ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ബഹു.ഫാ.ജോസ് തൈക്കുന്നുംപുറം സ്വാഗതവും. ബഹു .വെരി.റവ.ഫാ.ജോൺസൺ അന്ത്യാകുളം ഫാ.തോമസ് ചെരുവിൽ, അപ്പച്ചൻ പുല്ലാട്ട്, എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

**ജനം ഉണരണം ലഹരിമുക്ത കേരളത്തിനായ്**

നവംബർ 1 കേരളപ്പിറവിദിനത്തിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും, മുക്തിശ്രീയും "ജനം ഉണരണം ലഹരിമുക്ത കേരളത്തിനായ്" എന്ന പേരിൽ ബഹുജന ബോധവൽക്കരണ പരിപാടിയ്ക്ക് തലശ്ശേരിയിൽ തുടക്കം കുറിച്ചു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനവും ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷതയും വഹിച്ച സമ്മേളനത്തിൽ മോൺ. തോമസ് തൈത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. ഫാ. മാത്യു കാരിക്കൽ ആശംസയർപ്പിച്ചു.

---

പ്രസ്തുതമീറ്റിംഗിൽ അഭിവന്ദ്യ മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുകയും പനത്തടി, വെള്ളരിക്കുണ്ട്, കാഞ്ഞങ്ങാട്, തോമാപുരം ഫൊറോന പ്രസിഡന്റ്മാർ അഭിവന്ദ്യ പിതാവിനെ പൊന്നാട അണിയിച്ച് സ്നേഹാദരം അർപ്പിക്കുകയും ചെയ്തു. ഈ സമ്മേളനത്തിന് നേതൃത്വം നല്കിയ വെള്ളരിക്കുണ്ട് ഫൊറോന വികാരി വെരി. റവ. ഡോ. ജോൺസൺ അന്ത്യാകുളം അച്ചനും, ഇൻഫാം ഫൊറോന ഡയറക്ടർ മാരായ റവ. ഫാ. ജോസ് തൈക്കുന്നുംപുറം, റവ.ഫാ.ജോർജ് എളൂക്കുന്നേൽ, റവ.ഫാ.റോബിൻ ഇലവും കുന്നേൽ, റവ.ഫാ. വിപിൻ തെക്കേടം എന്നിവർക്കും ഫൊറോന ഭാരവാഹികൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഇനിയും ചില ഇടവകകളിൽ ഇൻഫാം. യൂണിറ്റ് ആരംഭിക്കാൻ ഉണ്ടല്ലോ അവരും എത്രയും വേഗം ഇൻഫാം യൂണിറ്റ് ആരംഭിക്കണം എന്ന് സ്നേഹപൂർവ്വം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

## ബഹുജന ലഹരി ബോധവൽക്കരണ പര്യടനം

ലഹരിയുടെ കെടുതികൾ സമൂഹത്തിൽ എത്തിക്കുവാൻ നടത്തിയ പര്യടനം ചെമ്പേരി, എടൂർ, ചെമ്പന്തൊട്ടി, കോട്ടൂർ, ഉളിക്കൽ, പയ്യാവൂർ, കുന്നോത്ത് എന്നിവിടങ്ങളിൽ നടന്നു. ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, സഞ്ജൻ പുന്നയ്ക്ക്ൽ, ജിൻസി കുഴിമുള്ളിൽ, ദേവസ്യ തൈപ്പറമ്പിൽ, ബിന്നി കിഴക്കേക്കര, വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ, മേരി പാലയ്ക്കലോടി എന്നിവർ നേതൃത്വം നല്കി.

**റാലിയും പൊതുസമ്മേളനവും :** ലഹരിവിരുദ്ധ പൊതുജനറാലിയും സമ്മേളനവും പെരുമ്പടവിൽ നടന്നു. ഫാ. ബിജു നെല്ലനാട്ട്, ജോസ് ചാരച്ചേരി, ആന്റണി മേൽവെട്ടം, ജെയിംസ് മൂന്നുപീടിക എന്നിവർ നേതൃത്വം നൽകി.

**ഏകദിന സെമിനാർ പ്രതീക്ഷയിൽ :** കേരളപ്പിറവി ദിനത്തിൽ പ്രതീക്ഷ മദ്യപചികിത്സാകേന്ദ്രത്തിൽവെച്ച് ലഹരിവിരുദ്ധ സെമിനാർ നടന്നു. ഫാ. മാത്യു കാരിക്കൽ സെമിനാറിന് നേതൃത്വം നല്കി.

## വള്ളിത്തോട്ടിൽ ലഹരിവിരുദ്ധ സമ്മേളനം

നവംബർ 11ന് വള്ളിത്തോട്ടിൽ ലഹരിവിരുദ്ധ സമ്മേളനം നടന്നു. മോൺ. തോമസ് തൈത്തോട്ടം, ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ, ഫാ. ഗിഫ്റ്റിൻ, ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

## കീഴ്പ്പള്ളി ടൗണിൽ പ്രതിഷേധം

മാങ്ങോട് ഇടവക യുവജനങ്ങൾ കീഴ്പ്പള്ളി ടൗണിൽ ലഹരിവിരുദ്ധ പ്രതിഷേധ സമ്മേളനം നടത്തി. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഫാ. ജോസ് പൂവന്നിക്കുന്നേൽ എന്നിവർ നേതൃത്വം നല്കി. ടൗണിൽ ഫ്ളാഷ് മോബും സംഘടിപ്പിച്ചിരുന്നു.

**അതിരൂപതാ എക്സിക്യൂട്ടീവ് :** ഡിസംബർ 7-ന് രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ അതിരൂപതാ എക്സിക്യൂട്ടീവ് സമ്മേളനം ചെമ്പേരി വിമൽജ്യോതിയിൽ വെച്ച് ചേരുന്നതാണ്.

**'കുടുംബം' 21 :** ലഹരിമുക്ത ജീവിത ശൈലിക്ക് ആക്കംകൂട്ടുവാൻ കുടംബം'21 എന്ന സായാഹ്ന കൺവെൻഷനുകൾ ഡിസംബർ 1 മുതൽ 20 വരെ നടക്കുന്നു.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

**നവംബർ**

6,13,20,27 തീയതികളിൽ കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഓൺലൈനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഓരോ ബലിയർപ്പണങ്ങൾക്കും വിവിധ സോണുകളിൽ ഉള്ളവർ നേതൃത്വം നൽകി.

OLC Deaf School MANNACKANAD

നവംബർ 12 വെള്ളിയാഴ്ച വിദ്യാർത്ഥികൾക്കായുള്ള സ്കൂൾ സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

Sign of Love

വത്തിക്കാൻ പ്രബോധനങ്ങൾ ഇന്ത്യൻ ആംഗ്യ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന്റെ ഭാഗമായി കെ സി ബി സി മാധ്യമ കമ്മീഷൻ ആരംഭിച്ചിരിക്കുന്ന സൈൻ ഓഫ് ലവ് എന്ന സംരംഭത്തിന്റെ ഉദ്ഘാടന കർമ്മത്തിൽ പങ്കുചേർന്ന് ആശംസകളർപ്പിച്ചു. കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് പ്രോജക്ട് ഉദ്ഘാടനം ചെയ്തു. ആംഗ്യഭാഷക്കാർക്ക് സഭാ പ്രബോധനങ്ങളും, വിശ്വാസപരമായ കാര്യങ്ങളും, മാർപാപ്പയുടെ സന്ദേശങ്ങളും അറിയുവാനുള്ള വഴിയാണ് ഇതിലൂടെ തുറന്നിരിക്കുന്നത്.

**ഡിസംബർ പ്രോഗ്രാം**

- 4, 11, 18 തിയ്യതികളിൽ ഓൺലൈൻ വിശുദ്ധബലികൾ.
- 19 ഞായർ ആലക്കോട് ബധിര ബൈബിൾ സമൂഹ ക്രിസ്മസ് ആഘോഷം, വിശുദ്ധ കുർബാന, കുമ്പസാരം.
- ക്രിസ്തുമസ് ഒരുക്ക ധ്യാനം-21 22 23 തീയതികളിൽ

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

**(ടി.എസ്.എസ്.എസ്.)**

## CHAI Covid-19 Grass Root Level Best Performance Award

കോവിഡ്-19 പ്രതിരോധ പ്രവർത്തനരംഗത്ത് മറ്റുള്ളവർക്കുകൂടി മാതൃകയാക്കാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിന് കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) യുടെ Covid-19 Grass Root Level Best Performance Award ലഭിച്ചിരിക്കുന്നു. മികച്ച പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിലേക്ക് എത്തിച്ചതിനും കോവിഡ് കാലത്ത് നടത്തിയ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിയതിനുമാണ് ഈ അവാർഡ് ലഭിച്ചിരിക്കുന്നത്. ഈ അവാർഡിന് പരിഗണിച്ച കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയ്ക്ക് സ്നേഹോഷ്മളമായ നന്ദിയും കടപ്പാടും അറിയിക്കുന്നു.

## TSSS വാർഷിക പൊതുയോഗം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 55-ാം വാർഷിക പൊതുയോഗം **2021 ഡിസംബർ 04 ശനിയാഴ്ച** നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. രാവിലെ 11 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയത്തിൽ വാർഷിക പൊതുയോഗം ആരംഭിക്കുകയും, ഉച്ചഭക്ഷണത്തിനുശേഷം രണ്ട് മണി മുതൽ വൈകു. 3.30 വരെ പൊതുസമ്മേളന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ബഹു. കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ പൊതുസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നു. മറ്റു വിശിഷ്ട വ്യക്തികളും സമ്മേളനത്തിൽ സംബന്ധിക്കുന്നു. എല്ലാ ആർ.സി.സി. ഭാരവാഹികളും TSSS സ്റ്റാഫ് അംഗങ്ങളും, എല്ലാ യൂണിറ്റിൽ നിന്നും പ്രസിഡണ്ട് / സെക്രട്ടറി എന്നിവർ നിർബന്ധമായും മുഴുവൻ സമയം പരിപാടിയിൽ പങ്കെടുക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദ്ദേശിച്ചിരിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും പരിപാടികൾ സംഘടിപ്പിക്കുക.

## വാർഷിക പൊതുയോഗത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾ

* യൂണിറ്റിന്റെ വാർഷിക റിപ്പോർട്ട് വിലയിരുത്തൽ
* ഏറ്റവും മികച്ച പ്രവർത്തനങ്ങൾ നടത്തിയ തെരഞ്ഞെടുക്കപ്പെട്ട GRAMIKA, MSS, CREDIT UNION യൂണിറ്റുകൾക്കുള്ള സമ്മാനവിതരണം.
* ഓരോ മേഖലയിൽ നിന്നും തെരഞ്ഞെടുത്ത മികച്ച സെക്രട്ടറിയേയും രൂപതയിലെ ഏറ്റവും മികച്ച സെക്രട്ടറിയേയും ആദരിക്കുന്നു.
* തലശ്ശേരി അതിരൂപതയിലെ ഏറ്റവും മികച്ച വൈദിക കർഷകനെ ആദരിക്കുന്നു.
* എല്ലാ മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത ഏറ്റവും മികച്ച ഓരോ കർഷകനേയും കർഷകയേയും ആദരിക്കുന്നു.
* തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2020-21 വാർഷിക റിപ്പോർട്ട് പ്രകാശനം.

വാർഷിക പൊതുയോഗം സുഗമമായ രീതിയിൽ നടത്തുന്നതിന് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സ്റ്റാഫ് അംഗങ്ങൾ എല്ലാവരും കൃത്യമായി ക്രമീകരിക്കേണ്ടതും, നിർദ്ദേശിച്ചിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്.

## നിയമ ബോധവൽക്കരണ ക്ലാസ്

ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി ചേർന്ന് കരുവഞ്ചാൽ TSSS ഗ്രാമിക അംഗങ്ങൾക്കും മാതൃവേദി അംഗങ്ങൾക്കുമായി നിയമബോധവൽക്കരണ ക്ലാസ് നടത്തി. ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറി (സബ് ജഡ്ജ്) ശ്രീ. രാമു രമേശ് ചന്ദ്രബാനു ഉദ്ഘാടനം ചെയ്തു. നിയമബോധനത്തിലൂടെ സ്ത്രീ ശാക്തീകരണം, ഗാർഹിക പീഡന നിരോധന നിയമം, പോക്സോ, സ്ത്രീ സുരക്ഷാനിയമം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിച്ചു.

## അഭിനന്ദനങ്ങൾ

കേരള വനിത ശിശുക്ഷേമ വകുപ്പിന്റെയും, നിർഭയ സെൽ & ICPS-ന്റെയും നേതൃത്വത്തിൽ കാവൽ പ്ലസ് പ്രോജക്ടിന്റെ ഭാഗമായി സംഘടിപ്പിച്ച ത്രിദിന ട്രെയിനിംഗ് പൂർത്തിയായി. കേരളത്തിലെ വിവിധ NGO-കളിൽ നിന്നുള്ള ഡയറക്ടർ / പ്രതിനിധികൾക്കായി സംസ്ഥാന നഗരിയിൽ സംഘടിപ്പിച്ച ത്രിദിന Higher Level State Holders Training പ്രോഗ്രാമിൽ **TSSS റീജിയണൽ ഡയറക്ടർ ജൂണോ വേങ്ങപറമ്പിൽ അച്ചൻ** പങ്കെടുത്തു. വിവിധ ജില്ലകളിലെ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ (DCPO) ഉൾപ്പെടെ ട്രെയിനിങ്ങിൽ പങ്കെടുക്കുകയും,

ഡോ. കവിത അവർകൾ ക്ലാസുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കാവൽ പ്ലസ് പ്രൊജക്ടിന്റെ പ്രവർത്തനങ്ങൾ ജില്ലയിൽ മികച്ച രീതിയിൽ നടത്തുന്നതിനായി പരിശീലനം പൂർത്തിയാക്കിയ പ്രിയപ്പെട്ട ജൂണോ അച്ചന് **അഭിനന്ദനങ്ങൾ...**

TSSS ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതി മികച്ച രീതിയിലും സുതാര്യതയോടെയും കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനായി മികവുറ്റ പ്രവർത്തനങ്ങൾ നടത്തി മുന്നേറിക്കൊണ്ടിരിക്കുന്നു. അതിന്റെ ആദ്യപടിയായി സ്വന്തമായി IRDA ലൈസൻസ് സ്വന്തമാക്കുക എന്നതാണ്. **TSSS റീജിയണൽ ഡയറക്ടർ സെബാസ്റ്റ്യൻ പൊടിമറ്റം അച്ചൻ** വളരെ ഉത്സാഹത്തോടെ IRDA ലൈസൻസിനുള്ള പരീക്ഷയെ അഭിമുഖീകരിക്കുകയും മികച്ച രീതിയിൽതന്നെ വിജയം കരസ്ഥമാക്കുകയും ചെയ്തിരിക്കുകയാണ്. പ്രിയപ്പെട്ട സെബാസ്റ്റ്യൻ പൊടിമറ്റം അച്ചന് **അഭിനന്ദനങ്ങൾ...**

## TSSS ആശാകിരണം ആരോഗ്യ ഇൻഷൂറൻസിൽ അംഗമാവാൻ സാധിക്കാത്തവർക്ക് വീണ്ടും അവസരം.

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസുമായി സഹകരിച്ച് നടപ്പാക്കിയ ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നിരവധി പേർക്ക് ആശ്വാസകരമായിരിക്കുകയാണ്. മറ്റുള്ള ഇൻഷൂറൻസ് പോളിസികളിൽ നിന്നും വ്യത്യസ്ഥമായി വളരെ ചെറിയ തുക മാത്രം മുടക്കി ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്ന ഈ കാരുണ്യപദ്ധതി TSSS-ന്റെ വളരെ നാളത്തെ പരിശ്രമംകൊണ്ടുമാത്രം നടപ്പിലായതാണ്. ഈ പദ്ധതിയിലൂടെ ഒരു കോടി രൂപയിൽപരം ഇതിനകം വിതരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഏതൊരു ചികിത്സയ്ക്കും (ഉപാധികളോടെ) വളരെ ലളിതമായ രീതിയിൽ ഇതിന്റെ ആനുകൂല്യങ്ങൾ വാങ്ങിച്ചെടുക്കാൻ സാധിക്കുന്നു എന്നത് ഈ പോളിസിയുടെ മാത്രം പ്രത്യേകതയാണ്. സാധാരണക്കാർക്ക് മെഡിക്കൽ ബില്ലുകളടച്ച് ജീവിതം ദുരിതപൂർണ്ണമാവാതിരിക്കുവാൻ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ആശാകിരണം ഇൻഷൂറൻസ് പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുകയാണ്.

വ്യക്തികളും സംഘടനകളും പാവപ്പെട്ടവർക്കായി ആശാകിരണം ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിലൂടെ 2805/- രൂപ മുടക്കിയാൽ ഒരു ലക്ഷം രൂപവരെ കവറേജ് ലഭിക്കുന്നതുവഴി ഈ നന്മ നിറഞ്ഞ ജീവകാരുണ്യ പ്രവർത്തിയിൽ പങ്കാളികളാകാം. ഇത്രയേറെ ആനുകൂല്യങ്ങൾ മറ്റേതൊരു

ഇൻഷൂറൻസ് പദ്ധതികൾ വഴിയും ലഭ്യമാകാത്തിനാലും, നേരത്തേ ആരംഭിച്ചിരുന്ന ആശാകിരണം ആരോഗ്യ ഇൻഷൂറൻസുകൾ വളരെ പെട്ടെന്നുതന്നെ കംപ്ലീറ്റ് ആയതിനാലും, പുതിയ ഇൻഷൂറൻസിൽ അംഗങ്ങളാകേണ്ടിവരും, നേരത്തേ അംഗങ്ങളായവർക്ക് ഇൻഷൂറൻസ് പുതുക്കുന്നതിനും എത്രയും വേഗം അതാത് മേഖലാ-യൂണിറ്റ് ഭാരവാഹികൾ മുഖേന പേരുകൾ നൽകേണ്ടതാണ്. ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ എല്ലാ മേഖലാ-യൂണിറ്റ് ഭാരവാഹികളുടേയും സഹകരണം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് :** തോമസ് ജോൺ +919496564290, ആന്റണി +919745468837

## കോവിഡ് പ്രതിരോധ കിറ്റുകളുടെ വിതരണം നടത്തി

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾക്കിടയിൽ ഇറങ്ങി പ്രവർത്തിക്കുന്ന SuDHIR പ്രൊജക്ട് വോളണ്ടിയേഴ്സിന് ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഉപയോഗിക്കേണ്ട അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ കിറ്റുകൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസിൽവച്ച് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ കൈമാറി.

## ജൽ ജീവൻ മിഷൻ പദ്ധതി

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിൽ വരുത്തിയ ജൽ ജീവൻ മിഷൻ പദ്ധതിയുടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പദ്ധതി നിർവ്വഹണ സഹായ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ട തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നുവരുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ചെറുപുഴ, ചപ്പാരപ്പടവ്, ഉദയഗിരി, ആലക്കോട്, കള്ളാർ, പനത്തടി എന്നീ ആറ് പഞ്ചായത്തുകളിലാണ് പദ്ധതി നിർവ്വഹണ സഹായ ഏജൻസിയായി TSSS-നെ തെരഞ്ഞെടുത്തിരിക്കുന്നത്.

## ഗൂഗിൾമീറ്റ് സംഘടിപ്പിച്ചു

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ റീജിയണൽ ഡയറക്ടറച്ചന്മാർ, യൂണിറ്റ് ഭാരവാഹികൾ, സ്റ്റാഫ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഗൂഗിൾമീറ്റ് സംഘടിപ്പിച്ചു. വാർഷിക പൊതുയോഗം, മറ്റു വിവിധ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ആശയവിനിമയം നടത്തുകയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിയ വിവിധ പദ്ധതികൾ വിലയിരുത്തുകയും ചെയ്തു.

## ഡോക്യുമെന്ററി

ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തി വരുന്ന കാൻസർ ഡിറ്റക്ഷൻ സെന്ററുകളെ ഉൾപ്പെടുത്തി കാരിത്താസ് ഇന്ത്യ ഡോക്യുമെന്ററി തയ്യാറാക്കി. കാരിത്താസ് ഇന്ത്യയുടെ കേന്ദ്ര-സംസ്ഥാന ഇൻചാർജർമാരായ അബീഷ്, ഫെലിക്സ് കുമാർ, മിനു എന്നിവർ സെന്ററുകൾ സന്ദർശിക്കുകയും ഡോക്യുമെന്ററി ചിത്രീകരിക്കുകയും ചെയ്തു.

## ഡിസാസ്റ്റർ റിക്സ് റിഡക്ഷൻ ട്രെയിനിംഗ്

കാരിത്താസ് ഇന്ത്യ ആലപ്പുഴയിൽ വച്ച് നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (DRR) ട്രെയിനിംഗിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രൊജക്ട് കോർഡിനേറ്റർ ശ്രീ. തോമസ് ജോൺ, പ്രോഗ്രാം മാനേജർ ശ്രീ. ടോമി മാത്യു എന്നിവർ പങ്കെടുത്തു. ദുരന്തമുഖത്ത് ശരിയായ രീതിയിൽ എങ്ങനെ പ്രവർത്തിക്കാം അപകടത്തിൽപ്പെട്ടവരെ എങ്ങനെ സുരക്ഷിതരാക്കാം തുടങ്ങി അത്യാവശ്യഘട്ടങ്ങളിലെ ജീവൻരക്ഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ട്രെയിനിംങ് വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിനന്ദനങ്ങൾ.

**കാൻസർ പരിശോധനാക്യാമ്പുകൾ :** തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ സൗജന്യ പരിശോധന നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ ചിറ്റാരിക്കാൽ, ആലക്കോട്, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിൽ നടത്തുന്നതായിരിക്കും.

## ജെ.എൽ.ജി. ഗ്രൂപ്പുകളുടെ രൂപീകരണം

കണ്ണൂർ ജില്ലയിലെ വിവിധയിടങ്ങളിലായി തൊണ്ണൂറിലധികം ജെ.എൽ.ജി. ഗ്രൂപ്പുകൾ രൂപീകരിച്ചു. കാർഷിക സംബന്ധമായ ജോലികൾ ആരംഭിക്കുന്നതിനും കൃഷി ചെയ്യുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കാനും പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായാണ് അഞ്ചുപേരടങ്ങുന്ന ജെ.എൽ.ജി. ഗ്രൂപ്പുകൾ ആരംഭിച്ചത്. ഈ ഗ്രൂപ്പുകൾ വഴി കുറഞ്ഞ നിരക്കിൽ ലോണുകൾ നൽകി വരുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഒക്ടോബർ 2021

23 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ച കഴിഞ്ഞ് 2 മണിക്ക് ചെമ്പന്തൊട്ടി സെന്റ് ജോർജ് യുപിസ്കൂൾ കെട്ടിടം വെഞ്ചരിച്ചു. 4.30 ന് ചെമ്പന്തൊട്ടി ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടന്ന ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസ് സന്ദർശിച്ചു.

24 രാവിലെ കാഞ്ഞിരടുക്കം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. കാരക്കാട്ട് ദീപു അച്ചന്റെ മാതാപിതാക്കളെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് കാലിച്ചാനടുക്കം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. കാലിച്ചാനടുക്കത്ത് സ്വഭവനത്തിൽ വിശ്രമിക്കുന്ന ജോൺ വടക്കുംമൂലയിലച്ചനെ സന്ദർശിച്ചു.

25 രാവിലെ ചായോത്ത് ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കാലിച്ചാമരം, നെല്ലിയടുക്കം ഇടവകകൾ സന്ദർശിച്ചു. ഉച്ചക്ക് പടന്നക്കാട് ഇടവക സന്ദർശിച്ചു. വൈകുന്നേരം 5 മണിക്ക് പൊയ്നാച്ചി പള്ളിയിൽ വി. ബലിയർപ്പിച്ചു.

26 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

27രാവിലെ 9.30 മണിക്ക് കുന്നോത്ത് കർഷക കിസാൻ സംഘിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു. തുടർന്ന് 11 മണിക്ക് വെളിമാനം ഇടവകയിൽ മുള്ളൻകുഴി നിധീഷിന്റെ അഞ്ചാമത്തെ കുട്ടിക്ക് മാമ്മോദീസ നല്കി. വൈകുന്നേരം 6 മണിക്ക് കരുവഞ്ചാൽ ശാന്തിഭവനിൽ വി. ബലിയർപ്പിച്ച് ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

28 രാവിലെ 10 മണിക്ക് തലശ്ശേരി ചേറ്റംകുന്നിൽ എസ്എബിഎസ് കോൺഗ്രിഗേഷന്റെ പുതിയ മഠം വെഞ്ചരിച്ച് ചാപ്പൽ കൂദാശചെയ്തു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. 7 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

29 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് സീറോ മലബാർ വൊക്കേഷൻ കമ്മീഷന്റെ ഓൺലൈനിലൂടെ നടന്ന മീറ്റിങ്ങിൽ പങ്കെടുത്തു.

30 രാവിലെ 9 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

31 ഉച്ചകഴിഞ്ഞ് 4 മണിക്ക് ഗൂഡല്ലൂർ ഇടവകയിൽ കുട്ടികളുടെ ആഘോഷപൂർവ്വമായ ആദ്യകുർബ്ബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു.

## നവംബർ 2021

1–4 വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

05 രാവിലെ 11 മണിക്ക് ഡൽഹിയിൽ സ്ഥിരം സിനഡ് അംഗങ്ങൾക്കൊപ്പം വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ലിയോപോൾഡോ ജിറല്ലിയെ സന്ദർശിച്ചു.

06 രാവിലെ 6.45 ന് കണിച്ചാർ ഇടവകയിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് എസ്എബിഎസ് കോൺവെന്റും ശിശുഭവനും സന്ദർശിച്ചു.

വൈകുന്നേരം 4 മണിക്ക് പയ്യന്നൂർ ഇടവകയിൽ പുഞ്ചക്കുന്നേൽ ജോസ്‌വിൻ റെനി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

07 രാവിലെ 7 മണിക്ക് കൊളക്കാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് പുതിയതായി നിർമ്മിച്ച സൺഡേ സ്കൂൾ കെട്ടിടം വെഞ്ചരിച്ചു. ഉച്ചക്ക് മാഹിയിൽ ദീപിക സ്റ്റാഫ് നവാസ് മേത്തറുടെ ഭവനം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

08 രാവിലെ 10.30 ന് കോഴിക്കോട് പ്രസന്റേഷൻ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം 6 മണിക്ക് കോഴിക്കോട് എം.എസ്.ജെ. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

09 രാവിലെ 9.30ന് കൂത്തുപറമ്പ നിർമ്മലഗിരിയിൽ എസ്എബിഎസ് ജനറലേറ്റിന്റെ പുതിയമഠം വെഞ്ചരിച്ച് ചാപ്പൽ കൂദാശ ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 രാവിലെ 10.30ന് പരിയാരം സ്നേഹഗിരി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് മാട്ടറ ഇടവകയിൽ ബഹു. ഇളംതുരുത്തിപടവിൽ മാത്യു അച്ചന്റെ അമ്മയുടെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

11. ഉച്ചക്ക് ഭദ്രാവതി രൂപതയിലെ അകമ്പെ എംസിബിഎസ് ആശ്രമം സന്ദർശിച്ചു. തുടർന്ന് റിപ്പൺപേട്ട് ഇടവക സന്ദർശിച്ചു.

വൈകുന്നേരം 6 മണിക്ക് ആശ്രമം സന്ദർശിച്ചു. സാഗർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

12. രാവിലെ 7 മണിക്ക് സാഗർ എഫ്സിസി മഠത്തിൽ വി.ബലിയർപ്പിച്ചു. തുടർന്ന് ഗാഡികുപ്പ എംസിബിഎസ് റീജിയണൽ ഹൗസ് സന്ദർശിച്ചു. ഉച്ചക്ക് എസ്.എച്ച്. കോൺവെന്റ് സന്ദർശിച്ചു. വൈകുന്നേരം മുത്തിന ഹൊപ്പ ഇടവക സന്ദർശിച്ചു.

13 രാവിലെ മുത്തിനഹൊപ്പ ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഷെട്ടി കൊപ്പ ഇടവകയും തിരുഹൃദയ മഠവും സന്ദർശിച്ചു. ഉച്ചക്ക് മാക്കോട് ഇടവകയും തിരുഹൃദയ മഠവും സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് എൻആർപുര അൽഫോൻസഭവനും പുഷ്പ ഹോസ്പിറ്റലും സന്ദർശിച്ചു. തുടർന്ന് എൻആർപുര ഇടവകയും നോർബട്ടൈൻസ് ഐടിഐയും കർമ്മ ലീത്താ മഠവും സന്ദർശിച്ചു. വൈകുന്നേരം ഉമ്പളബായ്‌ലു ഇടവക സന്ദർശിച്ചു. തുടർന്ന് 7 മണിക്ക് ഭദ്രാവതി രൂപതാകാര്യാലയത്തിൽ നടന്ന ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

14 രാവിലെ 7.30ന് ഷിമോഗ സെന്റ് ജോസഫ്സ് ഇടവകയിൽ വി. ബലി യർപ്പിച്ചു. തുടർന്ന് നടന്ന ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

15 രാവിലെ 10.30 ന് ഉദയഗിരി ഇടവകയിൽ അരിവിളഞ്ഞപൊയിൽ ഇടവ കാംഗം ഓലിക്കരോട്ട് അബിൻ-അമേയ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാകാര്യാലയത്തിൽ നടന്ന ബയോമൗണ്ടൻ ഡയറക്ടർ ബോർഡ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

16 രാവിലെ 10.30ന് കോഴിക്കോട് എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം 5 മണിക്ക് കോഴിക്കോട് സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ചു.

17 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. 10 മണിക്ക് നിർമ്മലഗിരി കോളേജിൽ നടന്ന ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 4 മണിക്ക് ഓൺലൈനിലൂടെ നടന്ന സിബിസിഐ ഭാരവാഹികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം 6.30 ന് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ നടന്ന ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

18 രാവിലെ 9 മണിക്ക് ചെമ്പന്തൊട്ടി ഇടവകയിൽ ഡീക്കൻ സാവിയോ കരിങ്ങടയിൽ ഒഎഫ്എം-ന് തിരുപ്പട്ടം നല്കി. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിൽ നടന്ന ജൂബിലി-ഹോം ഡേ ആഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

19 രാവിലെ 6.30 ന് മൈനർ സെമിനാരിയിൽ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് 11.30-ന് വെള്ളരിക്കുണ്ട് ഇടവകയിൽ പുതിയതായി നിർമ്മിക്കുന്ന യുപി സ്കൂളിന് തറക്കല്ലിട്ടു. തുടർന്ന് 12 മണിക്ക് വെള്ളരിക്കുണ്ടിൽ നടന്ന ഇൻഫാം കാസർഗോഡ് ജില്ലാ നേതൃസംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് മാവുള്ളാൽ സെൻ്റ് ജൂഡ് തീർത്ഥാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

20 രാവിലെ ജോസ്മൗണ്ട് ഇടവകയിൽ ഡീക്കൻ സോയൂസ് മംഗലത്തിൽ ഒഎഫ്എം-ന് തിരുപ്പട്ടം നല്കി. തുടർന്ന് ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിങ് കോളേജ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് പുലിക്കുരുമ്പ ഇടവകയിൽ മുണ്ടോളിക്കൽ ജോണച്ചൻ്റെ മാതാപിതാക്കളെ സന്ദർശിച്ചു. 3 മണിക്ക് നവീകരിച്ച പുലിക്കുരുമ്പ സെൻ്റ് അഗസ്റ്റിൻ ദൈവാലയം കൂദാശചെയ്തു. രാത്രി 9 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയാ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

21 രാവിലെ 6.30 ന് കണ്ണൂർ എഫ്സിസി പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് 11.30 ന് പെരുമ്പുന്ന പ്രസന്റേഷൻ മഠത്തിൽ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

22 രാവിലെ 9 മണിക്ക് കുന്നോത്ത് ഇടവകയിൽ ഡീക്കൻ ഷിൻ്റോ വട്ടപ്പാറ ഒഎഫ്എം-ന് തിരുപ്പട്ടം നല്കി. വൈകുന്നേരം മാനന്തവാടി വിൻസെൻ്റ്ഗിരി പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

23 രാവില 11 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടന്ന ഹെൽത്ത് കമ്മീഷൻ സെക്രട്ടറി സൈമൺ പള്ളുപ്പേട്ട അച്ചൻ്റെ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

24 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11.30ന് തലശ്ശേരി ട്രെയ്ക്സിൽ നടന്ന ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന വൈദികരെ അനുമോദിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

◈ ◈ ◈ ◈ ◈

# Programme of the Archbishop
## MAR GEORGE NJARALAKATT

**DECEMBER 2021**

| | | | |
|---|---|---|---|
| 01 | | - | Belthangady |
| 02 | | - | Cherupuzha |
| 03 | | - | Visitors day |
| 04 | 10.00 am | - | Sandhesabhavan - Alpha Institute Convocation |
| | 04.00 pm | - | Kanichar Sisubhavan- Holy Qurbana |
| 05 | | - | Arattuthara |
| 06 | | - | Kakkanad - Catechism Directors' meet |
| 7-9 | | - | KCBC |
| 11 | 10.00 am | - | Thaliparamba-Mathruvedhi General body |
| | 04.30 pm | - | Chengome - Holy Qurbana |
| 12 | | - | Pastoral visit - Vennakkallu |
| 15 | | - | Visitors day |
| 16 | | - | Priests & sisters day |
| 18 | 11.00 am | - | Santhibhavan Karuvanchal |
| | 04.00 pm | - | Manjalampuram |
| 19 | | - | Pastoral visit - Kottoor |
| 20 | | - | Occupied |
| 21 | 10.00 am | - | Thaliparamba - Jeevolsavam |
| | 03.00 pm | - | Chempanthotty - Mukthisree anniversary |
| 22 | 10.00 am | - | Padannakkad - Jeevolsavam |
| 23 | | - | Visitors day |

| | | | |
|---|---|---|---|
| 25 | | - | Cathedral Thalassery |
| 26 | | - | Nilambur |
| 27 | 09.00 am | - | Ordination MCBS - Nellippara |
| 28 | 09.00 am | - | Ordination – Paduppu |
| 29 | 09.30 am | - | Ordination – Kunnumkai |
| | 02.30 pm | - | Ordination MCBS- Puncha |
| 30 | 09.00 am | - | Ordination – Manikkadavu |
| | 04.00 pm | - | Nadavayal |
| 31 | 09.00 am | - | Ordination OCarm- Chemperi |
| | 04.00 pm | - | Vembua |

**JANUARY 2022**

| | | | |
|---|---|---|---|
| 01-02 | | - | Pala |
| 03 | 09.00 am | - | Ordination – Edoor |
| | 04.00 pm | - | Jubilee – MSMI Pariyaram |
| 04 | 09.00 am | - | Ordination - Anamanjal |
| 05 | 09.00 am | - | Ordination - Randamkadavu |
| 06 | | - | Alattil |
| 07-15 | | - | Synod |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഒക്ടോബർ 2021

27 രാവിലെ 7 മണിക്ക് പേരാവൂർ ഇടവകയിൽ മാണിക്കത്താഴെ ജോസഫച്ചന്റെ ഒന്നാം ചരമ വാർഷികത്തിൽ വി. ബലിയർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം 6 മണിക്ക് കരുവഞ്ചാൽ ശാന്തിഭവനിൽ നടന്ന മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

28 രാവിലെ 10.30ന് പുറവയൽ ഇടവകയിൽ ശ്രീ സണ്ണി ജോസഫ് എംഎൽഎയുടെ മാതാവ് റോസക്കുട്ടി വടക്കേക്കുന്നേലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നെല്ലിക്കാംപൊയിൽ സിഎംസി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. ഉച്ചക്ക് ചേറ്റംകുന്നിൽ എസ്എബിഎസ് സന്യാസസമൂഹത്തിന്റെ പുതിയ മഠം സന്ദർശിച്ചു.

30 തലശ്ശേരി കത്തീഡ്രൽ അങ്കണത്തിൽ നടന്ന മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

31 പാലാവയൽ ഇടവകയിൽ നിര്യാതയായ മോണിക്ക കവിയിൽകളപ്പുരയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

### നവംബർ 2021

04 കണ്ണൂർ എംഎസ്എംഐ സാൻജോസ് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന നവസന്യാസിനിമാരുടെ സഭാവസ്ത്രസ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

07 ദീപികയുടെ സ്റ്റാഫ് നവാസ് മേത്തറുടെ ഭവനം സന്ദർശിച്ചു.

11 10 മണിക്ക് മാട്ടറ ഇടവകയിൽ ബഹു. ഇളംതുരുത്തിപ്പടവിൽ മാത്യു അച്ചന്റെ മാതാവ് ഏലിയാമ്മ ഇളംതുരുത്തിപ്പടവിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

19 നിർമ്മലഗിരി ഇടവകയിൽ നിര്യാതനായ പ്രൊഫസർ കോട്ടയിൽ കുര്യാക്കോസ് സാറിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

20 വൈകുന്നേരം 4 മണിക്ക് ആര്യപറമ്പ ഇടവകയിൽ നിര്യാതനായ മാത്യു മാണിക്കത്താഴെയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

21 രാവിലെ 10.30ന് കൂത്തുപറമ്പ് CIMHANS ഇൻസ്റ്റിറ്റ്യൂട്ടിൽ വി. ബലിയർപ്പിച്ചു.

22 കോഴിക്കോട് ജസ്യൂട്ട് ഹൗസിൽ നിര്യാതനായ സിറിയക് കുളിരാനിയച്ചന്റെ വിയോഗത്തിൽ ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് മേരിക്കുന്ന് പ്രീസ്റ്റ്ഹോമും എംഎസ്ജെ പ്രൊവിൻഷ്യൽ ഹൗസും സന്ദർശിച്ചു.

23 ഉച്ചകഴിഞ്ഞ് 3 മണിക്ക് പുലിക്കുരുമ്പ ഇടവകയിൽ ഇടവകയുടെ സുവർണ്ണ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് മുൻകാല കൈക്കാരന്മാരെയും വിവാഹ ജൂബിലിയാഘോഷിക്കുന്നവരെയും ആദരിക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് മൂഴിയിൽ കുടുംബത്തെ സന്ദർശിച്ചു.

24 ഉച്ചക്ക് തലശ്ശേരി ട്രെയിക്സിൽ നടന്ന ഞറളക്കാട്ട് പിതാവിന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം അരമനയിൽ നടന്ന പൗരോഹിത്യ രജത ജൂബിലിയാഘോഷിക്കുന്ന വൈദികരുടെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

◈ ◈ ◈ ◈ ◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഒക്ടോബർ 2021

23 രാവിലെ 9.30 ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തന വിലയിരുത്തൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. 10.45-ന് പൈസക്കരി ഇടവകയിൽ ജോയൽ തൊട്ടിയിലിന്റെ വിവാഹം ആശീർവദിച്ചു. തുടർന്ന് പൈസക്കരി ഇടവകയിൽ നിര്യാതയായ നിരപ്പേൽ മറിയത്തിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടന്ന മാതൃവേദി സംഘടനയുടെ അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് കണ്ണൂർ മിംസ് ഹോസ്പിറ്റലിൽ ഒപ്പറേഷനു വിധേയനായ ജെയിംസ് ആനക്കല്ലിലച്ചനെ സന്ദർശിച്ചു. തുടർന്ന് 6.30ന് ജപമാല വാരാചരണത്തോടനുബന്ധിച്ച് സന്ദേശ ഭവനിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

24 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് 'വോയ്സ് ഓഫ് നൺസ്' ഗ്രൂപ്പിലെ അംഗങ്ങൾക്ക് ക്ലാസ്സെടുത്തു. 8 മണിക്ക് സന്ദേശഭവനിൽ ജർമ്മൻ ഭാഷ പഠിക്കുന്ന കുട്ടികളുടെ യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. തുടർന്ന് 9 മണിക്ക് ഓൺലൈനിലൂടെ നടന്ന എഡ്യൂക്കേഷൻ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

25 രാവിലെ 10 മണിക്ക് നിർമ്മലഗിരി കോളേജിലെ ഒന്നാം വർഷക്കാരുടെ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. 11 മണിക്ക് പൊന്ന്യം പ്രതീക്ഷയിൽ നടന്ന കെസിബിസി മദ്യവിരുദ്ധസമിതിയുടെ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു. തുടർന്ന് അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് നെല്ലിക്കാംപൊയിൽ സിഎംസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദ ദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വൈകുന്നേരം 8 മണിക്ക് അതിരൂ

പതാ കാര്യാലയത്തിൽ ബ്രദർ സന്തോഷ് കരുമാത്രയുമായി കൂടിക്കാഴ്ച നടത്തി. 9 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോ മലബാർ സഭ പബ്ലിക്ക് അഫയേഴ്സ് കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. 9.30 ന് അതിരൂപതാ കാര്യാലയത്തിൽ നടന്ന മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷകമ്മിറ്റി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

26 പാലക്കാട് ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദ ദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

27 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ ഹോസ്പിറ്റലും ശാന്തിഭവനും സന്ദർശിച്ചു. വൈകുന്നേരംശ്രീ സണ്ണി ജോസഫ് എംഎൽഎയുടെ അമ്മ റോസക്കുട്ടി വടക്കേക്കുന്നേലിന്റെ നിര്യാണത്തിൽ പുറവയലിലെ ഭവനത്തിലെത്തി ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് 9 മണിക്ക് ഓൺലൈനിലൂടെ നടന്ന കെസിബിസി മീഡിയാ കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

28 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11 മണിക്ക് മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് അതിരൂപതാ കാര്യാലയത്തിൽ പത്രസമ്മേളനം നടത്തി. ഉച്ചക്ക് ചേറ്റംകുന്നിൽ പുതിയതായി നിർമ്മിച്ച എസ്എബിഎസ് കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. വൈകുന്നേരം 5 മണിക്ക് ഓൺലൈനിലൂടെ നടന്ന സീറോമലബാർ മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

30 തലശ്ശേരി കത്തീഡ്രലിൽ നടന്ന മാർ ജോർജ് ഞറളക്കാട്ട് പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം കൊടുത്തു.
വൈകുന്നേരം 4 മണിക്ക് സിന്യൂസ് ഭരണസമിതി മീറ്റിങ്ങിൽ പങ്കെടുത്തു.

31 രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ കെസിവൈഎം പ്രവർത്തന വർഷം ഉദ്ഘാടനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 4 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനിലൂടെ നടത്തിയ നേഴ്സുമാരുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 6 മണിക്ക്

സിംഗപ്പൂർ സീറോ മലബാർ ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റിക്കുവേണ്ടി ജപമാല മാസ സമാപനത്തോടനുബന്ധിച്ച് ക്ലാസ്സെടുത്തു.

## നവംബർ 2021

01 രാവിലെ 6.30ന് പൊന്ന്യം പ്രതീക്ഷ സെന്ററിൽ വി. ബലിയർപ്പിച്ചു. 9 മണിക്ക് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ മദർ സുപ്പീരിയർമാർക്ക് ക്ലാസ്സെടുത്തു.

2-3 വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

3 വൈകുന്നേരം 6.30 ന് ഭദ്രാവതി രൂപതയിലെ പാസറ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഓൺലൈനിലൂടെ ക്ലാസ്സെടുത്തു.

05 രാജ്കോട്ട് രൂപതയിലെ സുരേന്ദ്രനഗർ ജില്ലയിലെ മിഷൻ സെന്ററുകളായ ലിംബിഡി, പർണ്ണാല, നാനികട്ടേച്ചി, തോക്കറാല എന്നിവ സന്ദർശിച്ചു.

06 രാജ്കോട്ട് രൂപതയുടെ കച്ച് ജില്ലയിലെ മിഷൻ സെന്ററുകളായ ബച്ചാവോ, ബുജ്, കച്ച് വികാസ് ട്രസ്റ്റ്, ഗാന്ധിധാം, ലോധിക എന്നിവയും മിത്താണ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസും സന്ദർശിച്ചു.

07 രാവിലെ രാജ്കോട്ട് കത്തീഡ്രൽ ദൈവാലയത്തിൽ വി.ബലിയർപ്പിച്ചു. തുടർന്ന് രാജ്കോട്ട് രൂപതയുടെ സ്ഥാപനങ്ങളായ ക്രൈസ്റ്റ് സ്കൂൾ, ക്രൈസ്റ്റ് ഹോസ്പിറ്റൽ, എംബിഎ കോളേജ് എന്നിവ സന്ദർശിച്ചു.തുടർന്ന് സിഎംഐ സഭയുടെ സെന്റ് പോൾസ് സെന്ററും സന്ദർശിച്ചു.

7-12 രാജ്കോട്ട് രൂപതയിലെ വൈദികർക്ക് വാർഷികധ്യാനം നടത്തി.

13 പരിയാരം മദർഹോമിൽ ഏകദിന ധ്യാനത്തോടനുബന്ധിച്ച് വചനപ്രഘോഷണം നടത്തി. ഉച്ചകഴിഞ്ഞ് 2 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടന്ന കെസിവൈഎം മേഖലാ ഡയറക്ടർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

4 മണിക്ക് എകെസിസിയുടെ ആഭിമുഖ്യത്തിൽ നടന്ന ഹാർട്ട് ലിങ്സ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

14 രാവിലെ 10 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസി അവാർഡ് ദാനചടങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2.30ന് ഏഷ്യൻ യൂത്ത് കോൺഫറൻസിന്റെ ഓൺലൈനിലൂടെ നടന്ന സമ്മേളനത്തിൽ ക്ലാസ്സെടുത്തു.

15 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ബയോ മൗണ്ടൻ ഡയറക്ടർ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

16 രാവിലെ 9 മണിക്ക് കുന്നുംകൈ ഇടവകയിൽ ഡീക്കൻ ടിൻസൺ കാനാട്ട് ഒഎഫ്എം ന് തിരുപ്പട്ടം നല്കി. 12 മണിക്ക് തിരുമേനി ഇടവകയിൽ അഞ്ചാമത്തെ കുട്ടിയായ ഇരുപ്പുകാട്ടിൽ തെരേസിനും മുളപ്ര ഇടവകാംഗം പാറേക്കാട്ടിൽ അന്നയ്ക്കും മാമ്മോദിസ നല്കി. തുടർന്ന് വിൻസെന്റ് ഡി പോൾ സംഘടനയുടെ ആഭിമുഖ്യത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച ഭവനം വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് മണ്ഡപം ഇടവകയിൽ ഡീക്കൻ കൊച്ചീലാത്ത് ലിന്റോ ഒഎഫ്എം ന് തിരുപ്പട്ടം നല്കി. വൈകുന്നേരം കാഞ്ഞങ്ങാട് ഹോസ്പിറ്റലിൽ ഓപ്പറേഷനു വിധേയയായ വള്ളിമല അച്ചന്റെ അമ്മയെ സന്ദർശിച്ചു. തുടർന്ന് പടന്നക്കാട് ബിഷപ്സ് ഹൗസ് സന്ദർശിച്ചു.

17 രാവിലെ 9 മണിക്ക് ബളാൽ ഇടവകയിൽ ഡീക്കൻ മണക്കാട്ട് ജെർസൺ ഒഎഫ്എം-ന് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് 2.30 ന് കൊന്നക്കാട് ഇടവകയിൽ ഡീക്കൻ പീടികപറമ്പിൽ സെബാസ്റ്റ്യൻ ഒഎഫ്എം ന് തിരുപ്പട്ടം നല്കി. തുടർന്ന് 5 മണിക്ക് പരപ്പ ഇടവകയിൽ നടന്ന ബാച്ച് ഗാതറിങ്ങിൽ പങ്കെടുത്തു.

18 രാവിലെ 11 മണിക്ക് തലശ്ശേരി ഇന്ദിരാഗാന്ധി ഹോസ്പിറ്റലിൽ പുതിയതായി സ്ഥാപിച്ച ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്തു.

19 രാവിലെ 10 മണിക്ക് തളിപ്പറമ്പ് മലനാട് ടിടിസി കോളേജിൽ നടന്ന ഭരണസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ പുതിയതായി നിർമ്മിച്ച് കമ്പ്യൂട്ടർ ലാബ് വെഞ്ചരിച്ചു. 3 മണിക്ക് പുതിയതായി നിർമ്മിച്ച അങ്ങാടിക്കടവ് സേക്രട്ട്ഹാർട്ട് ഹൈസ്കൂൾ വെഞ്ചരിച്ചു.

20 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 2.30ന് മേലെചൊവ്വ ഇടവകയിൽ ഡീക്കൻ അരുൺ പുത്തൻപുരയിൽ ഒഎഫ്എം ന് തിരുപ്പട്ടം നല്കി. രാത്രി 9 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയാ മീറ്റിങ്ങിൽ പങ്കെടുത്തു.

21 രാവിലെ 9 മണിക്ക് പാലാ സിഎംസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാനചടങ്ങ് ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ഉച്ചകഴിഞ്ഞ് എറണാകുളം സിഎംസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന

ചടങ്ങ് ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. തുടർന്ന് ആലുവ സിഎസ്ടി സെമിനാരി സന്ദർശിച്ചു.

22 രാവിലെ തൃശ്ശൂർ മണ്ണംപേട്ട സി.എസ്.എം. ജനറലേറ്റിൽ വി.ബലിയർപ്പിച്ചു. 8.30 ന് അവിടെ ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. തുടർന്ന് 11 മണിക്ക് മൗണ്ട് സെന്റ് തോമസിൽ നടന്ന ജസ്റ്റിസ് കോശി കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് വൈപ്പിൻ, ചേറായി സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ ഉള്ളാട്ടിക്കുളം വർഗ്ഗീസ്, പാംപ്ലാനിയിൽ റോസ് എന്നിവർ തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

23. രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ഓൺലൈനിലൂടെ നടന്ന ജീസസ് യൂത്ത് മീറ്റിങ്ങിൽ ക്ലാസ്സെടുത്തു. 4 മണിക്ക് ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിലെ വൈദികർക്ക് മാസധ്യാനത്തിൽ വചനം പങ്കുവച്ചു.

24 രാവിലെ 11 മണിക്ക് തളിപ്പറമ്പ് മലനാട് ടിടിസി കോളേജ് പ്രിൻസിപ്പാൾ വാസുദേവൻ നമ്പൂതിരി സാറിന്റെ നിര്യാണത്തിൽ പറശ്ശിനിക്കടവുള്ള ഭവനത്തിലെത്തി അനുശോചനം രേഖപ്പെടുത്തി. ഉച്ചക്ക് 12 മണിക്ക് ജോസ്ഗിരി എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. ക്രെസൻഷ്യ എസ്എബിഎസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരുപത കാര്യാലയത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന വൈദികരുടെ സമ്മേളനത്തിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു.

◈◈◈◈

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

**DECEMBER 2021**

| | | | |
|---|---|---|---|
| 1-3 | | - | Annual Retreat -Mangalore Diocesan priests |
| 04 | | - | Alpha Institute Convocation - Sandhesabhavan |
| 05 | | - | Kalanki |
| 06 | | - | Family Apostolate Governing body - Sandhesabhavan |
| 07-09 | | - | KCBC |
| 11 | | - | Peravoor |
| 12-17 | | - | Annual Retreat - Mangalore Diocesan priests |
| 18 | | - | Iritty |
| 25 | | - | Mundanoor |
| 26 | | - | Kamballur |
| 27 | 09.00 am | - | Ordination - Areeckamala |
| 28 | 09.00 am | - | Ordination - Konnakkad |
| 29 | 09.00 am | - | Ordination - Thomapuram |
| | 02.30 pm | - | Ordination - Chunkakunnu |
| 30 | 09.00 am | - | Ordination - Nirmalagiri |
| 31 | 09.00 am | - | Ordination - Marakkadavu |

**Secretary to the Auxiliary Bishop**

◈ ◈ ◈ ◈ ◈



2021 നവംബർ 20 ന്
അഭിവന്ദ്യ മാർ ജോർജ്
ഞാറളക്കാട്ട് പിതാവ്
കൂദാശ ചെയ്ത
പുലിക്കുരുമ്പ
സെന്റ് അഗസ്റ്റിൻ
ദൈവാലയം



ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്
പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീമംഗങ്ങൾ

RNI Reg. No. *5910/18* Date of Publication: *28/11/2021*

**Registered KL/TLY/20/19-21**

Licensed to post without prepayment of postage

No. KL/PMG/NR/WPP/2/TLY/2019-21




Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.